Date of publication : 1 മാർച്ച് 2021
വോള്യം 18/ലക്കം 11
ISSN 2319-9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# വൈകാരിക ഹിംസ

## മനുഷ്യപ്പറ്റുള്ള ഒരു
# ഗോൾഡ് ലോൺ
## കെ എസ് എഫ് ഇ
# ഗോൾഡ് ലോൺ

KSFE

(ഒരു കേരള സർക്കാർ സ്ഥാപനം)




# സംഘടിത

സംഘടിത/മാർച്ച് 2021/ വോള്യം 18/ലക്കം 11


വൈകാരികം കൂടിയായ ഹിംസകൾ
കെ.എ.ബീന 6

ഉരുക്കങ്ങളിൽ നിന്നുയിർക്കേണ്ടവർ
തസ്മിൻ 10

വൈകാരിക പീഡനം എങ്ങനെ
തിരിച്ചറിയാം? പരിഹാരമെന്ത്?
വാണിദേവി 13

വിഷമയമാകുന്ന ക്ലാസ് മുറികൾ
ഡോ.വി. ബിന്ദു 18

മാധ്യമങ്ങളിലെ ഭാഷാഹിംസ
അപർണ വിശ്വനാഥൻ 21

പീഡനത്തിന്റെ ഭാഷ
മായാലീല 22

ഒളിച്ചിരിക്കുന്ന പെൺമനസ്സ്
അനീസ ഇക്ബാൽ 25

തളർന്നു വീഴാതെ
ബിനു ആനമങ്ങാട് 27

ഒറ്റനടത്തം
കവിത /തസ്മിൻ 31

സ്ത്രീ സംവരണമെന്ന അവകാശം
ഉപ്പും മുളകും/ഗീത 32

'കൂട്ടിലടക്കപ്പെട്ട പക്ഷിയെ കുറിച്ച് നിനക്കെന്തറിയാം...?
കവിത /ഷബ്ന ഷെറിൻ 33

വൈകാരിക അവസ്ഥയുടെ മുതലെടുപ്പ്
പ്രമീള പി. 34

ചിന്ന വീട്
കവിത /അനീസ ഇഖ്ബാൽ 35

പുരുഷനിർമ്മിത ഫെമിനിസത്തിന്റെ സദാചാരപാഠങ്ങൾ
പഠനം /അഞ്ജലി മോഹൻ എം.ആർ. 36

നിയമസഭാ തെരഞ്ഞെടുപ്പ് - ചില വെല്ലുവിളികൾ
പെൺപക്ഷം /അജിത കെ. 41

പ്രമാദമായ ഒരു കേസിന്റെ വിധി
എലിസബത്ത് സി.എസ്. 42

പറയൂ, ഏത് വീട്ടിലേക്ക് പോകണം?
പി.ഇ. ഉഷ 44

പ്രണയം- ജീവിതം, ജീവിതം- പ്രണയം 45
വാസ്തവം/ഡോ.ജാൻസി ജോസ്

കവി
കവിത /പ്രിയ കെ. 46

താരയുടെ ജ്ഞാനസ്നാനം
വഴിത്താരകൾ/ജാനകി 47

പെർസിവിയറൻസ് ദൗത്യത്തിൽ അഭിമാനമായി
സ്വാതി മോഹൻ 49
ശാസ്ത്രം / സീമ ശ്രീലയം


## ഫോട്ടോഫീച്ചർ : വൈകാരിക ഹിംസയെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ

**എഡിറ്റർ** : ഡോ.ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ** : കെ.അജിത **ഗസ്റ്റ് എഡിറ്റർ** : **കെ.എ.ബീന**
**പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ. പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്, ഡോ. അമീറ വി.യു., ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖവുര



ഷീബ കെ.എം.

മാർച്ച് 8 ന് മറ്റൊരു വനിതാദിനം കൂടി വന്നെത്തുകയാണ്. 1908 ൽ ന്യൂയോർക്കിലെ വസ്ത്രവ്യവസായ മേഖലയിൽ ജോലി ചെയ്തിരുന്ന സ്ത്രീകൾ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾക്കും കൂലിവർദ്ധനവിനും വേണ്ടി സമരം ചെയ്ത് തെരുവിലിറങ്ങിയതിന്റെ ഓർമ്മപുതുക്കലാണീ ദിവസം. വർദ്ധിതമുതലാളിത്ത പിടിമുറുക്കങ്ങളിൽ നാൾക്കുനാൾ ഭീഷണമായിക്കൊണ്ടിരിക്കുന്ന നമ്മുടെ ജീവിതത്തിന് ഊർജ്ജപ്രേരകങ്ങളാകട്ടെ ഈ ഓർമ്മകൾ!

കർഷകസമരം മാധ്യമദൃഷ്ടിയിൽ നിന്ന് മാഞ്ഞു /ച്ചു കൊണ്ടിരിക്കുന്നു. പ്രതിപക്ഷ ശബ്ദങ്ങൾ ഒന്നൊന്നായി നിശ്ശബ്ദമാക്കപ്പെടുന്നു. ഈ അധികാരദുർവാഴ്ചയുടെ സൂചകമായി ദിശ രവി എന്ന പരിസ്ഥിതിപ്രവർത്തകയായ വിദ്യാർത്ഥിയെ അറസ്റ്റ് ചെയ്തത് തീർത്തും ലജ്ജാവഹവും അപലപനീയവുമാണ്. അതും ഗ്രെറ്റ തൻബർഗിനെപ്പോലുള്ള ഉശിരുള്ള യുവപോരാളിക്ക് പ്രതിഷേധമറിയിക്കാൻ വഴിയൊരുക്കിയെന്ന ആരോപണത്തിന്റെ പേരിൽ. 21 വയസ്സുള്ള വിദ്യാർത്ഥികളുടെ പോലും പ്രതിഷേധത്തെ ഭയക്കുന്ന, ഹാസ്യകലാകാരൻമാരെ തുറങ്കിലടയ്ക്കുന്ന ഭരണകൂടനടപടികൾ ഇന്ത്യയെ ഒരു തകർന്ന ജനാധിപത്യമായി പ്രഖ്യാപിക്കാൻ പ്രേരിപ്പിക്കുന്നു. 1968 ൽ ലോകമെമ്പാടും ഭരണകൂട അടിച്ചമർത്തലുകൾക്കെതിരെ ഉയിർക്കൊണ്ട പ്രക്ഷോഭങ്ങളുടെ ആഹ്വാനങ്ങളാണ് ഈ കാലം ആവശ്യപ്പെടുന്ന മറുപടിയായി ഓർമ്മയിലെത്തുന്നത്.

ഉന്നാവോയിൽ ഹിംസാചരിത്രം ആവർത്തിച്ചിരിക്കുന്നു. പ്രായപൂർത്തിയെത്താത്ത മൂന്ന് ദലിത് പെൺകുട്ടികളെ കുടിവെള്ളത്തിൽ കീടനാശിനി കലർത്തി കൊല്ലാനുള്ള ശ്രമത്തിനൊടുവിൽ അവരിൽ രണ്ടു പേർ മരണമടഞ്ഞു. ദലിത് ജീവിതങ്ങളും മരണങ്ങളും മാധ്യമ / പൊതുബോധ പരിഗണനയിൽ നിന്നുപോലും പുറത്താണ് എന്നത് രോഷജനകമായ വസ്തുതയാണ്.

അടിച്ചമർത്തലുകളുടെയും പീഡിതാവസ്ഥകളുടെയും ഇരുളിൽ നീതിയുടെ പ്രകാശപ്രത്യാശയാണ് വിതുര സ്ത്രീപീഡനകേസ്സിൽ അടുത്തിടെ പുറത്തുവന്ന കോടതിവിധി. കുറ്റം ചുമത്തപ്പെട്ട പ്രതികളിൽ പലരും രക്ഷപ്പെട്ടെങ്കിലും ഒരാളെങ്കിലും ശിക്ഷിക്കപ്പെട്ടു എന്നത് ആശ്വാസകരമാണ്. ഇരയാക്കപ്പെട്ടവളുടെ ആയുസ്സിന്റെ നീണ്ട ഇരുപത്തഞ്ച് വർഷങ്ങളാണ് നീതിയും കാത്ത് കടന്നുപോയത് !

ആശ്വാസകരവും പ്രത്യാശാനിർഭരവുമായ മറ്റൊരു കോടതിവിധി കൂടി വന്നു. പ്രമുഖ മാധ്യമപ്രവർത്തകനും മുൻ കേന്ദ്രമന്ത്രിയുമായിരുന്ന എം.ജെ. അക്ബർ തനിക്കെതിരെ 'മീറ്റൂ' ലൈംഗികപീഡനാരോപണം ഉന്നയിച്ച മാധ്യമപ്രവർത്തക പ്രിയ രമണിക്കെതിരെ നൽകിയ മാനനഷ്ട കേസ്സ് തള്ളിക്കൊണ്ട് ദില്ലി ഹൈക്കോടതി പുറപ്പെടുവിച്ച സുപ്രധാന വിധിയാണിത്. എത്ര കാലതാമസം കഴിഞ്ഞും ഇരയാക്കപ്പെട്ട ഒരുവൾക്ക് പരാതി നൽകാമെന്നും ഇത്തരം പീഡനങ്ങളാണ് തൊഴിൽമേഖലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഇരുപത്തഞ്ച് ശതമാനം മാത്രമായി ചുരുങ്ങുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നെന്നും ഈയവസരത്തിൽ ന്യായാധിപൻ നിരീക്ഷിച്ചത് നിർണ്ണായകമാണ്.

ആഹ്ളാദകരമായ രണ്ട് വാർത്തകൾ കഴിഞ്ഞ ദിവസങ്ങളിൽ നമ്മെ തേടി വന്നു. ഇതിൽ ആദ്യത്തേത് നാസയുടെ ചൊവ്വാ പര്യവേക്ഷണ വാഹനമായ പേസിവ്യേറൺസ് ചൊവ്വ സ്പർശിച്ചതായി പ്രഖ്യാപിച്ചത് ബഹിരാകാശ ശാസ്ത്രജ്ഞസംഘത്തിൽ സജീവസാന്നിധ്യമായ സ്വാതി മോഹൻ ആയിരുന്നു എന്നതാണ്. മറ്റൊന്ന് സാറ അൽ അമീറിയുടെ നേതൃത്വത്തിൽ യു.എ.ഇ. യുടെ ബഹിരാകാശ മിഷൻ ചൊവ്വ പര്യവേക്ഷണപദ്ധതി ആരംഭിച്ചു എന്നതാണ്. കാലങ്ങളായി ശാസ്ത്രലോകത്തു നിന്ന് സ്ത്രീകളെ മാറ്റിനിർത്തുകയും അവരുടെ സംഭാവനകളെ തമസ്ക്കരിക്കുകയും ചെയ്ത ചരിത്രത്തിന്റെ തിരുത്തിക്കുറിക്കലായി ഇവയെ കാണാം.

രണ്ടു നൂറ്റാണ്ടായി സ്ത്രീവാദസിദ്ധാന്തങ്ങൾ സ്ത്രീകളനുഭവിക്കുന്ന പീഡനങ്ങളെയും ചൂഷണങ്ങളെയും വിശകലനം ചെയ്യുകയും അവയെ ചെറുക്കാനുള്ള മാർഗ്ഗങ്ങൾ ആരായുകയും ചെയ്തു പോന്നിട്ടുണ്ട്. ശാരീരിക ഹിംസകളാണ് ഏറെയും ശ്രദ്ധിക്കപ്പെട്ടത് എന്നത് ഈയവസരത്തിൽ ഓർക്കേണ്ടതാണ്. എന്നാൽ പ്രകടമല്ലാത്തതും നിശ്ശബ്ദവുമായ വൈകാരിക അദ്ധ്വാനവും വൈകാരിക ഹിംസയും പലപ്പോഴും അവഗണിക്കപ്പെട്ടിരുന്നു. പുരുഷാധിപത്യത്തിന്റെ മൂല്യവ്യവസ്ഥയെ സഹിച്ചും, ന്യായീകരിച്ചും , പിൻതാങ്ങിയും അതിൽ ആനന്ദം നടിച്ചുമൊക്കെ ആൺകോയ്മാവ്യവസ്ഥയെ താങ്ങിനിർത്തുന്ന സുപ്രധാന വൈകാരിക അദ്ധ്വാനമാണിതെന്ന് ഈ അവസ്ഥയെ സിദ്ധാന്തവൽക്കരിച്ച ആർളി ഹോത്ഷ് ചൈൽഡ് അഭിപ്രായപ്പെടുന്നുണ്ട്. 'സ്ത്രൈണ ഒതുക്കങ്ങളിൽ' പെരുമാറാനും തൊഴിൽ മേഖലയിൽ പോലും ലിംഗപദവിയുടെ വാർപ്പുമാതൃകകൾക്കനുസൃതമായി വൈകാരികമായി പെരുമാറാനുമുള്ള നിർബന്ധങ്ങൾ ഇതിൽ പെടുന്നു. മറ്റൊരു തലം വൈകാരിക ഹിംസയുടേതാണ്. പരിഹസിച്ചും , ശകാരിച്ചും , പേടിപ്പിച്ചും , ഭീഷണിപ്പെടുത്തിയും , ബ്ലാക്ക്മെയിൽ ചെയ്തും , ആത്മവിശ്വാസം തകർത്തും, കുറ്റപ്പെടുത്തിയും സ്ത്രീകളെ ആണധികാരവ്യവസ്ഥയിൽ കീഴ്പ്പെടുത്തുന്ന ഹിംസയാണിത്. സാമാന്യജീവിതത്തിൽ വ്യക്തികൾ തമ്മിലുള്ള ഇടപെടലുകളുടെ സാധാരണത്വം കല്പിച്ച് തള്ളിക്കളയുന്ന ഈ പ്രവൃത്തികൾ കുറ്റകരമായ അതിക്രമപ്രവൃത്തികൾ തന്നെ എന്ന് അംഗീകരിക്കപ്പെടേണ്ടതുണ്ട്. കെ.എ.ബീന അതിഥിപത്രാധിപയായി വൈകാരികഹിംസ ചർച്ച ചെയ്യുന്ന ഈ ലക്കം നമ്മുടെ അതിജീവനത്തിനായി തിരിച്ചറിവിന്റെ പാത തുറക്കുമെന്ന പ്രതീക്ഷയിൽ സമർപ്പിക്കുന്നു. എല്ലാവർക്കും അന്താരാഷ്ട്ര വനിതാദിന ആശംസകൾ!

■

## അതിഥിപത്രാധിപക്കുറിപ്പ്



**കെ.എ.ബീന**
എഴുത്തുകാരി, പത്രപ്രവർത്തക

# വൈകാരികം കൂടിയായ ഹിംസകൾ

വാക്ക് ആകാശവും കുളിർകാറ്റും കളകളം ഒഴുകുന്ന പുഴയും ഒക്കെയാണ് . നോക്ക് സർവ്വ സങ്കടങ്ങളും ആവാഹിക്കാൻ പ്രാപ്തിയുള്ള സിദ്ധൗഷധമാണ്. ഇതേ വാക്കും നോക്കും നിമിഷാർദ്ധത്തിൽ ദഹിപ്പിക്കാൻ പോന്ന അഗ്നിയും ആണ്. മനുഷ്യൻ മനുഷ്യനെ ദഹിപ്പിക്കുന്ന ആ അഗ്നിയെ പുതിയകാല പേരിട്ട് വിളിക്കുന്നത് വൈകാരിക പീഡനം/ഹിംസ എന്നാണ്. ശാരീരിക ആക്രമണങ്ങൾക്ക് പുറത്ത് ഒരു മനുഷ്യജീവിയെ പൂർണ്ണമായി തന്നെ തകർക്കാൻ കെൽപ്പുള്ള പ്രതിഭാസമാണിത്. ആരോഗ്യകരമായ ഏതൊരു ബന്ധവും നിലനിൽക്കുന്നത് ശക്തമായ വൈകാരികമായ അടിത്തറയിലാണ്. സ്നേഹവും സൗഹൃദവും ഇഴചേർന്ന ബന്ധങ്ങളുടെ മനോഹരിത മാനവികതയ്ക്ക് മാറ്റുകൂട്ടുന്നു. എന്നാൽ പലപ്പോഴും ബന്ധങ്ങളിലെ വൈകാരികമായ അടിത്തറകൾ ദുഷ്ടവാക്കിന്റെയും ദുർനോക്കിന്റെയും തീക്ഷ്ണതയിൽ ഇളകി തകരുന്നത് കാണാൻ ഇടവരുന്നു. ഈ കോവിഡ് കാലത്ത് ലോകം വീട്ടിനുള്ളിൽ ഒതുങ്ങുമ്പോൾ ദുർബലരായ സ്ത്രീകളും കുഞ്ഞുങ്ങളും വൈകാരിക പീഡനങ്ങളാൽ ശ്വാസം മുട്ടിക്കഴിയുന്ന കഥകൾ ധാരാളം കേൾക്കുന്നു. ആത്മഹത്യയിൽ അഭയം തേടുന്നവർ അനുദിനം വർദ്ധിക്കുന്നു. ഫോൺ കോളുകളിൽ ഭയന്നു വിറയ്ക്കുന്ന ശബ്ദങ്ങൾ പറയാൻ ശ്രമിക്കുന്നു ‘നോവുന്നു, വല്ലാതെ നോവുന്നു‘... നോവുന്നത് മനസ്സാണ്, നോവിക്കുന്നത് പ്രിയമുള്ളവർ തന്നെയാണ്. പേടിപ്പിച്ചു പീഡിപ്പിക്കുന്ന, ആത്മാഭിമാനത്തെ പൂർണമായും തകർക്കുന്ന ആ പീഡനം അനുഭവിക്കുന്നവർ പലരും അത് പീഡനമാണെന്ന് കൂടി തിരിച്ചറിയുന്നില്ല എന്നതാണ് സത്യം. വീടുകളിൽ വിദ്യാലയങ്ങളിൽ തൊഴിലിടങ്ങളിൽ പൊതുവിടങ്ങളിൽ ഏറ്റവും പുതിയ കാലത്ത് സമൂഹമാധ്യമങ്ങളിൽ ഒക്കെ മനുഷ്യൻ മനുഷ്യനെ പേടിപ്പിച്ചും ഭീഷണിപ്പെടുത്തിയും ഇകഴ്ത്തിയും ഇടിച്ചു താഴ്ത്തിയും വൈകാരിക പീഡനം നടത്തിക്കൊണ്ടേയിരിക്കുന്നു. മറ്റൊരാളെ പേടിപ്പെടുത്തി കാര്യങ്ങൾ നേടുന്നത്, എപ്പോഴും വിമർശിക്കുന്നത്, അപമാനിക്കുന്നത്, കുറ്റപ്പെടുത്തുന്നത് എന്നുവേണ്ട പല രീതിയിൽ വൈകാരികമായി പീഡിപ്പിക്കാൻ കഴിയും എന്ന് മനസ്സിലാക്കുന്ന കാലത്തിലാണ് നാം. ശാരീരികമായ പീഡനങ്ങളെക്കുറിച്ച് വ്യാകുലപ്പെടുമ്പോഴും ഉള്ളിൽ ആഴത്തിൽ മുറിവുകൾ ഉണ്ടാക്കുന്ന വൈകാരികമായ പീഡനങ്ങളെ ഈ അടുത്ത കാലം വരെ അത്ര ഗൗരവമായി എടുത്തിരുന്നില്ല എന്നതാണ് സത്യം. ഏതുതരം പീഡനവും മനുഷ്യവിരുദ്ധമാണെന്നിരിക്കെ തെളിവുകൾ പോലും അവശേഷിപ്പിക്കാത്ത വൈകാരിക പീഡനത്തെ വേണ്ടവിധത്തിൽ അറിയാനും പ്രതിവിധികൾ തേടാനും കഴിയുന്നുണ്ടോ എന്നത് പ്രധാനമാണ്. ‘ഗ്രേറ്റ് ഇന്ത്യൻ കിച്ചണിൽ’ സൂരജ് വെഞ്ഞാറമൂടിന്റെ ഭർത്താവ് കഥാപാത്രം നിമിഷ സജയന്റെ ഭാര്യാ കഥാപാത്രത്തോട് പറയുന്ന വാക്കുകൾ വൈകാരിക പീഡനത്തിന്റെ തീവ്രമായ ഉദാഹരണങ്ങളാണ്. സ്ത്രീകൾ എങ്ങനെയായിരിക്കണമെന്ന് ഓരോ തലമുറയും കൈമാറുന്ന ധാരണകൾ വൈകാരികമായി ഊട്ടിയുറപ്പിക്കപ്പെടുകയാണ്. സിനിമയും സീരിയലുകളും പരസ്യങ്ങളും സമൂഹമാധ്യമങ്ങളും എല്ലാം നൽകുന്നത് സ്ത്രീ എങ്ങനെയാകണമെന്ന സന്ദേശങ്ങളാണ് . പുരുഷാധിപത്യത്തിന്റെ മതിൽക്കെട്ടുകൾക്കകത്ത് നിന്ന് പുറത്തുകടക്കാൻ ഒരു പഴുതും കൊടുക്കാതെ അടക്കവുമൊതുക്കവുമുള്ളവരായി ജീവിക്കാൻ പാകത്തിൽ വളർത്തുന്നതിൽ ഇത്തരം പൊതുഇടങ്ങൾ നടത്തുന്ന വൈകാരിക ചൂഷണം വളരെ വലുതാണ് .40 വർഷങ്ങൾ നിരന്തരമായി വൈകാരികമായി ഹിംസിക്കപ്പെട്ടിട്ടും തിരിച്ചറിയാൻ കഴിയാതെ തന്റെ ജീവിതത്തിന് ഇതെന്തുപറ്റി? എന്ന സന്ദേഹിക്കുന്ന ഒരു സ്ത്രീയെ ഈയിടെയും കണ്ടു. അനുഭവിക്കുന്ന ആളുടെ ഉള്ളിൽ മാത്രം മുറിവുകൾ ഉണ്ടാക്കുന്ന അതിക്രമങ്ങളെക്കുറിച്ച് അറിയാനും സംസാരിക്കാനും സമയമായി എന്നതാണ് ഈ ലക്കം സംഘടിതയിൽ ഈ വിഷയം ചർച്ചയ്ക്ക് എടുക്കുന്നതിന് പ്രേരണയായത്. വീട്ടിലും പുറത്തും വിദ്യാലയങ്ങളിലും ഒക്കെ നടക്കുന്ന വൈകാരിക പീഡനങ്ങളെക്കുറിച്ച് വിവിധ മേഖലകളിലുള്ളവർ ഈ ലക്കത്തിൽ എഴുതിയിട്ടുണ്ട്. വാക്കുകൾ കൊണ്ട് ജീവിതത്തെ മുറിച്ചു തള്ളാൻ തയ്യാറല്ല എന്ന് ഓരോ സ്ത്രീയും തീരുമാനിക്കേണ്ട കാലത്തിലേക്ക് നമുക്ക് കടന്നുചെല്ലാം.



കെ.എ.ബീന
എഴുത്തുകാരി, പത്രപ്രവർത്തക

# വാക്ക് വാൾ ആകുമ്പോൾ

നിമിഷ എന്ന 12 വയസ്സുകാരി പെൺകുട്ടി പാൽ കുടിച്ചുകൊണ്ടേയിരുന്നു. എത്ര പാൽ കുടിച്ചിട്ടും അവൾ വെളുക്കുന്നതേയില്ല എന്ന് അമ്മ ഓരോ ദിവസവും പറയുകയും ചെയ്തു. ഒടുവിൽ നിമിഷ മരണത്തിലേക്ക് നടന്നുചെന്നു, അമ്മൂമ്മയുടെ മരുന്നുപെട്ടിയിലെ ഗുളികകൾ മുഴുവൻ അവൾ കഴിച്ചത് ഒരു കപ്പ് പാൽ കുടിച്ചു കൊണ്ടാണ്. മാനസികാഘാതം താങ്ങാനാകാതെ അമ്മയെ ചികിത്സയ്ക്കെത്തിച്ചു. മനോരോഗവിദഗ്ധന് കാര്യം പെട്ടെന്ന് മനസ്സിലായി. കറുത്ത നിറമുള്ള നിമിഷയെ ഓരോ പാൽകപ്പിലൂടെയും അമ്മ വൈകാരികമായി തളർത്തുകയായിരുന്നുവെന്ന്. ഇമോഷണൽ അബ്യൂസ് എന്ന് ഇംഗ്ലീഷിൽ പേരിട്ടുവിളിക്കുന്ന മാനസികമായ അടിച്ചമർത്തൽ, പീഡനം എന്ന വാക്കിനു അർത്ഥവ്യാപ്തി ഉണ്ടായിരിക്കുന്ന പുതിയ കാലത്ത് വൈകാരിക പീഡനം എന്നും പറയാം.

മറ്റു പീഡനങ്ങളെ അപേക്ഷിച്ച് വാക്കുകൾ കൊണ്ട് മുറിവേൽപ്പിക്കുമ്പോൾ അത് ചെയ്യുന്ന ആളോ, അനുഭവിക്കുന്ന ആളോ അറിയുന്നില്ല എത്ര കൊടിയ ആഘാതങ്ങളാണ് അവയ്ക്ക് സൃഷ്ടിക്കാനാവുന്നതെന്ന്!

നിമിഷയുടെ വെളുത്ത അമ്മയ്ക്ക് കറുത്ത നിറമുള്ള മകൾ ഉണ്ടാക്കിയ അപകർഷതാബോധത്തിനൊപ്പം മകളെ പാൽ കുടിപ്പിക്കാനുള്ള എളുപ്പമാർഗ്ഗം കൂടിയായിരുന്നു അവളോട് നിരന്തരം ഉരുവിട്ടിരുന്ന വാക്കുകൾ. ഓരോ അമ്മയും അച്ഛനും എന്തിന് സുഹൃത്തും ശത്രുവും ഇങ്ങനെ വാക്പീഡനങ്ങൾ വഴി അന്യോന്യം തളർത്തുന്നു.

പ്രിയപ്പെട്ടവർ സ്നേഹത്തിലായാലും ദേഷ്യത്തിലായാലും പറയുന്ന വാക്കുകൾ മനസ്സിൽ ഒരുപാട് ചലനങ്ങളുണ്ടാക്കുമെന്നതിന് സംശയമേ വേണ്ട, കുട്ടികളിൽ പ്രത്യേകിച്ചും. എത്രയെത്ര പ്രതീക്ഷക



ളാണ് കുട്ടികളിൽ നിന്ന് തല്ലിക്കൊഴിക്കപ്പെടുന്നത്!

മഞ്ജുളയുടെ ജീവിതം മഞ്ഞു പോലെ പൊടിഞ്ഞു പോകുന്നത് കണ്ടു നിൽക്കാനാവുന്നില്ലെന്ന് അവളുടെ അമ്മ നിറകണ്ണുകളോടെ നിരന്തരം പറഞ്ഞു കൊണ്ടേയിരിക്കുന്നു. മിടുക്കിയായിരുന്നു അവൾ..പഠിക്കാൻ, പാട്ടു പാടാൻ, നൃത്തം ചെയ്യാൻ....കുസൃതിയുടെയും സന്തോഷത്തിന്റെയും പ്രതിരൂപമായിരുന്ന മഞ്ജുള വിവാഹത്തോടെ നിശ്ശബ്ദയായി...അവളുടെ ഭർത്താവ് തന്റെ സ്ത്രീ സങ്കല്പം കൃത്യമായി പ്രഖ്യപിച്ചിരുന്നു, വീട്ടിനുള്ളിൽ ഒതുങ്ങേണ്ടവളാണ് സ്ത്രീ.. ഭർത്താവിന്റെയും മക്കളുടെയും കാര്യങ്ങൾ നോക്കുകയാണ് സ്ത്രീയുടെ കർത്തവ്യം. ഉച്ചത്തിൽ അധികാരപൂർവ്വം അയാൾ പറഞ്ഞു കൊണ്ടേയിരുന്നു. മഞ്ജുളയ്ക്ക് വാക്കുകൾ ഇല്ലാതായി,പാടാൻ മാത്രമല്ല ചിരിക്കാനും അവൾ മറന്നു.അവളെ തന്നെ അവൾ മറന്നു പോയി. ഇന്ന് ഭർത്താവിനവളെ ഒരു വിലയുമില്ലെന്നും ഒന്നിനും കഴിവില്ലാത്തവൾ എന്നു പറഞ്ഞു ഇകഴ്ത്തുമ്പോൾ നിസ്സഹായയായി കേട്ടു നിൽക്കുമെന്നും പറയുമ്പോൾ അമ്മയുടെ കണ്ണു നിറയുന്നുണ്ടായിരുന്നു. എന്തെല്ലാമായിരുന്നു അവളെ കുറിച്ചുള്ള പ്രതീക്ഷകൾ. എത്ര പറഞ്ഞിട്ടും മകൾ സ്വന്തം വില തിരിച്ചറിയുന്നില്ലെന്നതാണ് അമ്മയെ അമ്പരപ്പിക്കുന്നത്. ഭർത്താവ് സൃഷ്ടിച്ചേകിയ പ്രതിരൂപത്തിനുള്ളിൽ നിന്ന് പുറത്തു കടക്കാനുള്ള ശേഷി മഞ്ജുളയ്ക്ക് ആർജ്ജിക്കാനാവുന്നില്ല,അത്രത്തോളം ആഴത്തിലാണ് അവൾ വൈകാരികമായി തളർത്തപ്പെട്ടത്.

ജീവിതാന്ത്യം വരെ മാഞ്ഞുപോകാത്ത മുറിവുകൾ മനസ്സിൽ സൃഷ്ടിക്കപ്പെടാൻ കുറച്ച് വാക്കുകൾ മതി. മറ്റൊരാൾ സൃഷ്ടിച്ചെടുക്കുന്ന സ്വരൂപത്തിനുള്ളിൽ നിന്ന് പുറത്ത് കടക്കാനാവാതെ പിടയുന്നവരോ ചുറ്റുമുള്ളവരോ അറിയാതെ പോകുന്നു, എന്തു കൊണ്ടാണിങ്ങനെ എന്ന്!

നമ്മുടെ വിദ്യാലയങ്ങളിൽ ചൂരലുകൾ നിരോധിക്കപ്പെട്ടു കഴിഞ്ഞു. പക്ഷെ, അടിയെക്കാൾ മാരകമായ വാക്കുകളിൽ കുട്ടികളുടെ വ്യക്തിത്വം വളർച്ചയറ്റു പോകുന്നത് പലപ്പോഴും നാമറിയാറില്ല.

ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ കണക്കു ടീച്ചർ "മണ്ടൻ, കണക്കു ചെയ്യാനറിയാത്ത പൊട്ടൻ" എന്ന് പറഞ്ഞ് വഴക്കു പറഞ്ഞ ദിവസം രാത്രി മുഴുവൻ അപ്പു (മകൻ) ഉറക്കത്തിൽ 'മണ്ടൻ', 'പൊട്ടൻ' എന്ന് പറഞ്ഞ് വിതുമ്പിക്കൊണ്ടേയിരുന്നു. പിറ്റേന്ന് രാവിലെ സ്കൂളിലെത്തി ടീച്ചറെ "ഗുണകോഷ്ഠം" പഠിപ്പിക്കാൻ പെട്ട പാട് ചെറുതായിരുന്നില്ല.

വൈകാരിക പീഡനം കണ്ടുപിടിക്കാനോ, മനസ്സിലാക്കാനോ അത്ര എളുപ്പമുള്ളതല്ല. പറഞ്ഞു, കഴിഞ്ഞു എന്ന അവസ്ഥയിൽ വാക്കുകൾക്ക് പ്രാധാന്യം കൊടുക്കുന്നത് അപൂർവ്വമാണ്. വൈകാരികമായി പീഡിപ്പിക്കപ്പെടുന്നു എന്ന് മനസ്സിലാക്കാൻ പോലും പലർക്കും കഴിയാറില്ല. അത്യന്തം അപകടകരമായ തരത്തിൽ മാനസികമായി പ്രതിഫലനങ്ങൾ ഉണ്ടാക്കുമ്പോഴും മറ്റേയാളുടെ സ്വാഭാവികമായ വിനിമയമായിട്ടാണ് പലരും ഇത്തരം സംഭാഷണങ്ങളെ എടുക്കാറ്.

**വൈകാരിക ഹിംസ എന്ത്, എങ്ങനെ?**

വളരെ അടുപ്പമുള്ളവരോ ഉറ്റ ബന്ധുക്കളോ ആയവർക്കിടയിൽ വൈകാരിക പീഡനം കണ്ടുവരുന്നു. കരുതിക്കൂട്ടി മറ്റൊരു വ്യക്തിയെ നിന്ദിക്കുകയും അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ രീതി. പീഡനം അനുഭവിക്കുന്നവർക്ക് ആത്മാഭിമാനം നഷ്ടമാവുന്നത് സാധാരണയാണ്. ഇത്തരം ഹിംസ നടത്തുന്നയാൾക്ക് ബന്ധത്തിൽ മേൽക്കൈ ലഭിക്കുന്നത് സാധാരണമാണ്. പീഡനം അനുഭവിക്കുന്നയാൾക്ക് ദൗർബല്യമോ നിസ്സഹായതയോ ഒക്കെ അനുഭവപ്പെടുന്നു. പലപ്പോഴും പീഡിപ്പിക്കുന്നയാൾക്ക് തന്റെ വാക്കുകളും പ്രവർത്തികളും മറ്റേയാളിൽ ഉണ്ടാക്കുന്ന മുറിവുകളെക്കുറിച്ച് അറിവുണ്ടാകണം എന്ന് കൂടിയില്ല.



ഭാര്യയെ തളർത്താൻ സൗന്ദര്യമില്ലായ്മയെക്കുറിച്ച് നിരന്തരം പറയുന്ന ഭർത്താക്കന്മാർ, പണമുണ്ടാക്കാനറിയാത്ത പിടിപ്പുകേടിനെക്കുറിച്ച് പഴിചാരുന്ന ഭാര്യമാർ, മാർക്കു കുറയുമ്പോൾ ശപിക്കുന്ന അമ്മമാർ, അമ്മയുടെ പാചകത്തെ അംഗീകരിക്കാത്ത മക്കൾ, സുഹൃത്തിന്റെ നേട്ടത്തെ കുറച്ചു കാണുന്ന കൂട്ടുകാർ, വിദ്യാർത്ഥികളുടെ അജ്ഞതയെ പെരുപ്പിക്കുന്ന അദ്ധ്യാപകൻ - ഒരു തരത്തിലല്ല എങ്കിൽ മറ്റൊരു തരത്തിൽ എല്ലാവരും വാക്കുകൊണ്ട് മുറിവേൽപ്പിക്കുക തന്നെയാണ്. എങ്കിലും വൈകാരിക പീഡ

**1) വൈകാരിക ഹിംസയിലെ പെരുമാറ്റങ്ങൾ**

ഹിംസിക്കുന്നയാൾ മറ്റേയാളിനെ നിരന്തരമായി പിന്തുടരുന്നതും ബന്ധങ്ങളിൽ അവിശ്വാസം രേഖപ്പെടുത്തുന്നതും സാധാരണമാണ്. 'എവിടെ പോകുന്നു?' 'ആർക്കൊപ്പമാണ്' എന്ന് തുടർച്ചയായി ചോദ്യം ചെയ്യും. വിശ്വാസ്യതയെ നിരന്തരമായി ചോദ്യം ചെയ്യുക വഴി മറ്റേയാളുടെ മനസ്സിൽ അസ്വസ്ഥതയും സ്വയം മതിപ്പ് ഇല്ലായ്മയും ഉണ്ടാവും.

2) മുറിപ്പെടുത്തുന്ന സംസാരം.. മറ്റേയാളുടെ ശരീരത്തെക്കുറിച്ച്, വേഷത്തെക്കുറിച്ച്, കഴിവുകളെക്കുറിച്ച് ഒക്കെ കുറവുകൾ പറയുക, മറ്റേയാൾ അടിസ്ഥാനപരമായി ശരിയല്ല എന്ന് ഉറപ്പിച്ചു പറഞ്ഞു കൊണ്ടേയിരിക്കുക ഇതൊക്കെ വൈകാരിക പീഡനത്തിൽ നടക്കുന്നു.

3) മറ്റുള്ളവരുടെ മുന്നിൽ വെച്ച് കുറ്റപ്പെടുത്തുകയും വിമർശിക്കുകയും ചെയ്തിട്ട് സ്വകാര്യമായി മാപ്പ് പറയുന്നത് ഇത്തരം പീഡനത്തിൽ സംഭവിക്കാറുണ്ട് .

4) കുറ്റപ്പെടുത്തൽ, ശിക്ഷ , സ്നേഹ നിരാസം എന്നിവയിലൂടെ പീഡിപ്പിക്കപ്പെടുന്ന വ്യക്തിയെ നിയന്ത്രിക്കാൻ ശ്രമിക്കും. എവിടെ പോകുന്നു, എന്ത് ധരിക്കുന്നു, എന്ത് ചെയ്യുന്നു തുടങ്ങിയുള്ള നിരന്തരമായ ചോദ്യംചെയ്യൽ മാനസികമായ അടിമത്തത്തിലേക്ക് അവരെ കൊണ്ടെത്തിക്കും.

5) തന്റെ സ്നേഹം മഹത്തരമാണ് അതിനുള്ള അർഹത പീഡിപ്പിക്കപ്പെടുന്ന വ്യക്തിക്ക് ഇല്ല എന്ന തോന്നൽ സൃഷ്ടിക്കുകയും വൈകാരികമായ മമത നൽകാതിരിക്കുകയും ചെയ്യുന്നത് പീഡിപ്പിക്കപ്പെടുന്ന വ്യക്തി തന്റെ പോരായ്മകൾ കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് വിശ്വസിക്കാനിടവരുത്തും. മറ്റുള്ളവരുടെ തെറ്റുകളുടെ ഉത്തരവാദിത്വം ഇവരുടെ പുറത്ത് വെച്ചുകെട്ടുന്നതും പതിവാണ്.

6) നിരസിക്കപ്പെടുന്ന വ്യക്തിയെ കണ്ടില്ലെന്ന് നടിക്കുക, അവരുടെ ചിന്തകളും തീരുമാനങ്ങളും ശരിയല്ലെന്നു നിരന്തരം പറയുക, ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ അവസരം നൽകാതിരിക്കുക, അവരുടെ ജീവിതത്തോടുള്ള കാഴ്ചപ്പാട് അവരുടെ രീതികൾ ഒക്കെ ശരിയല്ല എന്ന് പറഞ്ഞ് സ്ഥാപിക്കുക ഇവയും വൈകാരിക പീഡനത്തിൽ സാധാരണമാണ്.

7) തന്റെ മനസ്സിന്റെ നിയന്ത്രണം വിട്ടു പോകുന്നത് മറ്റേയാളുടെ പ്രവർത്തികൾ മൂലമാണെന്ന് സ്ഥാപിച്ചെടുക്കുന്നത് ഇക്കൂട്ടരുടെ രീതിയാണ്. നടന്ന കാര്യങ്ങളെ തീർത്തും നിരാകരിച്ച് മറ്റേയാളിൽ കൺഫ്യൂഷൻ സൃഷ്ടിക്കും. പലകാര്യങ്ങളും പീഡിപ്പിക്കപ്പെടുന്ന വ്യക്തി ഓർമ്മിച്ചെടുക്കുന്നത് ശരിയായ രീതിയിൽ അല്ല എന്ന് അവരെ വിശ്വസിപ്പിക്കും.

8) പീഡിപ്പിക്കപ്പെടുന്ന വ്യക്തിയെ സ്വന്തം കുടുംബത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും അകറ്റാനായി അവരുടെ സഞ്ചാരത്തെയും ജീവിതത്തെയും നിയന്ത്രിക്കാൻ ഇക്കൂട്ടർ ശ്രമിക്കാറുണ്ട്. പീഡിപ്പിക്കപ്പെടുന്ന വ്യക്തിയെ പൂർണമായും തകർക്കാൻ കഴിയുന്ന വിധത്തിൽ സംസാരിക്കുക ഇവരുടെ രീതിയാണ് . പീഡിപ്പിക്കപ്പെട്ടവർ ഭയത്തിൽപ്പെട്ട് പീഡകരോട് സൂക്ഷിച്ചു പെരുമാറാനും അവരിൽ അനിഷ്ടം ഉണ്ടാക്കുന്ന ഒന്നും ചെയ്യാതിരിക്കാനും ശ്രദ്ധിക്കാൻ പ്രേരിപ്പിക്കപ്പെടും. മിക്കപ്പോഴും പീഡകർ പറയുന്നതാണ് ശരിയെന്ന് സ്വയം വിശ്വസിക്കാനും അവർ തയ്യാറാവും. തങ്ങൾ ഒട്ടും ശരിയല്ല എന്നും താൻ കാരണമാണ് പീഡിപ്പിക്കപ്പെടുന്ന വ്യക്തികൾ ഇങ്ങനെയായതെന്നും ചിന്തിച്ചുപോകും. തുടക്കത്തിൽ വൈകാരിക പീഡനം അത്ര തുറന്നതോ പ്രബലമോ ആയിരിക്കില്ല. പീഡനം അനുഭവിക്കുന്ന വ്യക്തി അതുമായി പതുക്കെപ്പതുക്കെ പൊരുത്തപ്പെട്ട് ഇത് സാധാരണമാണ് എന്ന അവസ്ഥയിലെത്തി ചേരുകയും ചെയ്യും

നം എന്നറിയപ്പെടുന്നത് നിരന്തരമായ ഇകഴ്ത്തലുകളെയാണ്, അപമാനത്തെയാണ്. ഭീഷണികൾ, വിമർശനങ്ങൾ, അഹങ്കാരപ്രകടനങ്ങൾ, തള്ളിക്കളയലുകൾ, കുറ്റപ്പെടുത്തലുകൾ, ഒറ്റപ്പെടുത്തലുകൾ, അമിതനിയന്ത്രണം, ശിക്ഷകൾ, ഭയപ്പെടുത്തൽ, കളിയാക്കൽ ഇങ്ങനെ പല മാർഗങ്ങളിലൂടെ മാനസികമായി തളർത്താനും, തകർക്കാനും കഴിയുമെന്ന് വിദഗ്ധർ പറയുന്നു.

ലൈംഗികമായും, ശാരീരികമായുമുള്ള അക്രമണങ്ങളും വൈകാരിക പീഡനത്തിന് കാരണമാകുന്നുണ്ട്. മറ്റു പീഡനങ്ങളെപ്പോലെ നിയതമായൊരു നിർവ്വചനമോ ബാഹ്യമായ തെളിവുകളോ ഉണ്ടാകാത്തതിനാൽ ഗൗരവമായ പരിഗണന ഇത്തരം അക്രമണങ്ങൾക്ക് ലഭിക്കാറില്ല. പക്ഷെ വൈകാരിക പീഡനം ഒരു വ്യക്തിയുടെ സത്തയെ തന്നെ തകർത്തേക്കാം എന്നതാണ് യാഥാർത്ഥ്യം. നിരന്തരമായ വാക് കസർത്തു കൊണ്ട് അപരനെ നിഷ്പ്രഭമാക്കുകയും, സ്വയം വിലയില്ലാത്തവരും ജീവിക്കാൻ അർഹതയില്ലാത്തവരും ഒക്കെ ആക്കി മാറ്റിയിട്ടുള്ള നിരവധി പേരെ നമുക്ക് ചുറ്റും കാണാനാവും. എത്ര മാതാപിതാക്കന്മാർ സ്നേഹത്തിന്റെ പേരിൽ മക്കളെ ആത്മനാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിടുന്നത് കാണുന്നു.

വൈകാരിക പീഡനം നടത്തുന്നയാളുടെ സാന്നിദ്ധ്യത്തിൽ ആത്മവിശ്വാസം നഷ്ടപ്പെട്ട് മനസ്സ് സംഘർഷഭരിതമായി മാറുന്നത് സ്വാഭാവികം മാത്രം. മറ്റൊരപകടം മിക്കപ്പോഴും വൈകാരികമായി പീഡിപ്പിക്കുന്നവർ തങ്ങളുടെ കരുത്തുകൊണ്ട് വിധേയരാകുന്നവരിൽ അവരാണ് കുറ്റക്കാർ എന്ന തോന്നൽ ഉണ്ടാ



ക്കുന്നു എന്നതാണ്. നീണ്ട കാലത്തോളം തങ്ങളുടെ പോരായ്മ കൊണ്ടാണ് മറ്റേയാൾ കഠിനമായി പഴിക്കുന്നതെന്നും നോവിപ്പിക്കുന്നതെന്നും കരുതി സ്വയം നന്നാവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്ന ധാരാളം പേരെ കണ്ടിട്ടുണ്ട്. അവർക്കൊരിക്കലും ശരിയാകാനും കഴിയാറില്ല, പ്രശ്നം അപരന്റെ ഭാഗത്താണെന്നതിനാൽ! വൈകാരിക പീഡനം നേരിടാനുള്ള ഏറ്റവും വലിയ പ്രതിസന്ധിയും ഇതുതന്നെയാണ്. ഇരയാക്കപ്പെടുന്നവർ അല്ല പ്രശ്നം, മറ്റേയാളുടെ പെരുമാറ്റവും ദ്രോഹിക്കാനുള്ള സ്വഭാവവുമാണ് (Abusive behaviour) എന്ന് തിരിച്ചറിയാൻ കഴിയുന്നത് വിരളമാണ്. ജീവിതം മുഴുവൻ സ്വയം നന്നാക്കാനാണ് പല ഇരകളും ശ്രമിക്കാറുള്ളത്. "നല്ല വ്യക്തി" യാകാൻ നിരന്തരം പരിശ്രമിക്കുന്നതിനിടയിൽ സ്വയം നഷ്ടപ്പെടുന്നവരാണ് ഏറെ. വൈകാരികമായി നശിപ്പിക്കുന്നവരിൽ നിന്ന് മാറിനിൽക്കുകയാണ് രക്ഷനേടാൻ ഏറ്റവും നല്ല വഴിയെന്ന് വിദഗ്ധർ പറയുന്നു; സ്വയം രക്ഷിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. അപരന്റെ മേൽ അധീശത്വം കൈവരിക്കുകയാണ് ലക്ഷ്യം. അതിന് നിന്നുകൊടുക്കാതിരിക്കുകയാണ് മാർഗ്ഗം. മറ്റൊരാളെ നിയന്ത്രിക്കുന്നതിലൂടെയാണ് അയാളെ വരുതിയിലാക്കാനാവുക എന്ന് കരുതുന്നവരാണ് ഏറെപ്പേരും ..വാക്കുകൾ കൊണ്ട് മുറിവേൽപ്പിക്കുന്നവർ സാധാരണ പറയുന്ന ചില വാചകങ്ങളിൽ ചിലതെങ്കിലും നാം കേട്ടിട്ടുണ്ടാവും:

"നീ ഒരിക്കലും പിറക്കരുതായിരുന്നു."

"നിന്നെപ്പോലെ ഒരുവൻ/ഒരുവൾ ഒരിക്കലും രക്ഷപ്പെടില്ല."

"നിനക്ക് വട്ടാണ്, അതുകൊണ്ട് തന്നെ ആളുകൾ ഞാൻ പറയുന്നതേ വിശ്വസിക്കൂ."

"നിന്റെ കൂട്ടുകാർ നീയില്ലാത്തപ്പോൾ നിന്നെക്കുറിച്ച് പറയുന്നത് കേട്ടാൽ മതി."

"നിന്നെപ്പോലെ കാണാൻ കൊള്ളാത്ത ഒരാളെ ഞാൻ കണ്ടിട്ടില്ല."

ഇവയൊക്കെ സൃഷ്ടിക്കുന്നത് പുറമെ കാണാതെ പോവുന്ന മുറിവുകളാണ്. ഉള്ളിൽ രക്തം വാർന്നൊഴുകുന്ന മുറിവുകളാണ്.

നല്ല വാക്കോതുവാൻ ത്രാണിയുണ്ടാവണം എന്ന് പണ്ടുള്ളവർ പ്രാർത്ഥിച്ചിരുന്നു..ഇന്ന് സ്വകാര്യ സംഭാഷണങ്ങളിലും മാധ്യമങ്ങളിലും പൊതുയോഗങ്ങളിലുമെന്നു വേണ്ട എവിടെയും വാക്ക് മുനയുള്ള ആയുധമായി അന്യനു നേരെ നീണ്ടു ചെല്ലുന്നു..കട്ടി കുറഞ്ഞ മനസ്സുള്ളവർ പതറി പോകുന്നു,പിടിച്ചു നിൽക്കാനാവാതെ വീണു പോകുന്നു..

പരിഹാരങ്ങളുടെ കണക്കു പുസ്തകത്തിൽ സ്നേഹം എന്ന വാക്കാണ് പ്രതിവിധിയായി തെളിയുന്നത്....

ഹിംസിക്കപ്പെടുന്ന വ്യക്തിക്ക് തന്റെ മേൽ മറ്റേയാൾക്കുള്ള സ്വാധീനം എത്രയാണെന്ന് അറിയാൻ കഴിയുന്നത് അപൂർണമാണ്. ഒരുതരത്തിലും വിലയില്ലാത്തയാളാണ് താനെന്ന ഒരു ചിന്തയിൽ ഒറ്റപ്പെടലിന്റെ അവസ്ഥയിൽ എത്തിച്ചേരുന്നത് വിരളമല്ല. പലപ്പോഴും മറ്റേയാൾ എത്ര മേൽ തകർക്കുകയാണ് എന്ന ബോധം പോലും പീഡിപ്പിക്കുന്നവർക്ക് ഉണ്ടാകണമെന്നില്ല. അവരുടെ ജീവിതത്തിന്റെ ഏതൊക്കെയോ വഴികളിൽ അവർ കണ്ടു ശീലിച്ചതാണ് അവർ പെരുമാറുന്നത് എന്നതാണ് സത്യം. അടുപ്പമുള്ള ആളുകളോട് ഇങ്ങനെയാണ് പെരുമാറേണ്ടത് എന്ന് കൂടി അവർക്ക് തോന്നും . വൈകാരികമായി പീഡിപ്പിക്കപ്പെടുന്നവർക്ക് വളരെയേറെ ആഴത്തിലാണ് മുറിവേൽക്കപ്പെടുന്നത് എന്നത് ശ്രദ്ധേയമാണ്. ഒറ്റപ്പെടൽ, ആശ്രയമില്ലായ്മ, ആത്മവിശ്വാസമില്ലായ്മ ഒക്കെ ഇതിന്റെ പരിണിത ഫലങ്ങളാണ്. ആത്മാഭിമാനം കുറഞ്ഞുകുറഞ്ഞ് പീഡിപ്പിക്കുന്നയാൾ ചെയ്യുന്നത് എല്ലാം ശരിയാണ് എന്നൊരു തോന്നലിലേക്ക് ചെന്നെത്തുന്നവർ ഉണ്ട് . മറ്റേയാൾ തനിക്കെതിരെ പറയുന്ന കാര്യങ്ങൾ ഒക്കെ സത്യമാണ് എന്ന് വിശ്വസിക്കുന്ന നിർഭാഗ്യകരമായ അവസ്ഥ പലർക്കും ഉണ്ടാകുന്നു. മറ്റുള്ളവരുടെ മുന്നിൽ താൻ വളരെ ചെറുതാണെന്നും തന്നെ പീഡിപ്പിക്കുന്ന ആൾ പറയുന്നതൊക്കെ താൻ അർഹിക്കുന്നതാണ് എന്നും വിശ്വസിച്ച് ജീവിതാന്ത്യം വരെ കഴിഞ്ഞു പോകുന്നവർ കുറവല്ല. വൈകാരികമായ ആക്രമണം ഭയന്ന് മറ്റേ വ്യക്തിയെ പ്രകോപിപ്പിക്കാതിരിക്കാൻ എപ്പോഴും ശ്രദ്ധിച്ച് തന്നെത്തന്നെ മറന്നുപോകുന്നത് അപൂർവമല്ല. എപ്പോഴും അപകടം വരുന്നോ എന്ന് നോക്കേണ്ടുന്ന സാഹചര്യം മിക്കവരുടെയും ജീവിതത്തിൽ ഉണ്ടാകുന്നു . ദീർഘനാളത്തെ വൈകാരിക ഹിംസ പലരിലും മാനസികപ്രശ്നം , രക്തസമ്മർദ്ദം തുടങ്ങിയ ശാരീരിക പ്രശ്നങ്ങളും ഉണ്ടാക്കുന്നു.

വൈകാരിക ഹിംസ ഏൽപ്പിക്കുന്ന ആഘാതങ്ങൾ പുറത്ത് ഒരാളോട് പങ്കുവെക്കുന്നത് തെറ്റാണ് എന്ന ചിന്ത പലരിലും പ്രബലമാണ്. പലപ്പോഴും തന്റെ തെറ്റാണ് എന്ന് കരുതി ജീവിക്കുമ്പോൾ മാനസികമായ പിരിമുറുക്കത്തിലേക്ക് വീണു പോകും. വൈകാരിക ഹിംസ അനുഭവിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയുന്നുവെങ്കിൽ അതിൽ നിന്ന് രക്ഷപ്പെടാനുള്ള സഹായം തേടുക എന്നതാണ് വഴി. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, കൗൺസിലേഴ്സ് തുടങ്ങി പല തലങ്ങളിൽ നിന്ന് സഹായം തേടാം. പീഡിപ്പിക്കുന്ന വ്യക്തിയുടെ സ്വാധീനം മനസ്സിലുണ്ടാക്കിയ ചങ്ങലകൾ പൊട്ടിച്ചെറിയാൻ ഇത്തരം സഹായങ്ങൾ അത്യാവശ്യമാണ്. (വൈറ്റ് സ്വാൻ ഫൗണ്ടേഷനോട് കടപ്പാട്)



ചർച്ചാവിഷയം

**തസ്മിൻ**
അധ്യാപിക,
എഴുത്തുകാരി, പ്രഭാഷക

# ഉരുക്കങ്ങളിൽ നിന്നുയിർക്കേണ്ടവർ

ശാരീരികവും മാനസികവുമായ സ്വസ്ഥത ഏതൊരാളുടെയും അവകാശമാണ്. വാക്കുകൾ കൊണ്ടോ നോട്ടം കൊണ്ടോ സ്പർശനം കൊണ്ടോ അത് ഹനിക്കപ്പെടുമ്പോൾ മനുഷ്യാവകാശ ധ്വംസനമായത് മാറുന്നു. ഇന്ന് വീടിനകത്തും പുറത്തും പല വിധ അസ്വസ്ഥതകളിലൂടെ ഒതുങ്ങിയും ഞെരുങ്ങിയും വല്ലവിധേനയും ജീവിച്ചു തീർക്കുന്ന ധാരാളം പെൺകുട്ടികളെയും സ്ത്രീകളെയും നമുക്ക് കണ്ടെത്താനാകും. എന്തുകൊണ്ട് ഒരു വിഭാഗം ഇത്തരത്തിൽ ചൂഷണത്തിന് വിധേയമാകുന്നു എന്നത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

മാനസികമായി അടിച്ചമർത്തപ്പെടുമ്പോൾ സ്വാഭാവികമായും അപകർഷതാബോധത്താൽ തകർന്നു പോകുന്ന ഒരുവളുടെ മേൽ അധീശത്വം സ്ഥാപിക്കാൻ ആർക്കും ഏറെ ബുദ്ധിമുട്ടേണ്ടതില്ല. സവർണ്ണമേധാവിത്വത്തോടൊപ്പം പുരുഷ കേന്ദ്രീകൃത ലോകം പൊതു ഇടത്തിൽ നിന്നും സ്ത്രീയെ തന്ത്രപൂർവ്വം മാറ്റി നിർത്തുന്ന വിധം ഇതാണെങ്കിൽ കുടുംബത്തിനകത്തും അവൾക്ക് ഇടം നഷ്ടപ്പെടുത്തുന്ന കാരണം കൂടിയാണത്. ശാരീരിക -മാനസിക ചൂഷണങ്ങളിൽപ്പെട്ട് വൈകാരികമായി പീഡനം അനുഭവിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണെന്ന് മാധ്യമങ്ങൾ പറയുന്നു. ലൈംഗിക പീഡനം അഥവാ ദുരുപയോഗം മാത്രമല്ല ഒരുവളുടെ ശരീരത്തിനും മനസിനും ഏല്ക്കുന്ന പീഡനങ്ങളേതും നിയമപരമായി കുറ്റം തന്നെയാണ്.ഇതറിയാവുന്ന സാക്ഷര പ്രബുദ്ധർ തന്നെയാണ് ഒളിഞ്ഞും തെളിഞ്ഞും കുറ്റകൃത്യങ്ങൾ ചെയ്യുന്നതും.

രാത്രി സഞ്ചരിക്കുന്നവളുടെ സ്വഭാവം ശരിയല്ലെന്നും പുരുഷ സുഹൃത്തുക്കളുള്ളവൾ ' വെടി' യാണെന്നും റോഡിലൂടെ നടന്ന് മൊബൈൽ ഫോണിൽ സംസാരിച്ചാൽ പെണ്ണിന്റെ മാനം ഇടിഞ്ഞു വീഴുമെന്നും ആവലാതിപ്പെടുന്ന സമൂഹത്തോട് എന്തേ ഇതൊന്നും ആണിനു ബാധകമല്ലേ എന്ന് തിരിച്ചു ചോദിക്കുന്നവൾക്ക് പിന്നീടനുഭവിക്കേണ്ടി വരുന്ന മാനസിക പീഡനങ്ങൾ ചെറുതൊന്നുമായിരിക്കില്ല. ഇത്തരം സാഹചര്യങ്ങളിൽ ഉൾച്ചേർന്നു നിന്നു കൊണ്ട് ലിംഗനീതി, ലിംഗസമത്വം എന്നീ വാക്കുകൾ ഉറക്കെ പ്രഖ്യാപിച്ചു കൊണ്ട് പെൺജീവിതോദ്ധാരണ യജ്ഞം നടത്തുന്നവർ ദിനംപ്രതി വർദ്ധിച്ചു വരികയാണല്ലോ.

ജാതി, മതം, വർഗ്ഗം, വർണ്ണം, ലിംഗം ,തൊഴിൽ,

സമ്പത്ത്  എന്നിങ്ങനെ സമസ്ത മേഖലകളിലും സ്ത്രീകൾ മാനസിക വൈകാരിക സമ്മർദ്ദങ്ങൾ അനുഭവിക്കുന്നുണ്ട്. പകലന്തിയോളം പണിയെടുത്ത് നടുവെടിയുന്ന ഭാര്യ വെറും 'ഹൗസ് വൈഫ് ' മാത്രമാണ്.കൂലിയില്ലാത്ത വേല കൊണ്ട് അവൾ നേടുന്നതോ കുറ്റപ്പെടുത്തലുകളും അവഹേളനവും മാത്രം.നിനക്കെന്താണിവിടെ പണി? ഇതൊക്കെ ഇത്ര വലിയ പണികളാണോ? നിന്നെക്കൊണ്ടെന്തിന് കൊള്ളാം... എന്നിങ്ങനെ നീളുന്ന വാക്ശരങ്ങൾ . വയ്യാതായാൽ പോലും ലീവെടുക്കാനാവാത്ത ജോലിയാണല്ലോ ഓരോ ഹൗസ് വൈഫും നിർവഹിക്കുന്നത്.   മാധവിക്കുട്ടിയുടെ നെയ്പായസം, കോലാട് എന്നീ കഥകളിലെ സ്ത്രീ കഥാപാത്രങ്ങൾ ഇന്നും ഉള്ളിൽ നീറി നീറിയുണരുന്നത് അവർ നമ്മൾ തന്നെയാണ് എന്ന തിരിച്ചറിവുകൊണ്ടാണ്. ഭാര്യയുടെ അനാരോഗ്യമോ രോഗമോ ഭൂരിഭാഗം ഭർത്താക്കന്മാർക്കും പരിധിയ്ക്ക് പുറത്തുള്ള വിഷയമാണ്. ജോലിയില്ലാത്ത സ്ത്രീയെങ്കിൽ അവസ്ഥ വളരെ കഷ്ടം. വീട്ടിലും പുറത്തും എന്തിനേറെ കിടപ്പറയിൽ പോലും മാനസികമായി തകർക്കപ്പെട്ട സ്ത്രീ മുഖങ്ങളെ നമുക്ക് സിനിമകളിൽ മാത്രമല്ല നിത്യജീവിത വഴികളിൽ നിന്നു തന്നെ കണ്ടെടുക്കാനാവും. 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ 'എന്ന സിനിമയിൽ നായിക ഫോർപ്ലേ എന്ന വാക്ക് ഭർത്താവിന്റെ മുഖത്ത് നോക്കി വിക്കി വിക്കി പറയുന്നതും ഓ ... അതൊക്കെ അറിയാല്ലേ എന്ന ഭർത്താവിന്റെ പരിഹാസഭാവത്തിലുള്ള ചോദ്യവും എത്രയോ സ്ത്രീജീവിതങ്ങളെ പ്രതിനിധീകരിയ്ക്കുന്നു. ആണിന്റെ താല്പര്യങ്ങൾക്കപ്പുറം പെണ്ണ് ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും അഭിപ്രായങ്ങളും അഭിപ്രായ വ്യത്യാസങ്ങളുമുള്ളവളാണ് എന്ന് എത്ര പുരുഷന്മാർ ചിന്തിക്കുന്നുണ്ട്? പെണ്ണിന്റെ വൈകാരികതയ്ക്ക് മേൽ ചവിട്ടി നിന്ന് അവളെ നിഷ്പ്രഭമാക്കുക എന്നല്ലാതെ അവളെ അവളായി ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ടെന്ന് എത്ര പേർ ആഗ്രഹിക്കുന്നുണ്ട്?

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സ്ത്രീ കടന്നു വന്നാൽ ശബ്ദമുയർത്തിയാൽ  അവളെ എന്തിന് ഭയപ്പെടണം?

എന്റെ ഓർമ്മയിൽ  ഇന്നും നോവു പടർത്തുന്ന ഒരു കഥാപാത്രമുണ്ട്.എം.ടി.യുടെ കുട്ട്യേടത്തി. എന്തിനാണ് കുട്ട്യേടത്തി ആത്മഹത്യ ചെയ്തത് എന്ന ചോദ്യം വായനക്കാരിലേയ്ക്ക് കൂടി കഥാകൃത്ത് പകരുമ്പോൾ , ഇന്നും പല സ്ത്രീകളും അനുഭവിക്കുന്ന വൈകാരിക സമ്മർദ്ദങ്ങളുടെ വ്യത്യസ്ത തലങ്ങളിലൂടെ നമ്മളൊന്ന് കടന്നു പോകും. കവിളിൽ തൂങ്ങിക്കിടക്കുന്ന മാംസക്ഷണവും ഇരുണ്ട നിറവും ഭംഗിക്കുറവും നമ്മോട് ഒരുപാട് ജീവിതങ്ങളുടെ കഥ പറയും. പെണ്ണ് കറുത്തതാണ് എന്ന പേരിൽ  കല്യാണം മുടങ്ങിപ്പോകുന്ന അവസ്ഥ എക്കാലത്തുമുണ്ടായിട്ടുണ്ട്. പഠിപ്പില്ല, പണമില്ല എന്ന ആരോപണങ്ങളെക്കാൾ ഉയർന്നു നിന്നതും നിൽക്കുന്നതും ' കറുപ്പ് '  എന്ന വാക്കാണ്. കറുപ്പിനേഴഴക് എന്ന് പ്രഖ്യാപിക്കുന്നവർ തന്നെ വെളുത്തപെണ്ണിനു വേണ്ടി പരക്കം പായുന്നു. ഇനി കറുത്തവളെ ജീവിതത്തിലേക്ക് ക്ഷണിച്ചാലോ, വീട്ടുകാരുടെയും  ബന്ധുക്കളുടെയും നാട്ടുകാരുടെയും കുഴിഞ്ഞ നോട്ടവും മുനവച്ച വാക്കുകളും അവളുടെ മനസ് മടുപ്പിക്കും. വിവാഹക്കമ്പോളത്തിലെ ഇത്തരം വില പറച്ചിലുകളെ ഭയന്നാണ് പെൺകുട്ടികൾ വെളുക്കാനുള്ള ക്രീമുകൾ



**പെണ്ണ് കറുത്തതാണ് എന്ന പേരിൽ കല്യാണം മുടങ്ങിപ്പോകുന്ന അവസ്ഥ എക്കാലത്തുമുണ്ടായിട്ടുണ്ട്.  പഠിപ്പില്ല, പണമില്ല എന്ന ആരോപണങ്ങളെക്കാൾ ഉയർന്നു നിന്നതും നിൽക്കുന്നതും ' കറുപ്പ് '  എന്ന വാക്കാണ്. കറുപ്പിനേഴഴക് എന്ന് പ്രഖ്യാപിക്കുന്നവർ തന്നെ വെളുത്തപെണ്ണിനു വേണ്ടി പരക്കം പായുന്നു.**

അന്വേഷിക്കുന്നത്. 'കറുമ്പി' എന്ന പേരിനേക്കാൾ 'വെളുമ്പി' യെന്ന ആത്മസംതൃപ്തിയ്ക്കു വേണ്ടി പല പെൺകുട്ടികളും അലയുന്നത് നമ്മുടെ മുന്നിലൂടെയാണല്ലോ! പച്ച മഞ്ഞൾ അരച്ച് പാലിൽ ചേർത്ത് പുരട്ടിയാൽ വെളുക്കും എന്ന അമ്മൂമ്മ വൈദ്യത്തിൽ വിശ്വസിച്ച് എത്രയെത്ര അരകല്ലുകളാണ് ഓർമ്മയിൽ മഞ്ഞച്ച് കിടന്നത്. എങ്കിലും അതിന്റെ അടിസ്ഥാന വർണ്ണം കറുപ്പ് തന്നെ.

കറുപ്പ് എന്ന നിറം വൈകാരികമായി ഒരാളെ എത്രമാത്രം ബുദ്ധിമുട്ടിയ്ക്കുന്നു എന്ന വിഷയത്തെക്കുറിച്ച് പറയുമ്പോൾ സവർണ മേധാവിത്വ വഴികളിലൂടെ ഊറി വന്ന ചൂഷണതന്ത്രമാണിതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. കറുത്തവനെ ഭയക്കുന്ന വെളുത്തവൻ പടച്ചുവിട്ട ആയുധം. മേൽക്കോയ്മയുടേയും വർണ്ണബോധത്തിന്റെയും ഇരകളായി സ്ത്രീ സമൂഹത്തെ മാറ്റുന്നതിന്റെ പരസ്യതന്ത്രങ്ങളിലാണല്ലോ വെളുപ്പിന്റെ പ്രത്യയശാസ്ത്രം ഒളിഞ്ഞിരിക്കുന്നത്. അമേരിക്കയിലെ ടെക്സാസിൽ താമസിക്കുന്ന കറുത്ത പെൺകുട്ടികൾക്ക് വേണ്ടി സംസാരിക്കുന്ന, കറുത്ത നിറമുള്ള അശ്വതി തോമസ് എന്ന പെൺകുട്ടി അവളുടെ ബ്ലോഗിൽ എഴുതിയതിങ്ങനെയാണ് - 'ഒരു ഇന്ത്യക്കാരിയായതിൽ എനിക്ക് സന്തോഷമുണ്ട്. ഇത്ര ശക്തമായ ചരിത്രവും സംസ്കാരവും നല്ല ഭക്ഷണവും ഒക്കെയുള്ള എന്റെ രാജ്യത്തെ ഞാൻ എങ്ങനെ ഇഷ്ടപ്പെടാതിരിക്കും? എന്നാൽ ഇന്ത്യയുടെ ഈ മനോഹരമായ മുഖത്തിനു പിന്നിൽ അതി ഭീകരമായ മറ്റൊരു മുഖം കൂടിയുണ്ട്- കളറിസം!' അശ്വതി തോമസിനെ പോലെ കറുപ്പിനെ അഭിമാനമാക്കി മാറ്റിയവരുടെ ജീവിതയാത്രയുടെ പിന്നാമ്പുറങ്ങളിൽ നോക്കിയാൽ കൊടിയ യാതനകളുടെയും മാനസികപീഡനങ്ങളുടെയും വീർപ്പുമുട്ടൽ നമുക്കനുഭവപ്പെടും.


അശ്വതി തോമസ്

ദളിതരുടെയും സ്ത്രീകളുടെയും ജീവിത വരിധിയ്ക്കുള്ളിൽ വർണ്ണം തീർക്കുന്ന പീഡനമുറകൾക്ക് കാലം സാക്ഷി. കറുപ്പിനെ വെളുപ്പിക്കാൻ നോക്കി പരാജയപ്പെട്ടവരും പൊതുചടങ്ങുകളിൽ നിന്ന് മുഖം ഒഴിവാക്കിയവരും നമുക്കിടയിലുണ്ട്. എന്നാൽ പുരുഷനെ സംബന്ധിച്ച് വർണ്ണ ചിന്ത ചർച്ച ചെയ്യപ്പെടുന്നേയില്ല എന്നതാണ് വൈരുദ്ധ്യം. ഈ സത്യത്തെ തിരിച്ചറിഞ്ഞു കൊണ്ട് കറുത്ത നിറം തന്റെ അഭിമാനമാണെന്ന തിരിച്ചറിവിലേയ്ക്ക് നടക്കും വരെ ,വെളുപ്പിനെ ഭയന്നും ആരാധിച്ചും മോഹിച്ചും നഷ്ടമാക്കിയ സ്വത്വബോധം ഇനിയും നാം വീണ്ടെടുക്കേണ്ടതുണ്ട്.

അരികുവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ പ്രത്യേകിച്ച് സ്ത്രീകളിലുണ്ടാകുന്ന മാനസിക വൈകാരിക സമ്മർദ്ദങ്ങൾ തൊഴിലിടങ്ങളിൽ മാറ്റി നിർത്തപ്പെടുന്നതുകൊണ്ടോ ജാതി, വർഗ്ഗം എന്നീ മാനദണ്ഡങ്ങളാൽ അകറ്റി നിർത്തപ്പെടുന്നതു കൊണ്ടോ ക്രമാതീതമായി വർദ്ധിക്കുന്നുണ്ട്. ഇത് ആത്മഹത്യയിലേക്കോ കടുത്ത ഡിപ്രഷനിലേയ്ക്കോ അവരെ തള്ളിയിടുന്നു. ആചാരവിശ്വാസങ്ങളും സ്ത്രീകളെ കടുത്ത സമ്മർദ്ദത്തിലാക്കുന്നുണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ. പെണ്ണിന് ചുറ്റും ലക്ഷ്മണരേഖ എക്കാലവും തെളിഞ്ഞുതന്നെ കിടക്കുന്നു. അത് മറികടക്കുന്നവർ തന്റേടികളും സാമർത്ഥ്യക്കാരികളുമാകുന്നു.



ഈ കോവിഡ് കാലം അഭിമുഖീകരിച്ച വലിയ പ്രശ്നം ക്രമാതീതമായി വർദ്ധിച്ച ആത്മഹത്യകളാണ്. പ്രത്യേകിച്ച് കുട്ടികളിലെ ആത്മഹത്യാ നിരക്ക് വർദ്ധിച്ചു. ഒറ്റപ്പെടലും കുറ്റപ്പെടുത്തലുകളും പരിഹാസവും ആക്ഷേപങ്ങളും നിരന്തരമാകുമ്പോൾ ഒരു നിമിഷത്തെ വൈകാരിക പ്രക്ഷുബ്ധതയിൽ നിന്നും ഉണ്ടാകുന്ന വഴിവിട്ട ചിന്ത. ഏതൊരാത്മഹത്യയ്ക്ക് പിന്നിലുമുണ്ടാകും ഇത്തരം വൈകാരിക സമ്മർദ്ദങ്ങളുടെ വേലിയേറ്റങ്ങൾ. ഈ അവസ്ഥകളിലാണ് ഏതൊരാൾക്കും കേൾക്കാൻ മനസുള്ള സുഹൃത്തുക്കൾ ആവശ്യമായി തീരുന്നത്. ഒരു ചേർത്തു പിടിക്കലോ വാക്കോ മതിയാകും ഒരു ജീവിതം മാറ്റിമറിയ്ക്കാൻ. വർഗ്ഗ-വർണ്ണ ബോധമോ, ജാതി-മത ചിന്തയോ, ലിംഗവ്യത്യാസമോ പണമോ ഒന്നുമല്ല നമ്മളെ നിയന്ത്രിക്കേണ്ടത്. സ്വതന്ത്ര ബോധമുള്ള സ്വയം ബുദ്ധിയും സ്വത്വാവബോധവുമാണ് ഒരോ പെണ്ണിനും വേണ്ടത്. വികാരങ്ങൾക്കടിപ്പെടാതെ മാനസിക സമ്മർദ്ദങ്ങളിൽപ്പെട്ട് ഉഴറാതെ ഏത് പ്രതിസന്ധികളെയും തരണം ചെയ്യാൻ കെല്പുള്ള സ്ത്രീസമൂഹം ഉയർന്നു വരണം. അങ്ങനെ സ്വയം തിരിച്ചറിവുള്ള കാലം ആവശ്യപ്പെടുന്ന പെണ്ണിടങ്ങൾ രൂപപ്പെടട്ടെ.



# വൈകാരിക പീഡനം എങ്ങനെ തിരിച്ചറിയാം? പരിഹാരമെന്ത്?



**വാണിദേവി**
സൈക്കോളജിസ്റ്റ്, എൻലൈറ്റ് സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്മെന്റ്, തിരുവനന്തപുരം

മകൾ, ഭാര്യ, അമ്മ എന്നിങ്ങനെ എല്ലാ തലങ്ങളിലും നിരവധി വെല്ലുവിളികൾ നേരിടേണ്ടിവരുന്നവരാണ് സ്ത്രീകൾ. നമുക്ക് ചുറ്റുമുള്ള സ്ത്രീകളിൽ പലരും ലൈംഗിക ചൂഷണങ്ങൾക്കും സ്ത്രീധന ഗാർഹിക പീഡനങ്ങൾക്കും ഇരയായവരും ഇരകളായി ഇപ്പോഴും തുടരുന്നവരുമാണ്. സ്വന്തം കുടുംബത്തിനുള്ളിൽ തന്നെ സ്ത്രീകൾ വൈകാരിക അധിക്ഷേപങ്ങൾക്കും പീഡനങ്ങൾക്കും ഇരയാക്കപ്പെടുന്നത് മറ്റെല്ലാം പീഡനങ്ങളും പോലെ ഏറെ ഗൗരവതരമാണ്. ഞാൻ അടുത്തിടെ പരിചയപ്പെട്ട, ഒരു യുവതിയുടെ യാഥാർത്ഥ ജീവിതകഥയിലൂടെ വിഷയത്തിലേക്ക് കടക്കാം;

സ്വന്തമായി സംരംഭം പടുത്തുയർത്തി സമൂഹത്തിൽ ഏറെ അഭിമാനത്തോടെ ജീവിക്കുന്ന 36 കാരിയാണ് രാജി (പേര് സാങ്കൽപ്പികം). ഉന്നത ഉദ്യോഗസ്ഥ ദമ്പതികളുടെ രണ്ടു മക്കളിൽ ഏക പെൺകുട്ടിയായാണ് രാജി ജനിച്ചു വളർന്നത്. പ്ലസ് ടു കാലഘട്ടത്തിൽ തന്നെ ഇടത്തരം കുടുംബത്തിലെ യുവാവായ രമേശുമായി രാജി ഇഷ്ടത്തിലായി. ഡിഗ്രി പഠനത്തിന്റെ അവസാനകാലത്തോടെ ഇവർ വിവാഹിതരാകുകയും ചെയ്തു. ഇവരുവർക്കും ഒരു മകളുമുണ്ടായി. ഇതിനിടെ രമേശിന്റെ ഡൽഹിയിലെ ജോലി സ്ഥലത്തേക്ക് ഇവർ താമസം മാറി.

ക്രമേണ രമേശിന്റെ സ്വഭാവത്തിലുണ്ടായ മാറ്റം രാജി ശ്രദ്ധിക്കാൻ തുടങ്ങി. കുട്ടിയെ ഒന്ന് എടുക്കാൻ പോലും അയാൾ പലപ്പോഴും തയാറായിരുന്നില്ല. മർദ്ദനവും ശകാരവുമൊക്കെ പതിവായി. അവഗണനയും പീഡനങ്ങളും വർധിച്ചതോടെ രാജി മകളുമായി സ്വന്തം വീട്ടിലേക്ക് മടങ്ങി.

വീട്ടിലെത്തിയ രാജി പഠനം തുടർന്നു. ഇതിനിടെ രമേശിന്റെ ഭാഗത്ത് നിന്നുള്ള ഫോൺ വിളികളും ക്രമേണ കുറഞ്ഞു. വർഷത്തിൽ ഒന്നോ, ഏറിയാൽ രണ്ടു തവണ മാത്രമായിരുന്നു രമേശ് നാട്ടിൽ എത്തിയിരുന്നത്. ഇതിനിടെ പല സ്ത്രീകളുമായും രമേശ് അടുപ്പം പുലർത്തിയിരുന്നതായി അയാളുടെ തന്നെ സുഹൃത്തുക്കൾ വഴി രാജി അറിഞ്ഞു. ഡൽഹിയിൽ നിന്നും എറണാകുളത്തെ വീട്ടിലേക്ക് എത്തേണ്ട രമേശ്, തിരുവനന്തപുരത്ത് വിമാനം ഇറങ്ങി വിവാഹിതയായ മറ്റൊരു സ്ത്രീക്കൊപ്പം രണ്ടു ദിവസം ചെലവഴിച്ച ശേഷമാണ് വീട്ടിലെത്തുന്നത്. രമേശിനുണ്ടായിരുന്ന ഒന്നിലധികം വിവാഹേതര ബന്ധങ്ങൾ തെളിവ് സഹിതം പലപ്പോഴും കണ്ടെത്തിയിട്ടുണ്ടെങ്കിലും, ഇക്കാര്യം അയാളോട് നേരിട്ട് ചോദിക്കാൻ രാജിക്ക് ഭയമായിരുന്നു.

പത്ത് ദിവസത്തെ അവധിക്കാണ് രമേശ് വീട്ടിൽ എത്തുന്നതെങ്കിലും ആ ദിവസങ്ങളിൽ ശാരീരികവും മാനസികവുമായ കൊടിയ പീഡനമാണ് രാജിക്ക് നേരിടേണ്ടി വന്നിട്ടുള്ളത്. രാജിയുടെ ബന്ധുക്കൾക്കും നാട്ടുകാർക്കും മുന്നിൽ വളരെ സൗമ്യനായി ഇടപെട്ടിരുന്ന രമേശ്, പക്ഷെ രാജിയോട് അങ്ങനെ ആയിരുന്നില്ല. രമേശ് പുറത്ത് നല്ലൊരു ഇമേജ് ഉണ്ടാക്കിയെടുത്തിട്ടുള്ളതിനാൽ താൻ അനുഭവിക്കുന്ന പീഡനം രാജിക്ക് സ്വന്തം മാതാപിതാക്കളോട് പോലും തുറന്നു പറയാനായില്ല. രമേശിനെക്കുറിച്ച് എന്ത് പറ

ഞ്ഞാലും ആരും വിശ്വസിക്കില്ലെന്നതു തന്നെയായിരുന്നു കാരണം.

രാജി ഒറ്റയ്ക്കുള്ള അവസരങ്ങളിൽ ഇടതടവില്ലാതെ മാനസികവും വൈകാരികവുമായി പീഡിപ്പിക്കുക എന്നതാണ് ഇയാളുടെ രീതി. ഇതിനിടെ രമേശ് രാജിയെ സംശയിക്കാനും തുടങ്ങി. രാജിയുമായി സൗഹൃദമുള്ള എല്ലാവരിലേക്കും ആ സംശയം നീണ്ടു. രാജി ആരോടൊക്കെ സംസാരിക്കുന്നു എന്നറിയാൻ ഫോണിൽ സോഫ്ട് വെയറുകൾ ഇൻസ്റ്റാൾ ചെയ്ത ശേഷമാണ് ഇയാൾ ജോലി സ്ഥലത്തേക്ക് മടങ്ങുന്നത്. ഒരിക്കൽ രാജിയുടെ വാട്സാപ് സ്വന്തം ലാപ്പിൽ തുറന്ന ശേഷമാണ് രമേശ് ഡൽഹിയിലേക്ക് പോയത്.

വിളിക്കുന്നത് വല്ലപ്പോഴുമാണെങ്കിലും അപ്പോഴൊക്കെ കുറ്റപ്പെടുത്തലുകൾ മാത്രമാണ് രമേശിന്റെ ഭാഗത്ത് നിന്നുണ്ടായത്. ഇതിനിടെ ഒരു ആൺകുട്ടി കൂടി ഇവർക്കുണ്ടായി. എന്നാൽ ഈ കുട്ടികൾ എങ്ങനെ വളരുന്നുവെന്ന് അന്വേഷിക്കാനോ അവരോടു ഫോണിൽ സംസാരിക്കാനോ രമേശിന് സമയമില്ല. നാട്ടിൽ എത്തിയാൽ രാവിലെയും വൈകുന്നേരവും അമ്പലത്തിൽ പോകുന്നത് രമേശിന് നിർബന്ധമാണ്. എന്നാൽ ഭാര്യയെയോ മക്കളെയോ ഒപ്പം കൂട്ടാൻ തയാറല്ല. സ്വസ്ഥമായി പ്രാർഥിക്കാൻ സാധിക്കില്ലെന്നതാണ് ഇതിനു നൽകുന്ന ന്യായീകരണം.

ഇതിനിടെ ആറു വർഷത്തിനു ശേഷം രമേശിന് നാട്ടിലേക്ക് സ്ഥലം മാറ്റം കിട്ടി.ഡൽഹിയിൽ ഒപ്പമുണ്ടായിരുന്ന പെൺസുഹൃത്ത് ഭർത്താവിനൊപ്പം വീണ്ടും പോയത് കോവിഡ് കാലത്ത് രമേശിനെ അസ്വസ്ഥനാക്കി. ലോക് ഡൗൺ കാലത്ത് മറ്റു പെൺസുഹൃത്തുക്കളും പല കാരണങ്ങൾ കൊണ്ടും രമേശുമായുള്ള ബന്ധം മുറിച്ചു. കോവിഡ് ഭീതിയും ഒറ്റപ്പെടലും രമേശിനെ അസ്വസ്ഥനാക്കി. ഇതോടെ നാട്ടിലേക്ക് വരാൻ തീരുമാനിക്കുകയായിരുന്നു.

ഇതിനിടെ രാജി 2016 മുതൽ നാട്ടിൽ സ്വന്തമായി ഒരു സംരംഭം ആരംഭിച്ചിരുന്നു. രമേശ് ഡൽഹിയിൽ ആയിരുന്ന കാലത്ത് കുട്ടികളുടെ ചെലവിന് പോലും പണം നൽകാൻ തയാറാകാത്തതാണ് സ്വന്തം കാലിൽ നിൽക്കണമെന്ന ദൃഢനിശ്ചയത്തിൽ എത്താൻ രാജിയെ പ്രേരിപ്പിച്ചത്. രമേശ് വീണ്ടും നാട്ടിലേക്ക് മടങ്ങി എത്തുമെന്നത് രാജിയെയും അസ്വസ്ഥയാക്കി. ആദ്യ ദിവസങ്ങളിൽ സ്നേഹത്തോടെയായിരുന്നു രമേശിന്റെ പെരുമാറ്റം. തനിക്ക് ഒരുപാട് തെറ്റുകൾ പറ്റിയിട്ടുണ്ടെന്നും ഇനിയെങ്കിലും എനിക്ക് ഭാര്യയെ സ്നേഹിക്കണമെന്നുമാണ് രമേശ് രാജിയോട് ഇടയ്ക്കിടെ പറഞ്ഞിരുന്നത്. ഇതിനു പിന്നാലെ ഇനി ഡൽഹിയിലേക്ക് ഇല്ലെന്നു തീരുമാനിച്ച രമേശ് നാട്ടിലേക്ക് സ്ഥലം മാറ്റം സംഘടിപ്പിക്കുകയും ചെയ്തു. എന്നാൽ രമേശിന്റെ സ്വഭാവം ക്രമേണ മാറാൻ തുടങ്ങി. വീണ്ടും രാജിയെ സംശയമായി. ഫോൺ പരിശോധിക്കലും പതിവാക്കി. ഇതിനു പിന്നാലെ രമേശും രാജിക്കൊപ്പം അവളുടെ ഓഫീസിൽ എത്തുന്നത് പതിവാക്കി. കുത്തു വാക്കുകൾക്കും കുറ്റപ്പെടുത്തലുകൾക്കും പുറമെ ഓഫീസിൽ പോലും അങ്ങോട്ടോ ഇങ്ങോട്ടോ രാജിയെ അനങ്ങാൻ സമ്മതിക്കാത്ത രീതിയിലായിരുന്നു രമേശിന്റെ പെരുമാറ്റം. ഓഫീസും വീടും ഒന്നാക്കാൻ പറ്റില്ലെന്ന് രാജി പറഞ്ഞെങ്കിലും രമേശ് നിഴലു പോലെ രാജിയെ വീർപ്പുമുട്ടിക്കാൻ തുടങ്ങി. ഇതിനിടെ രാജിയുടെ ഓഫീസിലെ കമ്പ്യൂട്ടറിൽ സംഭഷണങ്ങൾ റെക്കോഡ് ചെയ്യാനുള്ള ഫോണും രമേശ് രഹസ്യമായി ഘടിപ്പിച്ചു. താൻ എപ്പോഴെങ്കിലുമൊക്കെ പുറത്തു പോകുമ്പോൾ രാജി ആരോടൊക്കെ എന്തൊക്കെ സംസാരിക്കും എന്നതു കണ്ടെത്തുകയായിരുന്നു ലക്ഷ്യം. എന്നാൽ ഈ രഹസ്യ ഫോൺ രാജിയും സഹപ്രവർത്തകരും കണ്ടെടുത്തതോടെ രമേശ് ഓഫീസിലേക്കുള്ള പതിവ് വരവ് അവസാനിപ്പിച്ചു.

എങ്കിലും വീട്ടിൽ ഇരുന്ന് പണി തുടർന്ന രമേശ്, രാജിയെ ഓരോ മിനിട്ടും ഇടവിട്ട് ഫോണിൽ വിളിക്കാൻ തുടങ്ങി. സ്നേഹത്തോടെയാണ് സംഭാഷണം തുടങ്ങുന്നതെങ്കിലും രാജിയെ മാനസികമായി തകർക്കുന്ന രീതിയിലാണ് അവ അവസാനിക്കുന്നത്. തുടർച്ചയായി ഭർത്താവ് വിളി തുടങ്ങിയതോടെ രാജിക്കും ജോലിയിൽ ശ്രദ്ധിക്കാൻ പറ്റാതെയായി. ഇതോടെ പലപ്പോഴും രാജി രമേശിന്റെ



ഫോൺ കോൾ കണ്ടില്ലെന്നു നടിക്കും. വൈകുന്നേരം വീട്ടിൽ എത്തുമ്പോൾ അതേച്ചൊല്ലിയാകും രമേശിന്റെ സംസാരം. രാജിയെ വൈകാരികമായി പീഡിപ്പിച്ച് മാനസികമായി തകർക്കുക എന്നത് മാത്രാണ് അയാളുടെ ലക്ഷ്യം. ഇതിനിടെ രാജിയുടെ സ്ഥാപനം അടയ്ക്കണമെന്ന ആവശ്യവും രമേശ് മുന്നോട്ടു വച്ചു. എന്നാൽ രാജി അതിനു തയാറായില്ല.

രമേശ് അടിസ്ഥാനപരമായി ഒരു ഫ്രോഡ് ആണെന്നു മനസിലാക്കിയ രാജി ഇപ്പോൾ എന്തും നേരിടാൻ ഏറെ ശക്തയാണ്. വീട്ടിലുണ്ടെങ്കിലും കുട്ടികൾക്കു വേണ്ടി പോലും ഒന്നും ചെയ്യാൻ തയാറാകാത്ത രമേശ് തനിക്കും കുട്ടികൾക്കും ജീവിതകാലം മുഴുവൻ ഒരു ബാധ്യതയാണെന്ന് രാജിക്ക് അറിയാം. രമേശിനൊപ്പമുള്ള ജീവിതത്തിൽ തനിക്കും ഒരിക്കലും സമാധാനം കിട്ടില്ലെന്നും രാജി പറയുന്നു. ഒരിക്കൽ സ്നേഹമായിരുന്ന രമേശിനോട് തനിക്ക് ഇപ്പോൾ പുച്ഛവും വെറുപ്പും മാത്രമാണ് തോന്നുന്നത്. ഇത്തരം മനോവൈകൃതമുള്ള ഒരാളെ നന്നാക്കിയെടുക്കാൻ ഒരിക്കലും പറ്റില്ലെന്നും രാജിക്ക് അറിയാം. എതായാലും സ്വന്തം ആത്മാഭിമാനവും കുട്ടികളുടെ ഭാവിജീവിതവും പണയപ്പെടുത്തി ഈ ബന്ധം മുന്നോട്ടു കൊണ്ടുപോകേണ്ടതില്ലെന്ന ഉറച്ച തീരുമാനത്തിൽ എത്തിയിരിക്കുകയാണ് രാജി.

ഈ ജീവിത കഥയിൽ ഗാർഹിക ലൈംഗിക പീഡനങ്ങളേക്കാൾ രാജി എന്ന സ്ത്രീയെ ഏറെ തകർത്തത് വൈകാരിക പീഡനമാണെന്നതു വ്യക്തം. ലൈംഗികവും ശാരീരികവും ഗാർഹികവുമായ പീഡനങ്ങൾ വേഗത്തിൽ തിരിച്ചറിയാം. അതുകൊണ്ടു തന്നെ പലരും ഇത്തരം പീഡനങ്ങൾക്ക് നിയമപരമായ പരിഹാരം ഉണ്ടെന്ന് ബോധ്യമുള്ളവരും ന്യൂനപക്ഷമെങ്കിലും അതിനെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നവരുമാണ്. എന്നാൽ വൈകാരിക പീഡനങ്ങൾക്ക് നിയമപരിഹാരം ഉണ്ടെന്നോ അത് വലിയൊരു കുറ്റമാണെന്നോ വൈകാരിക പീഡനമെന്നത് ഉണ്ടെന്നോ അത് അനുഭവിക്കുന്ന പലരും ഇന്നും തിരിച്ചറിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം.വൈകാരിക പീഡനത്തിന് ഇരയാകുന്നവർ ക്രമേണ എല്ലാ തെറ്റുകളും തന്റേതാണെന്ന ചിന്തയിൽ മാനസികമായി തകർന്ന് ആത്മാഭിമാനം പോലും തകരുന്ന അവസ്ഥയിലേക്കാണ് എത്താറുള്ളത്. എന്നാൽ രാജിയെ പോലെ ചില സ്ത്രീകളെങ്കിലും ഇതിനെതിരെ ശക്തമായി പ്രതികരിക്കുന്നുണ്ടെന്നത് ആശാവഹമാണ്.

**വൈകാരിക പീഡകരുടെ പെരുമാറ്റങ്ങളും ശീലങ്ങളും;**

**അപമാനിക്കൽ, അവഗണന, കുറ്റപ്പെടുത്തൽ**

നിസ്സാരപ്രശ്നങ്ങളുടെ പേരിൽ പോലും മാനസികമായി അവഹേളിച്ചും അഭിപ്രായങ്ങളെ പരിഹസിച്ചു തള്ളിയും കുറ്റപ്പെടുത്തിയുമാണ് ഇത്തരം പീഡകർ ഇരയ്ക്കു മേൽ മാനസിക മേധാവിത്വം നേടുന്നത്.

ഉദാഹരണമായി നീ ഒരു ലോക പരാജയമാണെന്നോ, ദുരന്തമെന്നോ ഇടയ്ക്കിടെ പറഞ്ഞ് ഇരകളെ മാനസികമായി അടിച്ചമർത്തും. എപ്പോഴും കുറ്റപ്പെടുത്തും. നീ ഒരിക്കലും നന്നാകില്ലെന്ന് ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരിക്കും. നീ നന്നാകാൻ ശ്രമിക്കുന്നുണ്ട് പക്ഷെ നിന്നെക്കൊണ്ട് അതിന് സാധിക്കില്ലെന്നു പറഞ്ഞും ഇത്തരക്കാർ ഇരകളെ തളർത്തും. അതുമല്ലെങ്കിൽ നിങ്ങളെ സംബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം പറയാൻ ശ്രമിക്കുമ്പോൾ കണ്ണുരുട്ടിയോ മറ്റെന്തെങ്കിലും തരത്തിലോ അതിനെ തടയും. ഇനി നിങ്ങളെ പരിഹസിക്കുന്നത് ചോദ്യം ചെയ്താൽ ഞാൻ അത് തമാശയ്ക്ക് പറഞ്ഞതല്ലേയെന്നു പറഞ്ഞ് ഒഴിഞ്ഞു മാറും. പുറത്തേക്ക് പോകാൻ ഒരുങ്ങി ഇറങ്ങിയാൽ, നിന്റെ മുടി ശരിയല്ല അല്ലെങ്കിലും നീ കൊള്ളില്ല എന്ന തരത്തിലുള്ള കുറ്റപ്പെടുത്തലുകളും പതിവായി നടത്തും. നിന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ലെന്നു പറയുന്നതിനൊപ്പം എന്തെങ്കിലും നേട്ടമുണ്ടെങ്കിൽ അതെല്ലാം താൻ കാരണമാണെന്നും ഇത്തരം പീഡകർ പറയും. നിങ്ങൾക്ക് ഇഷ്ടമുള്ള എന്തുകാര്യത്തെയും ഇവർ പരിഹസിച്ചുകൊണ്ടേയിരിക്കും. നിങ്ങൾക്ക് വിഷമമുണ്ടാക്കാക്കുന്ന ഏതെങ്കിലും ഒരു കാര്യം തിരിച്ചറിഞ്ഞു കഴിഞ്ഞാൽ ഇടയ്ക്കിടെ അതു പറഞ്ഞ് നിങ്ങളെ മാനസികമായി തളർത്തിക്കളയും.

**നാണംകെടുത്തി ആധിപത്യം സ്ഥാപിക്കും**

നിങ്ങളുടെ കുറവുകൾ കണ്ടെത്തി നിങ്ങൾക്കു മേൽ മാനസിക ആധിപത്യം സ്ഥാപിക്കാൻ ഇത്തരക്കാർ ഉപയോഗിക്കുന്ന മാർഗങ്ങളിലൊന്നാണ് പരസ്യമായി നാണം കെടുത്തൽ. കുട്ടികളെയും കൊണ്ട് എങ്ങോട്ടെങ്കിലും പോകുമെന്നും എനിക്ക് ഇഷ്ടമുള്ളത് ചെയ്യുമെന്നുമൊക്കെ ഭീഷണിപ്പെടുത്തിയും ഇവർ ആധിപത്യം സ്ഥാപിക്കുക. അയാൾ ഫോൺ ചെയ്യുമ്പോഴോ മെസേജ് അയയ്ക്കുമ്പോഴോ അപ്പോൾ തന്നെ പ്രതികരിക്കണമെന്ന് ശഠിക്കും. നിങ്ങളുടെ ഫോണിലെ സെർച്ച് ഹിസ്റ്ററി, ആർക്കൊക്കെ മെസേജുകൾ അയച്ചു, ആരെയൊക്കെ വിളിച്ചു, ഏതൊക്കെ മെയിലുകൾ വന്നു ഇതൊക്കെ ഇവർ ഇടയ്ക്കിടെ പരിശോധിച്ചുകൊണ്ടേയിരിക്കും. നിങ്ങളുടെ എല്ലാ കാര്യങ്ങളിലും അയാളാകും തീരുമാനം എടുക്കുക. പണം വേണമെങ്കിൽ പോലും അപേക്ഷിക്കേണ്ട അവസ്ഥയുണ്ടാക്കും.

ഭക്ഷണം എടുത്തു വയ്ക്കൂ, കിടക്ക വിരിക്കൂ തുടങ്ങിയ ആജ്ഞകളും ഇത്തരക്കാരുടെ ഭാഗത്ത് നിന്നുണ്ടാകും. നിങ്ങൾ എന്ത് ധരിക്കണമെന്നു തീരുമാനിക്കുന്നതു പോലും അയാളായിരിക്കും. കുട്ടികളെ പേടിപ്പിക്കുന്നതു പോലെ നിങ്ങളെയും അയാൾ ഭയപ്പെടുത്തും. പൊതുസമൂഹത്തിൽ ഇത്തരക്കാർ മാന്യൻമാരായി പെരുമാറുമെങ്കിലും വീടിനുള്ളിലെത്തി

യാൽ എല്ലാം പഴയതു പോലെയാകും. എല്ലാവരും പറയുന്നു നീ ശരിയല്ല, അല്ലെങ്കിൽ മോശക്കാരിയാണ് തുടങ്ങിയ കുറ്റപ്പെടുത്തലുകളും ഇടയ്ക്കിടെയുണ്ടാകും.

**നിങ്ങളെ കുറ്റവാളിയാക്കും സ്വന്തം കുറ്റം സമ്മതിക്കില്ല**

ഒരു തർക്കം സൃഷ്ടിക്കുന്നതിനു വേണ്ടി മാത്രം തർക്കിക്കാൻ തുടങ്ങുകയും പരസ്പരവിരുദ്ധമായ വാചകങ്ങൾ പറയുകയും സ്വയം ന്യായീകരിച്ച് നിങ്ങളെ നിസ്സാരകാര്യങ്ങൾക്കു പോലും കുറ്റപ്പെടുത്തും. ഉണ്ടായ പ്രശ്നങ്ങളെല്ലാം നിങ്ങൾ കാരണമാണെന്ന വിധത്തിൽ മറ്റുള്ളവരുടെ മുന്നിൽ വരുത്തിതീർത്ത് നിങ്ങളെ കുറ്റപ്പെടുത്തി, സ്വയം ന്യായീകരിച്ച് അനുകമ്പ പിടിച്ചുപറ്റും. നിങ്ങളുടെ വിലപിടിപ്പുള്ള സാധനങ്ങളോ (മൊബൈൽ, ലാപ്ടോപ്, ആഭരണങ്ങൾ) അത്യാവശ്യ സാധനങ്ങളോ (കാറിന്റെ താക്കോൽ, , മേക്കപ്പ് സാധനങ്ങൾ) നശിപ്പിക്കുകയോ ഒളിപ്പിക്കുകയോ ചെയ്തശേഷം നിങ്ങളുടെ അശ്രദ്ധയാണെന്നു പറഞ്ഞ് കുറ്റപ്പെടുത്തും. അവർ ചെയ്ത തെറ്റുകൾ ഒരിക്കലും ഒരുകാലത്തും സമ്മതിക്കില്ല.




**വൈകാരികമായി തളർത്തി സമൂഹത്തിൽ ഒറ്റപ്പെടുത്തും**

നിങ്ങളെ ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും പൂർണമായും ഒറ്റപ്പെടുത്തും. ഇതിന്റെ ഭാഗമായി നിങ്ങളുടെ മൊബൈലും സമൂഹമാധ്യമങ്ങളുടെ ഉപയോഗവും നിരീക്ഷിക്കുകയും അതിലെ നിങ്ങളുടെ ഓരോ പ്രവർത്തനങ്ങളെയും ചോദ്യം ചെയ്യുകയും കുറ്റപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്ത് സമൂഹവുമായി ബന്ധപ്പെടുന്നതിനുള്ള എല്ലാ സാധ്യതകളും അടയ്ക്കും. സദാ സംശയാലുക്കളായ ഇവർ നിങ്ങളുടെ മൊബൈലിലോ മറ്റു ഇലക്ട്രോണിക് ഉപകരണങ്ങളിലോ സ്പൈ വെയറുകൾ പോലുള്ളവ ഇൻസ്റ്റാൾ ചെയ്ത് നിങ്ങളെ നിരീക്ഷണവലയത്തിൽ പ്പെടുത്താം. ഇത്തരക്കാർ പൊതുവെ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ളവ ഉപയോഗിക്കേണ്ടെന്ന് നേരിട്ട് നിങ്ങളോട് പറയുന്നതിനു പകരം വൈകാരികമായി തളർത്തി നിങ്ങളെക്കൊണ്ടു തന്നെ ഇത്തരമൊരു തീരുമാനത്തിൽ എത്തിക്കും.

നിങ്ങൾ വീടിനു പുറത്ത് ഇറങ്ങിയാൽ ഓരോ നിമിഷവും എവിടെയാണെന്ന് അന്വേഷിക്കുകയും എങ്ങോട്ടൊക്കെ പോകുന്നുവെന്ന് അറിയിക്കാൻ നിർബന്ധിക്കുകയും ചെയ്യും. ഇനി നിങ്ങൾ കാറോ മറ്റു വാഹനങ്ങളോ ഉപയോഗിക്കുന്നവരാണെങ്കിൽ ജി.പി.എസ് പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് നിങ്ങളെ ട്രാക്ക് ചെയ്യാനും ശ്രമിക്കും.

യാഥാർഥ്യബോധമില്ലാത്ത പ്രതീക്ഷകൾ നിങ്ങളുടെ ബന്ധത്തിൽ വച്ചു പുലർത്തി അവരുടെ ആവശ്യങ്ങൾ മാത്രം നടത്തുന്നതിനു വേണ്ടി നിങ്ങളുടെ എല്ലാ കാര്യങ്ങളും മാറ്റി വയ്ക്കണമെന്ന് വാശി പിടിക്കുകയും ഏത് സമയവും നിങ്ങൾ അവരുടെ കൂടെ ചെലവഴിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്യാം. എതിർത്താൽ ഭീഷണിപ്പെടുത്തിയോ ശാരീരികമായി ഉപദ്രവിച്ചോ അവരുടെ വരുതിയിൽ കൊണ്ടുവരാൻ ശ്രമിക്കും. ഇനി എത്ര നന്നായി നിങ്ങൾ പെരുമാറിയാലും അതിലൊന്നും അവർക്ക് തൃപ്തിയുണ്ടാകാതെ വൈകാരിക പീഡനം തുടരും.

**വൈകാരിക പീഡനത്തിന്റെ പരിണിത ഫലം**

ഇരയുടെ ആത്മാഭിമാനത്തെ നശിപ്പിക്കാൻ ശേഷിയുള്ളവയാണ് വൈകാരികമായ പീഡനങ്ങൾ. നിങ്ങൾ പീഡിപ്പിക്കപ്പെടുന്നുവെന്ന തിരിച്ചറിയലാണ് വൈകാരിക പീഡനത്തിന് പരിഹാരം കാണുന്നതിനുള്ള ആദ്യ നടപടി.

തിരിച്ചറിയപ്പെടാൻ ഏറ്റവും ബുദ്ധിമുട്ടുള്ളതും മറ്റുള്ളവരെ പറഞ്ഞ് മനസിലാക്കാൻ പ്രയാസുമുള്ളതു

മായ ഒന്നാണ് വൈകാരിക പീഡനം. കാരണം പീഡകൻ കുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ളവരോട് മാന്യമായാണ് പെരുമാറുന്നത് എന്നതു തന്നെ. സ്വയം ഇരയെ സംശയങ്ങളിലേക്ക് കൊണ്ടെത്തിക്കുകയും തന്റേതാണ് പ്രശ്നമെന്നു ചിന്തിപ്പിക്കുകയും ചെയ്ത്, വൈകാരിക പീഡനത്തിലൂടെ ആത്മാഭിമാനം തന്നെ നശിപ്പിച്ച് വിഷാദ രോഗം, ഉത്കണ്ഠ എന്നീ അവസ്ഥകളിലേക്ക് എത്തിക്കാം.

അടിച്ചമർത്തിയും ഒറ്റപ്പെടുത്തിയും അപമാനിച്ചും നിശബ്ദയാക്കിയും മാനസികമായി മേധാവിത്വം സ്ഥാപിക്കുകയെന്നതാണ് വൈകാരിക പീഡകരുടെ ഉദ്ദേശ്യം. ഇരയ്ക്കാകട്ടെ താൻ ഒരു കെണിയിൽ അകപ്പെട്ടതു പോലെ അനുഭവപ്പെടുകയും ബന്ധം തുടർന്നു കൊണ്ടു പോകാൻ ബുദ്ധിമുട്ട് നേരിടുകയും എന്നാൽ അതിൽ നിന്നും മോചിതയാകാൻ ഭയക്കുകയും ചെയ്ത് പഞ്ചസാര വെള്ളത്തിൽ വീണ ഈച്ചയുടെ അവസ്ഥയിലാകും.

നമ്മുടെ ബന്ധങ്ങളെ വിശകലനം ചെയ്യുമ്പോൾ വൈകാരിക പീഡനങ്ങൾക്ക് നാം വിധേയരാകുന്നുണ്ടോയെന്ന് തിരിച്ചറിയാനുള്ള സൂചകങ്ങളാണ് വിശദീകരിച്ചത്. ഇവയിൽ ചിലതെങ്കിലും ഏതെങ്കിലും ബന്ധങ്ങളിൽ നിന്നും നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ, അതിനർത്ഥം നിങ്ങൾ വൈകാരിക പീഡനത്തിന് ഇരയാണ് എന്നതു തന്നെയാണ്.

**വൈകാരികമായ പീഡനത്തെ എങ്ങനെ നേരിടാം?**

മേൽ പറഞ്ഞതു പോലെ വൈകാരികമായി നിങ്ങളെ പീഡിപ്പിക്കുന്ന ബന്ധം നിങ്ങൾ തിരിച്ചറിയുക എന്നതു തന്നെയാണ് പീഡന പരിഹാരത്തിനുള്ള ആദ്യപടി. പ്രശ്നപരിഹാരത്തിനായി നിങ്ങൾക്ക് എന്തൊക്കെ ചെയ്യാം;

ജീവിതത്തിൽ ഏറ്റവും പ്രാധാന്യം അവനവനു തന്നെയാണെന്ന് ആദ്യം തിരിച്ചറിയുക.

വൈകാരികമായി നിങ്ങളെ പീഡിപ്പിക്കുന്ന വ്യക്തിയെ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്നത് അവസാനിപ്പിച്ച്, നിങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനു മുൻഗണന നൽകുക.

അസ്വസ്ഥത ഉണ്ടാക്കുന്ന രീതിയിൽ ഉച്ചത്തിൽ സംസാരിക്കുകയോ അപമാനിക്കുകയോ ചെയ്യുന്ന രീതിയിൽ ഇനി മുതൽ നിങ്ങളോട് സംസാരിക്കാൻ പറ്റില്ലെന്നു ശക്തമായി തന്നെ പറയുക. ഇനി അത് ആവർത്തിച്ചാൽ നിങ്ങൾ എന്തു ചെയ്യുമെന്നും കൃത്യമായ മുന്നറിയിപ്പ് നൽകുക. പറയുന്ന കാര്യങ്ങൾ ചെയ്യണം, അല്ലാത്തവ പറയരുത്.

സ്വയം കുറ്റപ്പെടുത്തുന്നത് ഒഴിവാക്കുക. കുഴപ്പമെല്ലാം നിങ്ങളുടേതാണെന്ന തോന്നൽ വൈകാരിക പീഡനം അനുഭവിക്കുന്നവർക്കിടയിൽ ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽ പ്രശ്നം നിങ്ങളുടെ ഭാഗത്തല്ലെന്നു തിരിച്ചറിയുകയും സ്വയം കുറ്റപ്പെടുത്താതിരിക്കുകയും ചെയ്യുക.

നിങ്ങളുടെ സ്വഭാവമോ രീതികളോ മാറ്റുന്നതു കൊണ്ട് ഒരു പീഡകന്റെ സ്വഭാവത്തിൽ മാറ്റം വരില്ലെന്ന് തിരിച്ചറിയുക. അയാൾ എപ്പോഴും മോശമായി തന്നെ പെരുമാറിക്കൊണ്ടിരിക്കും. നിങ്ങൾക്ക് നിയന്ത്രിക്കാൻ പറ്റുന്നത് നിങ്ങളുടെ പ്രതികരണങ്ങൾ മാത്രമാണ്.

വൈകാരികമായി നിങ്ങളെ നിരന്തരം പീഡിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പെരുമാറ്റവും സ്നേഹപ്രകടനവും ഒഴിവാക്കുക. അവർ നിങ്ങളെ കുറ്റപ്പെടുത്തുകയോ അപമാനിക്കുകയോ നാണംകെടുത്തുകയോ ഒരു തർക്കത്തിനു മുതിരുകയോ ചെയ്യുമ്പോൾ തർക്ക വിഷയത്തെ കുറിച്ച് ന്യായീകരണങ്ങൾ നൽകിയും മാപ്പ് അപേക്ഷിച്ചും അവരെ സമാധാനിപ്പിക്കുന്ന വിധത്തിൽ പെരുമാറി തർക്കം അവസാനിപ്പിക്കാനോ പ്രശ്നം പരിഹരിക്കാനോ ശ്രമിക്കരുത്. കഴിയുമെങ്കിൽ ആ സാഹചര്യത്തിൽ നിന്നും മാറിപ്പോകുക. നിങ്ങൾ എത്രതന്നെ ശ്രമിച്ചാലും അവരെ സന്തോഷിപ്പിക്കാനോ യാഥാർത്ഥ്യം ബോധ്യപ്പെടുത്താനോ സാധിക്കില്ല. നിങ്ങൾ കൂടുതൽ വൈകാരിക പീഡനത്തിന് ഇരയാകുകയും മാനസികവ്യഥ അനുഭവിക്കേണ്ടി വരികയും ചെയ്യും.

നിങ്ങൾക്ക് വിശ്വാസമുള്ള ഒരു സുഹൃത്തിനോടോ കുടുംബാംഗത്തോടോ മാനസികാരോഗ്യ വിദഗ്ധനോടോ നിങ്ങൾ അനുഭവിക്കുന്നത് എന്താണെന്ന് തുറന്നു പറയുന്നത്, ഒറ്റപ്പെട്ടു എന്ന തോന്നൽ ഇല്ലാതാക്കാനും സത്യം അറിയുന്ന ആരെങ്കിലും ഉണ്ടല്ലോ എന്ന സമാധാനം സ്വയം ഉണ്ടാകാനും സഹായിക്കും.

എങ്ങനെയും ആ ബന്ധം അവസാനിപ്പിക്കാൻ തീരുമാനിക്കുക. ഇത്തരമൊരു ബന്ധം തുടരുന്നത് നിങ്ങൾക്ക് രണ്ടു പേർക്കും മാനസികമായും ശാരീരികമായും പ്രശ്നങ്ങൾ മാത്രമെ സൃഷ്ടിക്കൂ. വിശ്വാസമുള്ള ഒരു സുഹൃത്തിനോടോ കുടുംബാംഗത്തിനോടോ ഈ ബന്ധത്തിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനത്തിലെത്തുക. ഒരോരുത്തരുടെയും സാഹചര്യങ്ങൾ വ്യത്യസ്തമായതിനാൽ ഈ ബന്ധം അവസാനിപ്പിക്കാൻ അതിനനുസരിച്ചുള്ള മാർഗം സ്വീകരിക്കുക.

നിങ്ങൾ വൈകാരിക പീഡനത്തിന് ഇരയാകുന്നെന്ന് തിരിച്ചറിഞ്ഞാലുടൻ, അത് ഇന്നല്ലെങ്കിൽ നാളെ പരിഹരിക്കപ്പെടുമെന്നു കരുതുന്നത് തെറ്റായ ധാരണയാണ്. വൈകാരിക പീഡകർ ആത്മസംതൃപ്തി അടയുന്നതു തന്നെ ഇരകളെ വേദനിപ്പിച്ചു കൊണ്ടാണെന്നതിനാൽ, അവരെ നേർവഴിക്കു നടത്തുക അസാധ്യവും. എത്രയും വേഗം പരസ്പരം സംസാരിച്ച് ആ ബന്ധം ഉപേക്ഷിക്കുന്നതാകും തുടർന്നുള്ള നിങ്ങളുടെ ജീവിതത്തിന് കുറച്ചെങ്കിലും നിറം പകരുന്നത്. ലേഖനത്തിന്റെ തുടക്കത്തിൽ വിവരിച്ച ജീവിതകഥയിൽ, കൊടിയ യാതനകൾക്കൊടുവിൽ ഉചിതമായ തീരുമാനം എടുത്ത സ്ത്രീയുടെ ജീവിതം നിങ്ങൾക്കും പ്രചോദമാകട്ടെ.



ചർച്ചാവിഷയം

ഡോ.വി. ബിന്ദു
പ്രിൻസിപ്പൽ,
ഹോസർ പബ്ലിക് സ്കൂൾ
തമിഴ്നാട്

# വിഷമയമാകുന്ന ക്ലാസ് മുറികൾ

നിശബ്ദമായിരുന്നു ക്ലാസ് അധ്യാപകൻ ചോദ്യം ചോദിക്കുവാൻ തുടങ്ങുകയാണ് . എല്ലാ മുഖങ്ങളിലും തങ്ങിനിൽക്കുന്ന ഭയാനകത. ഉറക്കെ ഒരു ചോദ്യം മുഴങ്ങുന്നു. ചില കൈകൾ പതിയെ ഉയരാൻ ശ്രമിക്കുന്നുണ്ട്. ടീച്ചറുടെ തറച്ച നോട്ടം പല മുഖങ്ങളിൽ നിന്നും തെന്നിമാറി ഒരു കുട്ടിയിൽ ഉടക്കി. അവൾ താഴേക്ക് നോക്കിയിരിക്കുകയാണ്.

'രോഷ്നീ' നീട്ടിയൊരു വിളി.

സകലരും ഞെട്ടി. ഒരു വിറയലോടെ. രോഷ്നി നിവർന്നു.

'നീ ഉത്തരം പറ"

"എനിക്ക് അറിയില്ല സാർ."

അവളുടെ നെഞ്ചിടിപ്പ് ഇപ്പോൾ എല്ലാവർക്കും കേൾക്കാം.

"നിന്നെയൊക്കെ പറഞ്ഞിട്ട് എന്താ കാര്യം. വീട്ടിൽ ഇരിക്കുന്നവരെ വേണം പറയാൻ. യൂസ് ലെസ്സ് ഫെലോ."

ചുണ്ട് കോട്ടി പുച്ഛത്തോടെ ടീച്ചർ പിറുപിറുത്തു. രോഷ്നിയുടെ മനസ്സിൽ ഒരു വല്ലാത്ത നീറ്റൽ. ഈ മുറിവ് ചിലപ്പോൾ കാലത്തിനു പോലും മായ്ക്കാൻ കഴിയില്ല എന്നതാണ് സത്യം. Robert Merton പറഞ്ഞത് ഇങ്ങനെയാണ്

We get our social image in part by the way others see us and if we think others are seeing us as some stupid loser that is how we are going to see ourselves.

ശാരീരികമായ ഉപദ്രവത്തെക്കാൾ വാക്കാലുള്ള മുറിപ്പെടുത്തൽ, നിരന്തരമായി വിമർശനം, ഭയപ്പെടുത്തൽ, പരിഹാസം, താരതമ്യം ചെയ്യൽ, താഴ്ത്തി കെട്ടലുകൾ, മുദ്രചാർത്തൽ ഇവയെല്ലാം തന്നെ വൈകാരികമായി കുട്ടികളെ മാത്രമല്ല ഏതു പ്രായക്കാരെയും തളർത്താറുണ്ട്. ശാരീരികമായ ഉപദ്രവമൊന്നും നടക്കാത്തതിനാൽ മറ്റുള്ളവർക്ക് ഇത് പലപ്പോഴും നിസ്സാരമായി തോന്നിയേക്കാം. എന്നാൽ ഇത്തരത്തിലുള്ള മാനസികവും വൈകാരികവുമായ പീഡനം പലപ്പോഴും ഒരാളെ ഭ്രാന്തിന്റെ വക്കിലേക്ക് വലിച്ചിട്ടേക്കാം. ഡിപ്രഷൻ, അപകർഷതാബോധം, ഉൾവലിയൽ, ആത്മഹത്യ, പുകവലി, മദ്യപാനം, ലഹരി ഉപയോഗം, വീട് വിട്ട് ഇറങ്ങിപ്പോകൽ, ആക്രമണ സ്വഭാവം, ബന്ധങ്ങളിൽ സംഭവിക്കുന്ന വിടവ് ഇങ്ങനെ

പലതും വൈകാരികപീഡനത്തിന്റെ അനന്തരഫലങ്ങളായി കാണാൻ സാധിക്കും. ക്ലാസ് മുറികളിലെ ഇമോഷണൽ അബ്യൂസ് ഏറ്റവും വലിയ ദുരന്തമായി പല പഠനങ്ങളും പറയുന്നുണ്ട്. കുട്ടികളുടെ മനസ്സ് വളരെ ദുർബലമാണ്. അംഗീകാരവും അനുമോദനവും വേണ്ട കാലങ്ങളിൽ അവരെ തളർത്തുന്ന വാക്കുകൾ കുട്ടികളെ പഠനത്തിൽ വളരെ പുറകിലേക്ക് കൊണ്ട് പോകും എന്നതിൽ ഒരു സംശയവുമില്ല. പലതരം മാനസിക പെരുമാറ്റ വൈകല്യങ്ങൾക്കൊപ്പം തന്നെ സൈക്കോ രോഗങ്ങൾക്കും ഇവർ അടിമപ്പെട്ട് കാണാറുണ്ട്. അവരുടെ വ്യക്തിത്വത്തിന് അവർക്ക് യാതൊരു മതിപ്പും കാണുകയില്ല. ആത്മവിശ്വാസം ഇല്ലാതെ ജീവിതം മുഴുവൻ ഇവർക്ക് തള്ളി നീക്കേണ്ടി വരും. മറ്റുള്ളവരുടെ മുന്നിൽ വച്ച് കുട്ടികളെ കൊച്ചാക്കുക, ഒറ്റപ്പെടുത്തുക, വാക്കുകൊണ്ടോ പെരുമാറ്റം കണ്ടോ അംഗവിക്ഷേപങ്ങൾ കൊണ്ടോ അപമാനിക്കുക എന്നത് പല അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും ഒരു ക്രൂരവിനോദം ആയി തോന്നിയിട്ടുണ്ട് പലപ്പോഴും. ഇത് പലപ്പോഴും മുതിർന്നവരുടെ തന്നെ വികലമായ വ്യക്തിത്വം കൊണ്ടോ അവരുടെ തന്നെ മാനസിക രോഗങ്ങൾ മൂലമോ ആകാം. ഇത്തരത്തിൽ കുട്ടികളെ മാനസികമായി തകർക്കാൻ ശ്രമിക്കുന്നത് കുട്ടികളിൽ അച്ചടക്കബോധം ഉണ്ടാക്കാനാണ് എന്നുള്ള വ്യാജേനയാണ് പല അധ്യാപകരും ഈ രീതി പിന്തുടരുന്നത്. കുട്ടികളെ പരിഹസിച്ചും ഭയപ്പെടുത്തിയും പഠിപ്പിക്കാമെന്നും അനുസരിപ്പിക്കാമെന്നും ഇക്കൂട്ടർ വിശ്വസിക്കുന്നു . എന്നാൽ അറിഞ്ഞോ അറിയാതെയോ അവർ തകർത്തു താറുമാറാക്കുന്നത് ഒരു ജീവിതം മാത്രമാവില്ല. ജീവിതത്തോട് ചേർന്നു നിൽക്കുന്ന പല ജീവിതങ്ങൾ കൂടിയാണ്. ഒരിക്കൽ ഒരു അച്ഛനും അമ്മയും എന്റെ മുറിയിൽ വന്നു . അവരുടെ മകൾ പതിനൊന്നാം ക്ലാസ്സിലാണ്. പരീക്ഷയിൽ മാർക്ക് അല്പം കുറവാണ് കിട്ടാറുള്ളത് .അവളെ ഞാൻ മുറിയിലേക്ക് വിളിപ്പിച്ചു. “നിനക്ക് ആരാകണം ഭാവിയിൽ” “എനിക്ക് ഒരു പൈലറ്റ് ആകാൻ ആണ് ആഗ്രഹം.” അവൾ പറഞ്ഞു തീരും മുൻപേ അച്ഛനും അമ്മയും കൂടെ പൊട്ടിച്ചിരിച്ചു. ഇവളോ പൈലറ്റോ വല്ല ഓട്ടോയും ഓടിച്ചു പഠിക്കാൻ പറ മാഡം. അവരെ ഞാൻ വളരെ രൂക്ഷമായി തന്നെ നോക്കി. എല്ലാം നഷ്ടപ്പെട്ടവളെപ്പോലെ നിന്ന അവളോട് ക്ലാസിലേക്ക് തിരിച്ചു പോകാൻ ഞാൻ പറഞ്ഞു. നിങ്ങൾക്ക് സ്വന്തം കുട്ടിയിൽ വിശ്വാസമില്ലെങ്കിൽ ഈ ലോകത്ത് ഒരാൾക്കും അവളെ രക്ഷിക്കാനോ ഉയർത്താനോ കഴിയില്ല. അവളിലുള്ള വിശ്വാസം നഷ്ടപ്പെട്ട് നിങ്ങൾ പറയുന്നതാണ് അവൾ വിശ്വസിക്കുക . മാതാപിതാക്കൾ എന്ന നിലയിൽ നമുക്ക് കൊടുക്കാൻ കഴിയുന്നത് സന്തോഷം വിശ്വാസം ഇവയൊക്കെയാണ്. മാർക്ക് അല്ല ജീവിതവിജയത്തിനു വേണ്ടത് . അവളെ വിശ്വസിക്കൂ. ഒരുനാൾ പൈലറ്റായി അവൾ നിങ്ങളെ അത്ഭുതപ്പെടുത്തും. ഞാൻ പറഞ്ഞു നിർത്തി. അവരുടെ കണ്ണുകൾ നിറയുന്നതു പോലെ തോന്നി. മറ്റുള്ളവരുടെ പ്രത്യേകിച്ച് അധ്യാപകരുടെ അല്ലെങ്കിൽ രക്ഷാകർത്താക്കളുടെ വാക്കുകൾക്ക് ഹിപ്നോട്ടൈസ് ചെയ്യാനുള്ള കഴിവുണ്ടെന്ന് പലർക്കുമറിയില്ല . പലപ്പോഴും കൗൺസിലിംഗ് സെഷനുകളിൽ കാണാൻ കഴിഞ്ഞിട്ടുള്ളത് പെരുമാറ്റ വൈകല്യങ്ങളും മാനസിക പ്രശ്നങ്ങൾക്കും പിന്നിൽ വളരെ പണ്ട് അധ്യാപകരും രക്ഷാകർത്താക്കളും പറ



ഞ്ഞ വാക്കുകളോ പെരുമാറ്റമോ ആകാം എന്നുള്ള താണ് . അവരോടുള്ള സ്നേഹം കൊണ്ടാണ് 'ചീത്ത' പറഞ്ഞത് എന്നാണ് മിക്കവരുടെയും ന്യായീകരണം. സ്നേഹംകൊണ്ട് എങ്ങനെ പുച്ഛിക്കാനും മനസ്സിൽ മുറിപ്പെടുത്താനും കഴിയുമെന്നത് എല്ലാവരും ആലോചിക്കേണ്ട വിഷയമാണ്. മറ്റുള്ളവരോട് നന്നായി പെരുമാറാൻ കഴിയുന്നവർ തന്നെയാണ് ഏറ്റവും വേണ്ടപ്പെട്ടവരോട് മോശമായി പെരുമാറുന്നതും സംസാരിക്കുന്നതും. നീ എപ്പോഴും വൈകിയേ വരൂ. ഇരുപത്തിനാലു മണിക്കൂറും കളിയാണ്. നീ ഒരിക്കലും വീട് വൃത്തിയാക്കി വെക്കില്ല. നീ എപ്പോഴും തർക്കുത്തരം പറയും. നീ ഒരിക്കലും എന്നെ സ്നേഹിച്ചിട്ടില്ല. എപ്പോഴും എല്ലാവരും ഇങ്ങനെയൊക്കെ പറഞ്ഞു കേട്ടിട്ടുണ്ട്. 'എപ്പോഴും' 'ഒരിക്കലും' ഈ രണ്ടു വാക്കുകൾ അപകടകാരികളാണ് . ഇങ്ങനെ പൊതുവായി പറയുമ്പോൾ ഒന്ന് ഓർത്തു നോക്കൂ ഒരാൾക്ക് എപ്പോഴും മൊബൈൽ നോക്കി ഇരിക്കാൻ പറ്റുമോ. എപ്പോഴെങ്കിലും നേരത്തെ ക്ലാസ്സിൽ വരണമെന്ന് കുട്ടിക്കു തോന്നിക്കൂടെ . ശാരീരിക പോരായ്മകൾ, പൊക്കം, പഠനവൈകല്യങ്ങൾ, നിറം, ശരീരത്തിലെ വണ്ണം, കുടുംബപശ്ചാത്തലം, ജാതിപ്പേര്, വ്യക്തിയുടെ പേര് ഇതെല്ലാം മാനസികവും വൈകാരികവുമായ പീഡനത്തിന് ഇരകളാകാൻ ചെറുപ്രായത്തിലെ കുട്ടികൾക്കു കാരണങ്ങൾ ആയി മാറാറുണ്ട്. അധ്യാപക രക്ഷാകർത്തൃ മീറ്റിംഗുകൾ പലപ്പോഴും കുട്ടികൾക്ക് മാനസിക പീഡനാനുഭവം ആയി മാറുന്നത് കണ്ടിട്ടുണ്ട്. ഡൽഹിയിൽ ഒരു സ്കൂളിൽ തന്നെ നടന്ന കൊലപാതകം പോലും ഇത്തരത്തിലുള്ള ഒരു മീറ്റിംഗ് ഒഴിവാക്കാൻ വേണ്ടിയായിരുന്നു എന്നറിയുമ്പോൾ ഈ വിഷയം സ്കൂളുകൾ എത്ര ഗൗരവമായി ചർച്ച ചെയ്യേണ്ടി ഇരിക്കുന്നു എന്ന് തിരിച്ചറിയേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. അധ്യാപകർക്ക് ഈ വിഷയത്തിൽ വേണ്ട രീതിയിൽ അവബോധം കൊടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അവരുടെ വാക്കുകളും പെരുമാറ്റവും എങ്ങനെ ആകണം എങ്ങനെ ആയിക്കൂടാ എന്ന് അവർ തിരിച്ചറിയണം. സ്കൂളിലെ പ്രധാനാധ്യാപകർ വളരെ പ്രാധാന്യത്തോടെ ഈ വിഷയങ്ങൾ ചോദിച്ചറിയുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ് . ക്ലാസ് മുറികളിൽ എന്തു നടക്കുന്നു എന്ന് അവർ നേരിട്ട് അറിയണം . കുട്ടികളും രക്ഷാകർത്താക്കളും ആയി തുറന്ന് ആശയവിനിമയത്തിന് തയ്യാറാകണം .അവരെയും ഈ വിഷയത്തിൽ ബോധവൽക്കരണം ചെയ്യണം .ക്ലാസ് പിടിഎ രൂപീകരിച്ച ഒത്തുചേരുകയും സുതാര്യമായി എല്ലാം തുറന്നു സംസാരിക്കുവാൻ കുട്ടികൾക്കും മാതാപിതാക്കൾക്കും അധ്യാപകർക്കും അവസരം കൊടുക്കേണ്ടതുമാണ്. ഓർക്കുക കുട്ടികൾ മാത്രമല്ല നമ്മൾ ഓരോരുത്തരും കേൾക്കേണ്ട വാക്കുകൾ ഉണ്ട് . നമ്മുടെ ജീവിതത്തിന് ഊർജ്ജം നൽകുന്ന നമ്മളെ തട്ടിയുണർത്താൻ കെൽപ്പുള്ള വാക്കുകൾ. അനുമോദനത്തിന്റേയും അംഗീകാരത്തിന്റേയും അടുപ്പത്തിന്റേയും വാക്കുകൾ.





# മാധ്യമങ്ങളിലെ ഭാഷാഹിംസ



**അപർണ വിശ്വനാഥൻ**
ഫൗണ്ടർ & ഡയറക്ടർ
സോഷിയോ (Zocio), ബാംഗ്ലൂർ

ജീവിതരീതികളേയും സ്വഭാവരൂപീകരണത്തേയും ഏറെ അധികം സ്വാധീനിക്കുന്ന ഒന്നാണ് മാധ്യമങ്ങൾ. ദൃശ്യമാധ്യമങ്ങളും സാമൂഹ്യമാധ്യമങ്ങളും ഇതിനു കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ഇത്തരം മാധ്യമങ്ങളിലൂടെ നമ്മൾ കാണുകയും വായിക്കുകയും ചെയ്യുന്ന പെരുമാറ്റരീതികളും ബഹുമാനമുറകളും നമ്മുടെ മനോഭാവങ്ങളേയും കാഴ്ചപ്പാടുകളേയും ഏറെ സ്വാധീനിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരം മാധ്യമങ്ങളിലൂടെ സമൂഹത്തിലേക്ക് പടരുന്ന സന്ദേശങ്ങളും അവ സൃഷ്ടിക്കുന്ന മാറ്റങ്ങളും സസൂക്ഷ്മം പരിശോധിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ വർദ്ധിച്ചുവരുന്ന അന്യായങ്ങളും അനീതികളും അക്രമങ്ങളും എല്ലാം പരിശോധിച്ചാൽ ചെയ്തികളിലേക്ക് നയിച്ച ഘടകങ്ങളിൽ മാധ്യമങ്ങൾക്കുള്ള പങ്ക് ഭയാനകമാം വിധം കൂടി വരികയാണെന്ന് കാണാൻ കഴിയും. അതിൽ സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങളാണ് ഏറെയും. ഒരു സ്ത്രീ എങ്ങിനെയൊക്കെയായിരിക്കണമെന്ന് ഏറ്റവും മോശമായ രീതിയിലൂടെയും അനാരോഗ്യകരമായ പെരുമാറ്റങ്ങളിലൂടേയും മാധ്യമങ്ങൾ ചിത്രീകരിക്കുമ്പോൾ കാലങ്ങളായുള്ള പുരുഷാധിപത്യത്തെ കൂടുതൽ ഊട്ടിയുറപ്പിക്കാനേ ഇത് സഹായിക്കുന്നുള്ളൂ. സ്വന്തം ശബ്ദത്തെ അംഗീകരിക്കുകയും ഇഷ്ടാനിഷ്ടങ്ങളെ തിരിച്ചറിയുകയും സ്വാതന്ത്ര്യത്തെ ബഹുമാനിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങളോ ചിത്രീകരണങ്ങളോ ആശയങ്ങളോ വിരളമാണ്. ഇന്ന് കാണുന്ന മാധ്യമ ഭാഷയും പെരുമാറ്റവും നമുക്കൊന്ന് വിശകലനം ചെയ്യാം സർവ്വംസഹയായ സ്ത്രീക്കാണ് ഇന്നും സമൂഹത്തിൽ ഏറെ ബഹുമാന്യത. വിദ്യാഭ്യാസ യോഗ്യതകളും തൊഴിൽപരമായ മോഹങ്ങളും എല്ലാം ഉണ്ടായിട്ടും അതെല്ലാം വേണ്ടെന്നുവെച്ച് കുടുംബത്തിനു വേണ്ടി മാത്രം ജീവിക്കുന്ന സ്ത്രീകളെയാണ് ഇന്നും സമൂഹവും മാധ്യമങ്ങളും ഇഷ്ടപ്പെടുന്നത്. ഇത് വളർത്തി വലുതാക്കാൻ ആണ് ഭൂരിഭാഗം ആളുകളുടെ ശ്രമങ്ങളും. ഇതിൽ ഏറ്റവും പേടിപ്പെടുത്തുന്നത് സ്വന്തം ശബ്ദത്തിൽ ഉറച്ചു നിൽക്കുന്ന സ്ത്രീകളെ എങ്ങിനെയൊക്കെ തരംതാഴ്ത്താമോ അത്തരത്തിലെല്ലാമുള്ള പ്രതീകവത്ക്കരണങ്ങളാണ്. എൺപതുകളിലെ സിനിമകളിൽ നമ്മൾ കണ്ടിരുന്ന അതേ കാര്യങ്ങളാണ് യാതൊരു വ്യത്യാസവും ഇല്ലാതെ ഇന്നത്തെ സായാഹ്ന സീരിയലുകളിലൂടെയും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. കാഴ്ചപ്പാടുകളും മനോഭാവങ്ങളും അന്നും ഇന്നും മാറ്റങ്ങളില്ലാതെ തുടരുന്നു എന്നു തന്നെയാണ് ഇതെല്ലാം വിളിച്ചോതുന്നത്. സ്ലീവ് ലെസ്സും സൺഗ്ലാസും ധരിക്കുന്ന സ്ത്രീകൾക്ക് ഇന്നും ഒരു ക്ലബ്ബ് ലേഡി എന്ന പരിവേഷമാണ്. അത്തരം കഥാപാത്രങ്ങൾ കുടുംബംകലക്കികൾ ആയാണ് പ്രദർശിപ്പിക്കപ്പെടുന്നത്. സമൂഹമാധ്യമങ്ങളുടെ കാര്യമെടുത്താൽ എവിടെ തുടങ്ങണം എങ്ങനെ തുടങ്ങണം എന്നതു തന്നെ ഒരു വിരോധാഭാസമാണ്. കുറെപ്പേർ ആരോഗ്യപരമായി സ്ത്രീകളെയും അവരുടെ പ്രവർത്തനങ്ങളെയും ആശയങ്ങളെയും പ്രോത്സാഹിപ്പിക്കുമ്പോൾ മറുവശത്ത് വളരെ മോശപ്പെട്ട ഭാഷയിലൂടെയും പ്രതികരണങ്ങളിലൂടെയും സ്ത്രീകളെ മുറിവേൽപ്പിക്കുന്നു. ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം എന്നീ സമൂഹമാധ്യമങ്ങളെല്ലാം ഒരുപാട് സ്ത്രീകൾക്ക് ശബ്ദം കണ്ടെത്താൻ സഹായിക്കുന്ന ഉപാധികളാണ്. പരിമിതങ്ങളായ സ്വാതന്ത്ര്യങ്ങളുടെ ചട്ടക്കൂടിനുള്ളിലൂടെ മാത്രം ലോകത്തെ വീക്ഷിക്കുന്ന സങ്കുചിത മനോഭാവം ഉള്ള സ്ത്രീകൾക്ക് ആശയവ്യക്തതയുള്ള സ്ത്രീകളെ ആരോഗ്യപരമായി ബഹുമാനിക്കാൻ ഇന്നും ബുദ്ധിമുട്ടാണ്. ഇത് പുരുഷന്മാർക്കും അവരുടെ മേധാവിത്വ മനോഭാവത്തെ ഒന്നുകൂടെ ഊട്ടിയുറപ്പിക്കാൻ സഹായകമാവുക മാത്രമാണ് ചെയ്യുന്നത്. ഇതിന്റെ ഉത്തമോദാഹരണങ്ങളാണ് സമൂഹമാധ്യമങ്ങളിൽ നമ്മൾ കാണുന്ന പല പോസ്റ്റുകളും അതിനുതാഴെ വരുന്ന കമന്റുകളും. പലപ്പോഴും ഉറച്ച സ്ത്രീശബ്ദങ്ങളെ ഇല്ലാതാക്കാൻ കൂട്ടായ ആക്രമണരീതികൾ ആണ് കണ്ടുവരുന്നത്. ഇതെല്ലാം കണ്ടു നിശബ്ദത പാലിക്കുന്നവരും ഒരു തരത്തിൽ ഇത്തരം മോശമായ ചിത്രീകരണങ്ങൾ അനുകൂലിക്കുകയാണ്. ഇതും സ്ത്രീകൾക്കെതിരായ ഇമോഷണൽ മെൻറൽ അബ്യൂസ് ആണെന്ന് ആരും തിരിച്ചറിയുന്നില്ല. സെൽഫ് കെയർ, സെൽഫ് ലവ്, സെൽഫ് റെസ്പെക്ട് ചെയ്യുന്ന സ്ത്രീകളെയാണ് ഇന്ന് നമുക്ക് ആവശ്യം. ഈ സന്ദേശം ഉറക്കെ വിളിച്ചു പറയുന്ന മാധ്യമങ്ങളും.




ചർച്ചാവിഷയം

**മായാലീല**
സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റ്

# പീഡനത്തിന്റെ ഭാഷ

പീഡനത്തിന് പല രൂപമാണ്, ശാരീരികം മാനസികം വൈകാരികം അങ്ങനെ പലത്. കുട്ടികളോട് ചെയ്യപ്പെടുന്ന, ഏറ്റവും കൂടുതൽ അവഗണിക്കുന്നതും അശ്രദ്ധമായി എല്ലാവരും ചെയ്യുന്നതുമായ ഒന്നാണ് മാനസിക പീഡനം. കുഞ്ഞുങ്ങളുടെ തലച്ചോറിന് ആ കുഞ്ഞ് വളർന്ന് വരുമ്പോൾ ഏത് തരത്തിലുള്ള വ്യക്തി ആകും എന്ന് നിർണ്ണയിക്കാനുള്ള കഴിവുണ്ട്. ജനിക്കുമ്പോൾ മുതൽ ആ കുഞ്ഞിന് കിട്ടുന്ന ദൈനംദിന അനുഭവങ്ങൾ ആണ് തലച്ചോറിനെ ഓരോ രീതിയിൽ പരുവപ്പെടുത്തുന്നത്. ആവർത്തിച്ച് കേൾക്കുന്നത് അവന്റെ/ അവളുടെ വിശ്വാസങ്ങളാകും, ആവർത്തിച്ച് ചെയ്യുന്നത് അവരുടെ ശീലങ്ങളാകും. വിശ്വാസങ്ങളും അനുഭവങ്ങളും കൂടിച്ചേർന്ന് കാഴ്ചപ്പാടുകളാകും. സ്വന്തമായി കാര്യങ്ങളെ വിശകലനം ചെയ്യാനോ തെറ്റേത് ശരിയേത് എന്ന് തിരിച്ചറിയാനോ കുഞ്ഞുങ്ങൾക്ക് കഴിവില്ല. അവിടെയാണ് ചുറ്റുമുള്ള മുതിർന്ന മനുഷ്യർ ആ കുഞ്ഞിന്റെ വളർച്ചയിൽ എത്രയും വലിയ പങ്കാണ് വഹിക്കുന്നത് എന്ന് മനസ്സിലാക്കേണ്ടത്. പ്രത്യേകിച്ചും ഭാഷ, ഉപയോഗിക്കുന്നതും ഉപയോഗിക്കാത്തതുമായ വാക്കുകളുടെ പ്രഹരവും തലോടലും ഒരു തലമുറയുടെ നിലനിൽപ്പിന്റെ ആണിക്കല്ലാകുമ്പോൾ.

കുഞ്ഞുങ്ങളോട് പ്രകടിപ്പിക്കുന്ന ഓരോ പെരുമാറ്റത്തിനും ഓരോ വാക്കിനും മൂല്യമുണ്ട്. അതുപോലെയാണ് പറയാതെ പോകുന്ന വാക്കുകൾ. ചില നേരങ്ങളിൽ നിശബ്ദത കുഞ്ഞുങ്ങളുടെ വളരുന്ന മനസ്സിൽ ശൂന്യതയാണ് നിറയ്ക്കുക. കൂടെയുള്ള മുതിർന്നവരുടെ ശ്രദ്ധയും പരിചരണവുമാണ് കുട്ടികളുടെ പ്രോത്സാഹനം. പരിസരം പര്യവേക്ഷണം ചെയ്യാൻ തുടങ്ങുന്ന ഒരു കുഞ്ഞ് ഓരോ തവണയും തന്റെ അമ്മയോ മറ്റ് സംരക്ഷകരോ അടുത്തുണ്ടോ എന്നുറപ്പു വരുത്തിയാണ് മുന്നോട്ട് പോകുന്നത്. അപ്പോൾ കൊടുക്കാവുന്ന പ്രോത്സാഹനങ്ങളുടെയും ഉറപ്പുകളുടെയും വാക്കുകൾ അവരിൽ ആത്മവിശ്വാസവും ധൈര്യവും നിറയ്ക്കും. പക്ഷെ അതില്ലാതെ തന്നെ ശ്രദ്ധിക്കാൻ ആരുമില്ലാതെ തന്നോട് ആഹ്ളാദത്തിന്റെ നേട്ടങ്ങളുടെ ഭാഷ ആരും സംസാരിക്കാതെ നിശബ്ദതയെ അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു കുഞ്ഞ്

അസ്ഥിരതയും അനിശ്ചിതത്വവും ആണ് ഉള്ളിൽ വളർത്തുക. ആദ്യചുവട് തന്നെ പിഴച്ചുപോയോ ശരിയായില്ലേ ചെയ്യാൻ പാടില്ലേ എന്ന ഒടുങ്ങാത്ത സംശയത്തിന്റെ മേഘങ്ങളാണ് ആ മനസ്സിൽ ഉരുണ്ടു കൂടുക. വളരുന്ന ഘട്ടത്തിൽ ലഭിക്കുന്ന ആഹാരവും ആരോഗ്യവും പോലെ പ്രധാനമായ ഒരു പോഷകവസ്തുവാണ് ശ്രദ്ധ. അത് കൊടുക്കാതെ തിരസ്കരിക്കുന്നത് പീഡനമാണ്. അശ്രദ്ധയുടെ ഭാഷ ചതിയാണ്. അവരോടു പ്രകടമായി സ്നേഹവും കരുതലും കാണിക്കണം, ഓരോ നേട്ടവും ഓരോ ചുവടും ഏറ്റവും ആരോഗ്യകരമായ ശ്രദ്ധയും പ്രോത്സാഹനവും കൊടുത്ത് പരിപോഷിപ്പിക്കണം. ഒരു ജീവിതകാലത്തേയ്ക്ക് വേണ്ടുന്ന മാനസികാരോഗ്യം ആണ് ആദ്യത്തെ വർഷങ്ങളിൽ കുഞ്ഞുങ്ങൾക്ക് അതുവഴി കിട്ടുന്നത്.

മുതിരുന്ന കുട്ടികൾക്ക് നേരെ ഉപയോഗിക്കുന്ന ഭാഷയും പ്രധാനമാണ്. സ്കൂളിൽ പോകാൻ തുടങ്ങുന്ന പ്രായത്തിലെ കുട്ടികളോട് സദാ അനുസരിപ്പിക്കുന്ന ഉത്തരവുകളുടെ ഭാഷ ഉപയോഗിക്കുന്നത് അവരെ അടിച്ചമർത്തുകയാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യരുത് ഇങ്ങനെ ചെയ്യരുത് എന്ന് എപ്പോഴും ഉത്തരവിടുന്ന മാതാപിതാക്കൾ കുട്ടികളിൽ ആത്മവിശ്വാസം വളരുന്നത് തടയും. പകരം 'ഇങ്ങനെ ചെയ്താലോ അതാണ് കൂടുതൽ സുരക്ഷിതം അതാണ് കൂടുതൽ ഫലപ്രദം' എന്ന് അവരെ പറഞ്ഞു ബോധ്യപ്പെടുത്താം. കുട്ടികൾ സങ്കടപ്പെടുമ്പോൾ ദേഷ്യപ്പെടുമ്പോൾ അവരോടു മിണ്ടാതിരിക്ക് അടങ്ങിയിരിക്ക് തുടങ്ങിയ ഉത്തരവുകളിൽ നിശബ്ദമാക്കുന്നത് അവരെ കൂടുതൽ വൈകാരിക പ്രശ്നങ്ങളിലേക്ക് തള്ളിവിടും. പകരം അവരുമായി അനുരഞ്ജനത്തിന്റെ ഭാഷ ഉപയോഗിക്കാം, എന്താണ് പറ്റിയതെന്നും എന്താണ് വേണ്ടതെന്നും ചോദിക്കാം. ദേഷ്യം/സങ്കടം മാറ്റാൻ എന്തെങ്കിലും സാധ്യതകൾ ഉണ്ടെങ്കിൽ അതവർക്ക് നിർദ്ദേശമായി കൊടുക്കാം. ആ ഭാഷയും ആ പെരുമാറ്റവും കുട്ടികൾക്ക് പരിപാലനമാണ്. അത് അപഹരണത്തിന്റെയോ അവഗണനയുടെയോ ഭാഷയല്ല.

മടുപ്പിലും വിദ്വേഷത്തിലും വിഷാദത്തിലും ആയിരിക്കുന്ന മുതിർന്ന മനുഷ്യരുടെ വൈകാരികപ്രശ്നങ്ങൾ എടുത്തെറിയാൻ ഉള്ളതല്ല കുട്ടികൾ. അത്തരം മടുപ്പുകൾ കുട്ടികളോട് കാണിക്കുന്നത് തികച്ചും അനീതിയും പീഡനവുമാണ്. മുതിർന്നവരുടെ മാനസികാരോഗ്യം നോക്കേണ്ടത് കുട്ടികളല്ല, കുട്ടികളുടെ മാനസികാരോഗ്യം നോക്കേണ്ടത് മുതിർന്നവരാണ്. ജന്തുവെന്നും, നാശമെന്നും, ശല്യമെന്നും, ഉപദ്രവമെന്നും, സൈര്യക്കേടെന്നും ഉള്ള വാക്കുകൾ കുട്ടികളുടെ നേർക്ക് പ്രയോഗിക്കുന്ന ആയുധങ്ങളാണ്. അത് മുറിപ്പെടുത്തുന്ന ഭാഷയാണ്. അവരോട് സത്യസന്ധമായി സംവദിക്കൂ, അവരോട് അപ്പോൾ അമ്മയ്ക്കോ അച്ഛനോ ഉള്ള അസുഖകരമായ അവസ്ഥയെപ്പറ്റി പറഞ്ഞു മനസ്സിലാക്കൂ, കുറച്ചു കഴിഞ്ഞാൽ ശരിയാകുമെന്ന വാഗ്ദാനത്തിൽ അവരുടെ ആവശ്യങ്ങളെ മാനിച്ചുകൊണ്ട് തന്നെ അത് നീട്ടി വയ്ക്കൂ. തീരെ യുക്തി ഭലിക്കാത്ത പ്രായത്തിലെ കുട്ടികളിൽ നി



ന്ന് അച്ഛനമ്മമാർ വൈകാരികവിക്ഷോഭ സമയങ്ങളിൽ ഒഴിഞ്ഞു നിൽക്കണം. കുട്ടികളോടുള്ള ഭാഷയിൽ അത്തരം രോഗാവസ്ഥകൾ അനുവദനീയമല്ല. ഭാഷയ്ക്കും ഉത്തരവാദിത്തമുണ്ട്.

വിവേചനത്തിന്റെ വാക്കുകൾ, തമാശയെന്ന ഹീനമായ നാടകത്തിൽ കലർത്തി ഒരു കാരണവശാലും കുട്ടികളുടെ മേൽ പ്രയോഗിക്കരുത്. അവരുടെ നിറത്തെ, അവരുടെ രൂപത്തെ, ഉയരത്തെ ഒക്കെ കുത്തുവാക്കുകൾ ഉപയോഗിച്ച് എടാ കുള്ളാ എടീ കറുമ്പി, തുടങ്ങി സ്നേഹത്തിൽ ചാലിച്ച നിർദ്ദോഷ പരിഹാസങ്ങളിൽ ഉൾപ്പെടുത്തരുത്. ഒരാൾക്ക് താൻ എങ്ങനെയാണോ അങ്ങനെ തന്നെ അംഗീകരിക്കപ്പെടുന്ന സ്നേഹിക്കപ്പെടുന്ന ഒരു ചുറ്റുപാടാണ് ഏറ്റവും സാന്ത്വനത്തോടെ സ്വന്തം കുടുംബത്തിൽ നിന്നും ലഭിക്കേണ്ടത്. ആ ചുറ്റുപാടിൽ നിന്ന് അവരെ പരിഹാസിക്കുന്നത് ഒരു കുട്ടിയോട് ചെയ്യുന്ന കൊടും വഞ്ചനയാണ്. പഠിക്കാൻ പിന്നോട്ടാണെങ്കിൽ കായിക വിനോദങ്ങളിൽ കഴിവില്ലെങ്കിൽ മണ്ടനോ മന്ദിയോ പൊട്ടനോ പാഴ്ജന്മമോ എന്നൊക്കെ സ്വന്തം മാതാ



പിതാക്കളിൽ നിന്ന് തന്നെ കേൾക്കേണ്ടി വരുന്ന ഒരാളും എന്തെങ്കിലും കഴിവുകൾ ആർജ്ജിക്കാൻ പ്രാപ്തിനേടിക്കൊള്ളണം എന്നില്ല. അതെല്ലാം മനസ്സിന് ഏൽപ്പിക്കുന്ന ആഘാതങ്ങൾ ചെറുതല്ല.

ഒരു പെൺകുട്ടിയ്ക്ക് തന്റെ സഹോദരനെ അപേക്ഷിച്ച് കിട്ടാതെ പോകുന്ന സ്നേഹത്തിന്റെയും കരുതലിന്റെയും വാക്കുകൾ, അവൾക്ക് കിട്ടുന്ന തരംതാഴ്ത്തലിന്റെ വാക്കുകൾ, ഒതുങ്ങാൻ പറയുന്ന ഉപദേശങ്ങൾ, ഇത്തരം ലിംഗവിവേചനത്തിന്റെ ഭാഷ നൂറ്റാണ്ടുകളായി പെൺകുട്ടികൾ നേരിടുന്ന പീഡനമാണ്. മേൽപ്പറഞ്ഞ പരിഹാസങ്ങളും ഇത്തരം വിവേചനങ്ങളും കുട്ടികളിൽ "എന്നൊക്കൊണ്ട് ഒന്നിനും കൊള്ളില്ല" എന്ന വിശ്വാസമാണ് ഉറപ്പിക്കുന്നത്.

ഇതെല്ലാം നേരിട്ടുകൊണ്ട് വളരുന്ന കുട്ടികൾ സ്കൂളിലും സമൂഹത്തിലും പ്രശ്നക്കാരായി തീരുകയാണ് ഉണ്ടാവുക. അങ്ങനെ വളരുന്ന കുട്ടികളാണ് മുതിർന്ന് ഒരു രാജ്യത്തെ നയിക്കേണ്ടവരും നിലനിർത്തേണ്ടവരും ഒക്കെ ആകുന്നത്, അവരാണ് അടുത്ത തലമുറയുടെ മാതാപിതാക്കൾ. വാക്കും വരിയും ഉടഞ്ഞ മനസ്സിന്റെ ഉടമകൾ അവരുടെ ജീവിതവും മറ്റുള്ളവരുടെ ജീവിതവും അസ്വസ്ഥമാക്കും, അവർ വേദനിക്കും മറ്റുള്ളവരെ വേദനിപ്പിക്കും, സ്വയം നശിക്കും മറ്റുള്ളവരെ നശിപ്പിക്കും. അവഗണനയുടെ അനീതിയുടെ ഭാഷ അവസാനം ഏത് രോഗത്തിന്റെ പേരിൽ അറിയപ്പെടും എന്നൊരു ചോദ്യം മാത്രമേ അവശേഷിപ്പിക്കൂ.

ഭാഷ വളർത്താനും ഹനിക്കാനും ഉപയോഗിക്കാം. "എന്തിനു കൊള്ളാം നിന്നെ" എന്നും "എത്ര ഭംഗിയായി ഇക്കാര്യം ചെയ്തു നീ" എന്നും ഭാഷയിൽ പ്രയോഗമുണ്ട്. "അരുത്" എന്നും "ഇതാണ് ചെയ്യേണ്ടത്" എന്നും രണ്ടു രീതിയിൽ ഒരേ കാര്യം അവതരിപ്പിക്കാം. നിശബ്ദതയും അവഗണനയും ഒരുവശത്തും മറുവശത്ത് ചിരിയും കെട്ടിപ്പിടുത്തവും കൈകൊട്ടലും ശരീരം കൊണ്ട് പ്രകടിപ്പിക്കാവുന്ന ഭാഷകളാണ്. "മിണ്ടാതിരിക്ക് അതൊന്നും വല്യ കാര്യമല്ല" എന്നും "ശരി കേൾക്കട്ടെ എന്താണ് പറ്റിയത്" എന്നും ഭാഷയുണ്ട്, അവഗണനയോ ശ്രദ്ധയോ എന്ന രണ്ടുപയോഗമുണ്ട്. മാനസികാരോഗ്യമുള്ള കുട്ടികളെ ആണ് വളർത്തിയെടുക്കേണ്ടത് എങ്കിൽ ഭാഷയുടെ ഇത്തരം സാധ്യതകളിൽ ഏതാണ് ഉപയോഗിക്കേണ്ടത് എന്ന തീരുമാനം എടുക്കാനും നടപ്പിലാക്കാനും കഴിയണം. അല്ലെങ്കിൽ വളർത്തിയെടുക്കുന്ന കുട്ടി വാശിയുടെ അഹങ്കാരത്തിന്റെ ക്രൂരതയുടെ വിഷാദത്തിന്റെ ആത്മഹത്യയുടെ ഒക്കെ ഭാഷ തിരിച്ചു നമ്മോട് പറഞ്ഞു തുടങ്ങും. അവർ മുതിരുമ്പോൾ ആത്മവിശ്വാസക്കുറവിന്റെ അപായത്തിന്റെ അസുഖത്തിന്റെ അസ്വാരസ്യത്തിന്റെ വാക്യവും വാച്യവും ഉപയോഗിക്കും. കുട്ടികളോടുള്ള ഭാഷ ഉത്തരവാദിത്തമാണ്, അത് ഉത്തരവാദിത്തത്തോടെ സംവദിക്കപ്പെടണം. ഇല്ലെങ്കിൽ അത് പീഡനത്തിന്റെ ഭാഷയാണ്, മായ്ക്കാൻ കഴിയാത്ത വണ്ണം പതിഞ്ഞു പോകുന്നത്.

ചർച്ചാവിഷയം




അനീസ ഇക്ബാൽ
ജൂനിയർ സൂപ്രണ്ട്
DGE തിരുവനന്തപുരം


# ഒളിച്ചിരിക്കുന്ന പെൺ മനസ്സ്

പുരുഷാധിപത്യത്തിന്റേതായ ഒരു സാമൂഹ്യ ക്രമത്തിൽ സ്ത്രീകൾ ഭൗതികവും ആന്തരികവുമായ വിവേചനങ്ങളും പീഡനങ്ങളും അനുഭവിക്കുന്നു. ഒരു പ്രധാനവസ്തുത തന്റെ അനുഭവങ്ങൾ എത്രയേറെ കഠിനവും ദുഃഖകരവും ആണെങ്കിലും അത് പരസ്യമാക്കാതെ ഉള്ളിലൊതുക്കാൻ നിർബ്ബന്ധിതയാകുന്നു എന്നതാണ്. പുറത്തുപറയാതെ ഒളിപ്പിച്ചു വയ്ക്കുന്ന എത്രയെത്ര അനുഭവങ്ങളിലൂടെയാണ് ഒരു സ്ത്രീ ദിവസവും കടന്നുപോകുന്നത്.

സ്വന്തം കുട്ടികളുടേയോ മാതാപിതാക്കളുടേയോ ഒക്കെ സമാധാന ജീവിതത്തിനു വേണ്ടിയെന്നു പറഞ്ഞ് എത്രയോ സ്ത്രീകൾ സ്വയം നീറിപ്പുകഞ്ഞ് ജീവിക്കുന്നു. പണവും പദവിയും പ്രശസ്തിയുമുള്ളവർ പോയും കുടുംബഭദ്രത നിലനിർത്തുന്നതിന് ബലിയാടാകാൻ തയ്യാറാക്കുന്നു. ചെറുപ്പം മുതൽ അവളിൽ കുത്തിവയ്ക്കപ്പെടുന്ന ലിംഗപരമായ അപകർഷത ഒരു പരിധി വരെ സമൂഹം ഇഷ്ടപ്പെടുന്ന ഉടുപ്പുകൾ മാത്രമണിയാൻ അവളെ തല്പരയാക്കുന്നു. നമ്മുടെ സാഹിത്യവും സിനിമയുമെല്ലാം (ഇന്ന് സീരിയലുകൾ പ്രധാനമായും) നീ വെറും പെണ്ണ് എന്ന അവബോധം നിലനിർത്തിപ്പോകാൻ എപ്പോഴും ശ്രദ്ധിക്കുന്നു. ആത്മവിശ്വാസമില്ലാത്ത ഒരു പെൺസമൂഹത്തെ ഉണ്ടാക്കിയെടുക്കുന്നത് ഇന്ത്യൻ സമൂഹത്തിന് ഇഷ്ടവിനോദമാണ്.

ആത്മകഥകളോ അനുഭവങ്ങളോ ഓരോ സ്ത്രീയും എഴുതാൻ തുടങ്ങിയാൽ സമൂഹത്തിനു താങ്ങാനാവില്ലെന്ന് തന്നെ പറയാം. ഇങ്ങനെ ചിലതെല്ലാം പുറത്തറിയിക്കാൻ വേണ്ടി ഒരെളിയ ശ്രമം ഞാൻ നടത്തിയപ്പോൾ ലഭിച്ച പ്രതികരണങ്ങളിൽ നിന്നാണ് ഇങ്ങനെയൊരു തോന്നൽ ഉണ്ടായത്. സ്വന്തം പേരു വെച്ച് അനുഭവങ്ങളെഴുതാൻ കുറച്ചുപേർ തയ്യാറായി. ഏറ്റവും ക്രൂരമായ ജീവിതം നേരിട്ട ചിലർ പേരിൽ മറഞ്ഞിരുന്നുകൊണ്ട് എഴുതാൻ അനുവദിക്കണമെന്ന് പറഞ്ഞു. ഇങ്ങനെയൊന്നുമല്ലാതെ ചിലർ സംസാരിച്ചത്. മറ്റൊരു പേരിൽ പോലും അവരത് പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്നില്ല. സൂചനകളിലൂടെ എങ്ങനെയെങ്കിലും സംഗതി പുറത്തായാലുള്ള അനുഭവം ഓർമ്മയിൽ പോലും ഞെട്ടിക്കുന്നതാണെന്നവർ പറഞ്ഞു. ഇതെല്ലാം കേട്ടു സ്തബ്ധയായിരിക്കാനേ കഴിയുമായിരുന്നുള്ളൂ. മിക്ക പുരുഷന്മാരും അവരുടെ തൊഴിലിടങ്ങളിലും മറ്റുരംഗങ്ങളിലും ഇടപെടുന്നത് അതീവഹൃദ്യമായിരിക്കും. എന്നാൽ സ്വന്തം ഭാര്യ തന്നേ

ക്കാൾ പദവി വഹിക്കുന്നവളായാൽപ്പോലും നിസ്സാരവല്ക്കരിക്കുകയും ദേഹോപദ്രവമേല്പിക്കുകയും ചെയ്യുന്നു. മനസ്സിലെ പല വിഗ്രഹങ്ങളും ഈയൊരന്വേഷണത്തിൽ വീണുടഞ്ഞു പോയിട്ടുണ്ട്.

കൗമാരത്തിലോ യൗവനത്തിലോ തോന്നുന്ന പ്രണയം പോലും വെളിപ്പെടുത്തുകയോ അതിന്റെ ഉല്ലാസം അനുവദിക്കുകയോ ചെയ്യാൻ പെണ്ണിനാവില്ല. മാതാപിതാക്കളോടുള്ള ഭയമോ അമിതസ്നേഹമോ ഒക്കെ ഇതിനു കാരണമാകുന്നു. വളരെ ചെറുപ്പത്തിൽ തന്നെ വൈകാരിക ചൂഷണം ആരംഭിക്കുന്നു. ജീവനുതുല്യം സ്നേഹിക്കുന്ന മാതാപിതാക്കളെ ധിക്കരിച്ച് ഒന്നും ചെയ്യാനാകാതെ അവർ നിർദ്ദേശിക്കുന്ന രീതിയിൽ വിദ്യാഭ്യാസം പോലും ചെയ്ത് അവർ പറയുന്ന ഒരാൾക്ക് മുന്നിൽ കഴുത്ത് നീട്ടുന്നു. അവിടെ തുടങ്ങുന്നു കൂടുതൽ ശക്തമായ ചൂഷണം. അന്യഗ്രഹത്തിൽ പെട്ടുപോയത് പോലെയാണ് പിന്നെയുള്ള ജീവിതം ആന്തരികമായി അനുഭവിക്കുന്നത്. എന്നാൽ ഓരോരുത്തരുടെയും മുന്നിൽ ഓരോ വിധം ബോധ്യപ്പെടുത്തുന്ന പെരുമാറ്റം കാഴ്ച വയ്ക്കണം. ഭർത്താവിന് ആജ്ഞാനുവർത്തിയും ശുശ്രൂഷകയും മറ്റു കുടുംബാംഗങ്ങൾക്ക് അവരുടെ രീതിക്കനുസരിച്ച് പെരുമാറുന്നവൾ മാതാപിതാക്കളുടെ മുന്നിൽ സന്തുഷ്ടജീവിതം ജീവിക്കുന്നവൾ. മക്കൾ ജനിച്ചു കഴിഞ്ഞാൽ പിന്നെ അവർക്ക് വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുന്നവൾ. ഇങ്ങനെ സ്വന്തം ആരോഗ്യമോ സന്തോഷമോ ഒന്നും നോക്കാതെ അവരിലലിഞ്ഞുചേരേണ്ടി വരുന്നു.



ഓരോ ഘട്ടത്തിലും അനുഭവിക്കുന്ന പീഡനങ്ങൾക്കൊപ്പം മനസ്സിൽ കുറിച്ചിടുന്നത് മക്കൾ സ്വന്തം കാലിൽ നിൽക്കാനാകട്ടെ അവരുടെ വിവാഹം, തൊഴിൽ ഒക്കെ നേടട്ടെ അതുവരെ കാത്തിരിക്കാം എന്നാണ്. ഒക്കെ നേടിക്കഴിയുമ്പോൾ തിരിഞ്ഞുനോക്കിയാൽ 25 മുതൽ 30 വർഷങ്ങൾ വരെയുള്ള ഒരു പെണ്ണിന്റെ ജീവിതത്തിൽ തന്നെപ്പറ്റി ചിന്തിക്കാതെ നഷ്ടപ്പെട്ടുപോയതായി കാണാം. അമ്പതു കഴിഞ്ഞ പലരും സ്വന്തം ഇഷ്ടങ്ങളെപ്പറ്റി ആലോചിച്ചു തുടങ്ങുന്നതായി കണ്ടിട്ടുണ്ട്. അങ്ങനെ എഴുത്തിലും ചിത്രകലയിലും മറ്റു തല്പരമേഖലകളിലുമൊക്കെ വന്നിട്ടുള്ളവരുണ്ട്. വിവാഹമോചനം നേടിയവരുണ്ട്.

വളരെ ചുരുക്കമാണിവരെങ്കിലും ഇവരെയൊക്കെ അതിജീവിച്ചവരുടെ പട്ടികയിൽപെടുത്താം. ഇവരെല്ലാം ഒരു പ്രത്യേക കാലമെത്തുമ്പോഴെങ്കിലും അതുവരെ നേരിട്ടിരുന്ന വൈകാരിക ചൂഷണത്തിൽ നിന്ന് രക്ഷപ്പെട്ടവരാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വൈകാരികമായ പട്ടിണി അനുഭവിച്ചിരുന്ന ഒരു വിഭാഗം ഉണ്ടെന്നു പറയാം. മനസ്സുകൊണ്ട് ഒപ്പം ഇല്ലാതെ ശരീരംകൊണ്ട് മാത്രം ഒപ്പം എന്ന് വരുത്തി അവകാശം സ്ഥാപിക്കുന്ന രീതിയിലുള്ള ബന്ധങ്ങൾ ശക്തി പ്രയോഗം കൊണ്ട് മാത്രം നിലനിൽക്കുന്നു. ഹൃദയംകൊണ്ട് അടുക്കാതെയുള്ള ഇത്തരം ദാമ്പത്യങ്ങൾ സ്ത്രീക്ക് കടുത്ത മാനസികസംഘർഷം ഉണ്ടാക്കുന്നതിനു മാത്രം ഉപകരിക്കുന്നു. സ്നേഹമനുഭവിക്കുന്നതായി വൃഥാ ഭാവിച്ച് ഒരു സന്തുഷ്ട കുടുംബം ഉണ്ടാക്കിയ പ്രതീതിയിൽ അവർ കഴിയുന്നു. അതിജീവനം സാധ്യമാകാത്ത ഒരു വിഭാഗം വീണ്ടും സന്തുഷ്ടകുടുംബമായി തുടരുന്നു. മക്കളുടെ ബന്ധങ്ങളുണ്ടാക്കിയ കുടുംബങ്ങളുടെ മുന്നിൽ കൂടി അവർക്ക് തങ്ങളുടെ സന്തുഷ്ടജീവിതം ബോധ്യപ്പെടുത്തേണ്ടതുണ്ട. പിന്നെ പേരക്കുട്ടികളും അവരുടെ സംരക്ഷണവും ഒക്കെയായി മുന്നോട്ടുപോകുന്നു.

അപ്പോഴും ഉള്ളിലിരുന്നു കുറുകുന്ന ഒരു മാടപ്രാവുണ്ട്. ഇതൊന്നുമല്ലാത്ത എന്തോ ഒന്ന് എനിക്ക് വേണമായിരുന്നല്ലോ. കാലക്രമത്തിൽ അതെന്താണെന്ന് പോലും തിരിച്ചറിയാനാകാതെ അവർ അവസാനിക്കുന്നു. ഇവിടെ കുറിച്ചതെല്ലാം വായിക്കുമ്പോൾ ഇതൊന്നും ഞങ്ങൾക്ക് തോന്നുന്നില്ലല്ലോ എന്ന് ചിന്തിക്കുന്നവരും ഉണ്ടാകും. ആഗ്രഹിച്ച ജീവിതം നയിക്കുന്നവരെപ്പറ്റി അല്ല ഞാൻ പറഞ്ഞിട്ടുള്ളത്. ഉപരിവർഗ്ഗ സുഖസൗകര്യങ്ങളിൽ ജീവിക്കുന്നവരെ പറ്റിയുമല്ല. ചങ്ങലക്കെട്ടുകൾക്കിടയിൽ ശ്വാസംമുട്ടി ജീവിതം തള്ളിനീക്കുന്ന കുറേ സാധാരണ പെണ്ണുങ്ങളെ കുറിച്ചാണ്. ഇതിനിടയിലും വ്യത്യസ്തരായി ചിന്തിക്കുന്ന ആണും പെണ്ണുമടങ്ങുന്ന ഒരു പുതിയ തലമുറ വളർന്നു വരുന്നുണ്ട് എന്നത് ആശ്വാസകരമാണ്. ഓരോ വനിതാദിനവും കടന്നുപോകുമ്പോഴും വളരുന്ന തലമുറയുടെ അവബോധം മാറ്റിമറിക്കുന്നതിന് വേണ്ടി ഏറെ ചെയ്യാനുണ്ടെന്ന് നമ്മുടെ ഭരണസംവിധാനങ്ങളും ഓർത്തിരിക്കേണ്ടതാണ്.



ചർച്ചാവിഷയം

ബിനു ആനമങ്ങാട്
എഴുത്തുകാരി, പ്രസാധക

# തളർന്നു വീഴാതെ

വിഷാദിയെന്നും ഡിപ്രെഷനിസ്റ്റെന്നും മൂഡ് സ്വിങ്ങിന്റെ ആശാത്തിയെന്നും അങ്ങനെ പല പല പേരുകൾ പലയിടത്തു നിന്നായി ചാർത്തിക്കിട്ടിയിട്ടുണ്ട്. എത്ര ചിരിക്കുമ്പോഴും ഒരു സങ്കടൽ കണ്ണുകളിൽ ഒളിച്ചിരിപ്പുണ്ടല്ലോ എന്നും പലരും ചൂണ്ടിക്കാണിക്കാറുണ്ട്. ഒന്നോർത്താൽ നേരാണ്, ഏതോ പേരറിയാത്ത വിഷാദത്തിന്റെ അലകൾ സദാ ഉള്ളിൽ ഇരമ്പിയാർക്കുന്നുണ്ട്.

എന്നാൽ, അമ്മയുടെ ഗർഭപാത്രത്തിൽ നിന്നേ വിഷാദം തീണ്ടി പുറത്തെത്തിയവളല്ല ഞാൻ. ഏറ്റ മുറിവുകളും വെന്ത ജീവിതവുമാണ് കണ്ണിലും നെഞ്ചിലും സങ്കടൽ നിറച്ചത്. എന്താണ് വേണ്ടതെന്നു ചോദിക്കാനോ കുറ്റപ്പെടുത്താതെ ചേർത്തു നിർത്താനോ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വളവുകളിൽ കാരുണ്യം കാണിക്കാനോ ആരെങ്കിലുമുണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ മറ്റൊന്നായിപ്പോകുമായിരുന്നു ജീവിതം!

മാനസികാരോഗ്യം എന്നത് ഒരു സുപ്രഭാതത്തിൽ കടയിൽ പോയി കാശു കൊടുത്തു വാങ്ങാൻ സാധിക്കുന്ന ഒന്നല്ല, അത് രൂപപ്പെടുന്നത് നമ്മുടെ ജീവിതത്തിൽ നിന്നാണ്. കുഞ്ഞുനാൾ മുതൽ നമ്മൾ നേരിട്ട ജീവിത സാഹചര്യങ്ങൾ, ലഭിച്ച കരുതൽ, കടമ്പകളെ അതിജീവിച്ച രീതി ഇവയൊക്കെ പ്രധാനമാണ്.

പലരും പറയുന്നത് കേട്ടിട്ടുണ്ട്, 'വലുതാവണ്ടായിരുന്നു, കുഞ്ഞായിരുന്നാൽ മതിയായിരുന്നു അല്ലെങ്കിൽ സ്കൂളിലോ കോളേജിലോ ഒക്കെ പഠിക്കുന്ന കാലമായാൽ മതിയായിരുന്നു' എന്നെല്ലാം. കുട്ടിക്കാലമാണ് ഏറ്റവും മനോഹരമായ കാലമെന്നും!

എനിക്കങ്ങനെ തോന്നിയിട്ടേയില്ല. എന്റെ ഏറ്റവും പ്രിയപ്പെട്ട സമയം മുപ്പതുകൾ മുതലാണ്, പ്രത്യേകിച്ചു ഇന്നുകൾ. സ്വന്തമായി തീരുമാനമെടുക്കാനും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനും ഇഷ്ടാനുസരണം സഞ്ചരിക്കാനും സ്വാതന്ത്ര്യവും സാഹചര്യവും വരികയും അതിജീവിക്കണം എന്നു മനസ്സിലുറക്കുകയും ചെയ്ത ശേഷം. ഇടയ്ക്ക് അടികിട്ടാറും വീണു പോകാറും വിഷാദക്കടലിൽ മുങ്ങിത്താഴാറുമൊക്കെയുണ്ട്, എങ്കിലും നീന്തിത്തിരികെ വരാറുണ്ട്. തിരിഞ്ഞു നോക്കുമ്പോൾ എന്റെ ഇന്നോളമുള്ള ജീവിതത്തിലെ ഉണങ്ങാമുറിവുകളാണ് എന്നിലെ ഏറ്റവും വലിയ കനൽ. എന്നെ ഇങ്ങനെ രൂപപ്പെടുത്തിയതും അതാണ്, ആ മുറിവുകളും അതിജീവനങ്ങളും.

വിശപ്പടക്കാൻ ഭക്ഷണം പോലും കിട്ടാത്ത അവസ്ഥയാണ് ഏറ്റവും വലിയ ദാരിദ്ര്യം. അതു കഴിഞ്ഞാൽ പിന്നെ ഏറ്റവും വേട്ടയാടുന്നത് സ്നേഹ ദാരിദ്ര്യമാണ്. ഈ സ്നേഹദാരിദ്ര്യത്തിൽ പിടഞ്ഞ മന

സ്സാണ് ആരെങ്കിലും സ്നേഹത്തോടെ ഒരു വാക്ക് പറഞ്ഞാൽ അത് അഭിനയമാണെങ്കിൽ പോലും അങ്ങേയറ്റം വിശ്വസിക്കാനും സ്വയം തകരുമാറ് സ്നേഹിക്കാനും പ്രേരിപ്പിക്കുന്നതും. മുതിർന്ന ശേഷം ഉണ്ടായ എല്ലാ ദുരനുഭവങ്ങളും ഇത്തരത്തിൽ വിശ്വസിച്ചതിന്റെയും സ്നേഹിച്ചതിന്റെയും പേരിലുമായിരുന്നു.

ഓർമ്മ വെച്ച നാൾ മുതൽ ഏതാണ്ട് പത്താം തരം കഴിയുന്നത് വരെയും ഞാൻ നേരിട്ട ഏറ്റവും വലിയ ഭാരവും വെല്ലുവിളിയും എന്റെ ചേച്ചിയുടെ അനിയത്തി എന്ന ലേബലായിരുന്നു.

സ്കൂളിൽ ചേരുന്നതിന് മുൻപു തന്നെ അയൽപക്കങ്ങളിൽ നിന്നും ബന്ധുവീടുകളിൽ നിന്നും നാട്ടുകാരിൽ നിന്നും ഞാൻ 'താരതമ്യേന' മോശമാണെന്ന സൂചനകൾ ലഭിച്ചിരുന്നു. അവയൊന്നും അത്ര കാര്യമായി ഉള്ളിൽ കയറിയെന്നു അന്നറിഞ്ഞിരുന്നില്ല. എന്നാൽ സ്കൂൾ ജീവിതം ആരംഭിച്ചപ്പോൾ അതുവരെയുള്ള മുദ്രവെക്കലുകൾക്ക് ഒന്നുകൂടി ബലം വന്നു.

അവൾ മിടുക്കിയായിരുന്നു, എല്ലാ മേഖലകളിലും! പഠനം, കല, സാഹിത്യം, സൗന്ദര്യം, നിറം എല്ലാത്തിനും പത്തിൽ പത്തു മാർക്ക്. പഠിക്കാൻ ഞാനും മോശമായിരുന്നില്ല. മറ്റെല്ലായിടത്തും പക്ഷെ ബിലോ ആവറേജ്. എല്ലാ ക്ളാസുകളിലും സ്കൂളിൽ ഒന്നോ രണ്ടോ സ്ഥാനത്തായാണ് ജയിച്ചു വന്നത്. എന്നിട്ടും തുടർച്ചയായി പരിഹസിക്കപ്പെട്ടപ്പോളാണ് പഠനമല്ല വിഷയമെന്ന് മനസ്സിലായത്.

ആദ്യമാദ്യം പ്രതിരോധങ്ങളായിരുന്നു.

വേണ്ട എന്നു പറയുന്നതൊക്കെ വേണമെന്ന് ഞാൻ വാദിച്ചു. അദൃശ്യയായിപ്പോകുന്നു എന്ന വ്യാകുലതയിൽ ഒച്ചവെച്ചു സംസാരിച്ചു. ഞാനുണ്ട് ഞാനുണ്ട് എന്ന് എല്ലാവരെയും തൊട്ടു വിളിച്ച് ഓർമ്മിപ്പിക്കാൻ ശ്രമിച്ചു. വിളിക്കാത്തയിടങ്ങളിൽ പോയി എത്തിനോക്കി തുടർച്ചയായി അപമാനിക്കപ്പെട്ടു.

ചേച്ചിമാരും ചെറിയമ്മമാരും അമ്മായിമാരും ഒന്നിച്ചു കൂടുമ്പോൾ 'അനു കൊറ്റിയെപ്പോലെ കറുത്തിട്ട്, ബിനു കാക്കയെപ്പോലെ വെളുത്തിട്ട്' എന്ന് 'തമാശ' പറഞ്ഞു, ആണുങ്ങളുടെ ഒച്ചയെന്ന് ശബ്ദത്തെ മുദ്രകുത്തി. എല്ലാ ഒരുമിച്ചുകൂടലുകളും എന്നെ നീറ്റി. ഞാൻ ബന്ധുവീടുകളിൽ പോകാതായി. പ്രധാനപ്പെട്ട കല്യാണങ്ങൾക്കോ ആളുകൾ കൂടുന്നിടത്തോ പോകാൻ ഇഷ്ടമില്ലാത്തവളായി.

നിറങ്ങൾ അവൾക്കു സ്വന്തമായപ്പോൾ ഞാൻ ചാരക്കറുപ്പിന്റെ കൂട്ടുകാരിയായി. ഒരിക്കൽ, ഒരോണക്കാലത്ത് പുതിയ കുപ്പായം വാങ്ങുമ്പോൾ അവൾക്ക് ചേരുന്ന ചുവന്ന ഉടുപ്പ് എനിക്കും വേണമെന്ന് ഞാൻ വാശിപിടിച്ചു. എന്റെ നിർബന്ധത്തിനു വഴങ്ങി അമ്മ വാങ്ങിത്തന്ന ആ ഉടുപ്പ് ഇട്ടപ്പോഴൊക്കെയും പൂർവ്വാധികം 'ഉത്സാഹത്തോടെ' 'അവർ' എന്റെ കുറവുകൾ ചൂണ്ടിക്കാട്ടി. നിറങ്ങൾ, ആഭരണം, അലങ്കാരങ്ങൾ ഇതൊന്നും എനിക്കുള്ളവയല്ലെന്ന ബോധ്യത്തിലേക്ക് ഞാനെത്തി.

ചേച്ചിയും അനിയത്തിയുമെന്ന അറിവിൽ എന്നിട്ടിതെന്താ രണ്ടു പേരും രണ്ടു ചേലെന്ന് മുതിർന്നവർ സംശയം കൂറി. അമേരിക്കയും ആഫ്രിക്കയും പോലെയാണല്ലോ എന്ന് അവർ ഉറക്കെപ്പറഞ്ഞു ഉറക്കെ ച്ചിരിച്ചു. ഇരുട്ടത്ത് കാണില്ല എന്നും പല്ലുള്ളത് നന്നായി എന്നുമുള്ള തമാശകളിൽ അവർക്കൊപ്പം ഒരു വിഡ്ഢിയെപ്പോലെ ഞാനും ചിരിച്ചു.

'തവിട് കൊടുത്തു വാങ്ങിയതാണെന്ന്' അവരുടെ തമാശ എന്നെ അനാഥയാക്കി. മറ്റെവിടെയോ ജനിച്ച അനാഥക്കുഞ്ഞിനെ അച്ഛനും അമ്മയും എടുത്തു വളർത്തിയതാണെന്നും എന്നെങ്കിലുമൊരിക്കൽ എന്റെ ശരിയായ അമ്മയോ അച്ഛനോ എന്നെത്തേടി വരുമെന്നും ഞാൻ വിശ്വസിച്ചു.

എന്നിട്ടും എന്തുകൊണ്ടോ ഞാൻ പഠനത്തിൽ പിറകോട്ടു പോയില്ല. അതൊഴികെ അവൾ പോയ ഒരു വഴിയിലും പോകാൻ ധൈര്യപ്പെട്ടുമില്ല. അവൾ കലാ മത്സരങ്ങളിൽ കവിതാപാരായണത്തിനും ലളിതഗാനത്തിനും മൽസരിച്ചു സമ്മാനങ്ങൾ വാങ്ങുമ്പോൾ



**ഈ ചിത്രത്തിൽ അന്നത്തെ ഞാനുണ്ട്, ഒരു വാക്കിന്റെയും ആവശ്യമില്ലാതെ തന്നെ എന്തായിരുന്നു ഞാൻ എന്ന രേഖപ്പെടുത്തലുണ്ട്.**

എല്ലാ വരികളും ഹൃദിസ്ഥമായിട്ടും ഒരു വരി കവിത പോലും ഉറക്കെച്ചൊല്ലാൻ ഞാൻ ഭയന്നു.

കവിതാരചനയിൽ അവൾ ഒന്നാം സ്ഥാനം നേടിയപ്പോൾ ഞാനെഴുതിയ വരികളും കുറിപ്പുകളും മറ്റൊരാളെ കാണിക്കാൻപോലും ഭയപ്പെട്ടു. പത്താം തരത്തിൽ പഠിക്കുമ്പോഴാണ് ഞാനെന്തെങ്കിലുമൊക്കെ എഴുതുമെന്ന് രണ്ടാമതൊരാൾ അറിയുന്നതുപോലും.

അങ്ങനെ എല്ലാ തരത്തിലും ഞാനൊരു useless and unwanted ആണെന്ന തോന്നലിലാണ് കുട്ടിക്കാലം കടന്നു പോകുന്നത്. അങ്ങനെ പറയുമ്പോൾ പോലും അന്ന് അനുഭവിച്ചിരുന്ന മാനസിക സംഘർഷം പറഞ്ഞറിയിക്കാൻ ആവുന്നതല്ല.

അവൾക്ക് രണ്ടു വയസ്സുള്ളപ്പോഴാണ് ഞാൻ ഉണ്ടാകുന്നത്. അതുകൊണ്ടു തന്നെ ഏറെക്കാലം ഞാൻ അവൾക്ക് ഒരു പ്രതിയോഗി മാത്രമായിരുന്നു, അവളുടെ ഇടം കവർന്നെടുക്കാൻ വന്ന ഒരുവൾ; കുറേക്കൂടി വലുതായി ചേച്ചി-അനിയത്തി വലകളിൽ നിന്നിറങ്ങി ഒരു സൗഹൃദം ഞങ്ങൾക്കിടയിൽ രൂപപ്പെടുന്ന കാലം വരെയും!

അതുകൊണ്ടു മാത്രമല്ല, ആ പ്രായത്തിൽ ഈ കേൾക്കുന്നതിന്റെയും ചുറ്റും നടക്കുന്നതിന്റെയുമൊന്നും ശരി തെറ്റുകൾ മനസ്സിലാക്കാനോ തിരുത്താനോ എന്നെപ്പോലെ തന്നെ അവൾക്കും കഴിയുമായിരുന്നില്ല. അത്രയുമൊക്കെ ബോധം ഞങ്ങളിൽ ഉണ്ടായപ്പോഴേക്കും കാലമേറെ നീങ്ങിപ്പോയിരുന്നു.

അതിനിടയിൽ ഉണ്ടായ sexual abuse ഉം പങ്കുവെക്കാനോ മനസ്സിലാക്കാനോ ആരുമില്ലാത്ത അവസ്ഥയും കൂടിയായപ്പോൾ ഈ സംഘർഷങ്ങൾക്ക് ആക്കം കൂട്ടി ഭീകരമായ ഒരവസ്ഥയിലേക്കെത്തിച്ചു.

ഇതിന്റെ മൂർധന്യമെന്ന് പറയാവുന്ന ഒരു സംഭവം ഉണ്ടാകുന്നു; ചേച്ചി ഒരു മികച്ച വിദ്യാർത്ഥിയും മിടുക്കിയും ആയതുകൊണ്ട്, അയല്പക്കമോ അകന്ന ബന്ധുവോ മറ്റോ ആയ ഞാൻ അവളുടെ അനിയത്തി ആണെന്ന് നുണ പറയുകയാണെന്നുവരെ പറഞ്ഞു കളഞ്ഞു ഒരു അധ്യാപകൻ. അന്നത്തെ ഒരു പിരീഡ് 45 മിനിറ്റ് ആണ്, പിരീഡ് തുടങ്ങി ഏതാണ്ട് 10 മിനിറ്റ് കഴിഞ്ഞപ്പോൾ തുടങ്ങിയ ഹറാസ്സ്മെന്റ് ബെല്ലടിക്കുന്നതുവരെ തുടർന്നു.

കല്ലിച്ച കവിളുകളും ആവിപാറുന്ന കണ്ണുകളുമായി ഞാൻ തകർന്നു നിന്നു. ക്ലാസ് കഴിഞ്ഞു. ആരും അടുത്തു വന്നില്ല, എന്നാൽ സംഭവിച്ചത് ഒരു മോശം കാര്യമാണെന്ന് മനസ്സിലാക്കാനുള്ള വിവേകം ആ അധ്യാപകനില്ലെങ്കിലും ക്ലാസ്സിലെ കുട്ടികൾക്കുണ്ടായിരുന്നു. എന്നെ നോക്കുന്ന കണ്ണുകളിൽ സഹതാപവും ദയയും ഞാൻ കണ്ടു. ഒരാളുടെയും കണ്ണുകളിൽ കണ്ണുടക്കാതിരിക്കാൻ ശ്രദ്ധിച്ച് ഞാൻ മേശ മേൽ തല വെച്ചു കിടന്നു.

ഒരിക്കലും കണ്ടിട്ടില്ലാത്ത ആരോ ഒരാൾ രക്ഷിക്കാനായി വരുമെന്ന ഉട്ടോപ്യൻ സ്വപ്നത്തിലായിരു



**കവിതാരചനയിൽ അവൾ ഒന്നാം സ്ഥാനം നേടിയപ്പോൾ ഞാനെഴുതിയ വരികളും കുറിപ്പുകളും മറ്റൊരാളെ കാണിക്കാൻപോലും ഭയപ്പെട്ടു. പത്താം തരത്തിൽ പഠിക്കുമ്പോഴാണ് ഞാനെന്തെങ്കിലുമൊക്കെ എഴുതുമെന്ന് രണ്ടാമതൊരാൾ അറിയുന്നതുപോലും.**

ന്നു അന്നോളം ജീവിതം. ആ പ്രതീക്ഷയും അവിടെ വെച്ച് തീർന്നു.

ഇനി ജീവിക്കേണ്ടതില്ല എന്ന ശക്തമായ തോന്നൽ, ആരുമില്ല എന്നും ആർക്കും വേണ്ട എന്നുമുള്ള ഒറ്റപ്പെടലിന്റെ വേദന.

മരം കൊണ്ടുള്ള മേശ വലിപ്പു പോലെ ഒരു വലിപ്പുള്ള പെട്ടിയുണ്ടായിരുന്നു ഞങ്ങൾക്ക് വീട്ടിൽ. അമ്മമ്മ കളിക്കാനായി തന്ന ഒരു ഉരുണ്ട താക്കോൽ കൂട്ടം, കനകാമ്പര നിറവും നീല കലർന്ന പച്ചനിറവും ചേർന്ന, അകത്ത് വെള്ളം നിറഞ്ഞ ഒരു ഗ്ലോബ്, ആ പെട്ടിയിൽ ഉണ്ടെന്ന് എനിക്കോർമ്മ വന്നു.

കുട്ടിക്കാലത്തു അതുപയോഗിച്ച് കളിക്കുമ്പോൾ സൂക്ഷിക്കണമെന്നും അതിനകത്ത് വിഷമാണെന്നും അമ്മമ്മ പറഞ്ഞതും ഓർമ്മയിലുണ്ടായിരുന്നു.

വളരെ പാടുപെട്ട് ഞാനാ ഗ്ലോബ് പൊട്ടിച്ചു, അതിനകത്തുള്ള വെള്ളം കുടിച്ചു. രാത്രി പതിവു പോലെ ഉറങ്ങാൻ കിടന്നു; ഇനിയൊരിക്കലും ഞാനുണരില്ല എന്നും മരണത്തിലേക്ക് പോവുകയാണെന്നുമുള്ള ഉറപ്പോടെ. പിറ്റേന്ന് ഉണർന്നു, എല്ലാം പഴയതുപോലെ. എനിക്ക് അമ്മമ്മയോട് ചോദിക്കണമെന്നുണ്ട്, അതിൽ വിഷം തന്നെയായിരുന്നില്ലേ, എന്തിനു എന്നോട് കള്ളം പറഞ്ഞു എന്നൊക്കെ. അതാണ്, ഇതാ ഈ നിമിഷം വരെയും ആരുമറിയാതെപോയ എന്റെ ജീവിതത്തിലെ ആദ്യത്തെ ആത്മഹത്യാശ്രമം.

പതിയെപ്പതിയെ ഞാൻ ഒറ്റയാവാൻ ഇഷ്ടപ്പെട്ടു. ആകെ ഉപയോഗിച്ചിരുന്ന അലങ്കാരമായ പൊട്ടു പോലും ഉപേക്ഷിച്ചു. മുടി കോതാതെയായി. ആരും എന്നെ കാണാതിരിക്കട്ടെ എന്നു മാറി നടന്നു. മണ്ണിന്റെയും വേരിന്റെയും രാത്രിയുടെയും വെണ്ണീറിന്റെയും നിറങ്ങൾ മാത്രം ഉപയോഗിച്ചു.

'ഞാൻ ലാസ്റ്റ്, അല്ല ലോസ്റ്റ്!' എന്ന് കോവിലന്റെ കഥാപാത്രം പറയുന്നത് കേൾക്കുമ്പോൾ എന്റെ നെഞ്ചു നീറി. മനുഷ്യരിൽ നിന്നകന്ന് അക്ഷരങ്ങളിലേക്ക് കൂപ്പുകുത്തി. കണ്ണുകൾ സദാ പുകഞ്ഞും വരണ്ടും പിടച്ചുകൊണ്ടിരുന്നു.

ആരും ചോദിച്ചില്ല, എന്താണ് നിന്റെ സങ്കടമെന്ന്. ഒരാളും ചേർത്തു പിടിച്ചില്ല. ആദ്യമായി ഒരു നല്ല വാക്ക് കേൾക്കുന്നത് എന്റെ എക്കാലത്തെയും പ്രിയപ്പെട്ട ടീച്ചറായ പ്രമോദിനി ടീച്ചറിൽ നിന്നാണ്, പത്താം തരത്തിൽ പഠിക്കുമ്പോൾ.

അതിനിടയിൽ എപ്പോഴോ ആണ് വർഷങ്ങളായി തുടരുന്ന തലവേദനയുടെ ചികിൽസക്കായി ഡോക്ടറെ കാണുന്നതും ഡോക്ടർ സൈക്യാട്രിസ്റ്റിനെ കാണാൻ നിർദ്ദേശിക്കുന്നതും. വിഷാദം അപ്പോഴേക്കും ആഴത്തിൽ വേരു പിടിച്ചു കഴിഞ്ഞിരുന്നു.

അത് അവിടെത്തീരുന്നില്ല. ജീവിതം മുഴുവൻ ഇവിടെ പറഞ്ഞു വെക്കാൻ കഴിയില്ലല്ലോ!

പോകെപ്പോകെ ആ വേദനകളോട് പ്രണയമായി, മറ്റെന്തിനേക്കാളും! വിഷാദത്തിന്റെ ലഹരിയ്ക്ക് കീഴ്പ്പെടുകയാണെന്നു തിരിച്ചറിഞ്ഞു പലപ്പൊഴും ചികിത്സ നേടിയിട്ടും തിരികെ വന്നിട്ടുമുണ്ട്. എന്നാൽ എത്ര ചികിൽസിച്ചാലും മാറാത്ത ചിലതുണ്ട്, ആഴത്തിൽ വേരു പിടിച്ച ആത്മവിശ്വാസക്കുറവ്, ജീവിതത്തോടുള്ള സ്നേഹമില്ലായ്മ, റിലേഷൻസിനെക്കുറിച്ചും ആളുകളോട് അടുക്കാനുമുള്ള പേടി, ഒറ്റപ്പെടൽ, ഇടക്കിടെ ആ വിഷാദത്തണുപ്പിലേക്ക് തിരികെപ്പോകാനുള്ള വ്യഗ്രത അങ്ങനെ പലതും.

അന്നത്തെ എന്നെ ഇന്നോർക്കുമ്പോൾ എനിക്ക് ഇപ്പോഴും കണ്ണു നിറയും, കെട്ടിപ്പിടിക്കാൻ തോന്നും. വെറുതെ, കുട്ടീ എന്നു വിളിച്ചു ഒന്നു ചേർത്തു നിർത്താൻ കൊതിക്കും. അതുപോലെ മുഖമുള്ള കുഞ്ഞുങ്ങളെ കാണുമ്പോൾ എനിക്ക് കരച്ചിൽ വരും. എല്ലാ കുഞ്ഞുങ്ങൾക്കും പറയാനും കേൾക്കാനും ചേർത്തുപിടിക്കാനും ആരെങ്കിലുമുണ്ടാവട്ടെ എന്നു ഉള്ളുരുകും.

ഇന്നും സ്ഥിരമായി ഇത്തരം കുത്തുവാക്കുകളും പരിഹാസങ്ങളും കേൾക്കാറുണ്ട്. എന്നാൽ അവയെ അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയാൻ ഇന്ന് കഴിയുന്നുണ്ട്. അപ്പോഴും സന്തോഷത്തോടെയും ഊർജ്ജത്തോടെയും കൂട്ടുകൂടിയും ജീവിക്കേണ്ട നിരവധി വർഷങ്ങളാണ് ഇല്ലാതായത് എന്ന യാഥാർഥ്യം ഇന്നത്തെ എനിയ്ക്ക് പിറകിലുണ്ട്, ആ ഇല്ലായ്മകളും ഒറ്റപ്പെടലുകളുമാണ് സങ്കടങ്ങളെ സ്നേഹിക്കുന്ന പ്രകൃതം എനിക്കു തന്നതും. മുപ്പതുകൾ ആവേണ്ടി വന്നു ഞാൻ മോശമല്ല എന്ന തോന്നൽ ഉണ്ടാവാൻ. സത്യത്തിൽ ജീവിതത്തെ ആകെ ഉലച്ചു കടന്നു പോയ ഒരു കാലമാണ് എനിക്കാ ബോധം നൽകിയത് എന്നത് വിധി വൈപരീത്യമാവാം ചിലപ്പോൾ.

ഇന്ന്, മറ്റു പലരും കുഞ്ഞുങ്ങളോട് ഇവ്വിധം സംസാരിക്കുന്നത് കാണുമ്പോൾ ഇടപെടാറുണ്ട്, ദയവായി കുഞ്ഞുങ്ങളെ കുഞ്ഞുങ്ങളായി കാണൂ, നിറത്തിന്റെ, ആൺ-പെൺ വ്യത്യാസത്തിന്റെ, ശാരീരികമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ അവരോട് വിവേചനം കാണിക്കാതിരിക്കൂ. നീ ഒരു ശരീരം മാത്രമാണ് എന്നും, നിന്റെ നിറവും സൗന്ദര്യവുമാണ് നിന്നെ നിർണ്ണയിക്കുന്നതെന്നുമുള്ള തോന്നൽ അവരിൽ അടിച്ചേല്പിയ്ക്കാതിരിക്കൂ. നമ്മുടെ കുഞ്ഞുങ്ങളെ ചേർത്തു പിടിക്കൂ, നീ എങ്ങനെ ആയിരുന്നാലും ആ അവസ്ഥയിൽ valuable ആണെന്നും പ്രിയപ്പെട്ടവൾ/ൻ ആണെന്നും അവരോട് പറയൂ.



**തസ്മിൻ**
അധ്യാപിക,
എഴുത്തുകാരി,
പ്രഭാഷക

# ഒറ്റനടത്തം

ഇരുട്ടിൽ
കൊടും കാട്ടിൽ
അവൾ തനിച്ചാണ്
ചുറ്റിലും ഇലകൾ
പൂക്കൾ
പക്ഷികൾ
പാതാള വഴികൾ
വെളിച്ച നൂലുകൾ
നിഴൽ ഭയങ്ങൾ
സീൽക്കാരങ്ങൾ
പകർന്നാട്ടങ്ങൾ
എന്നിട്ടും
കറുത്ത കാട്ടിൽ
അവൾ തനിച്ചാണ്

പേടിയുണ്ടോ എന്ന ചോദ്യം
വേണ്ടേ വേണ്ട
തീയിൽ കുരുത്തതാണ് ....

നിലാവെട്ടത്ത്
കാട് പൂക്കുന്നത് കാണാൻ
തനിച്ചിറങ്ങിപ്പോയവൾ....
ഒറ്റ നടത്തത്തിനൊപ്പം
കാടിന്റെ ഉന്മാദമറിഞ്ഞവൾ
ഇലപൊഴിഞ്ഞ് തളിർക്കും പോൽ
കാടുണർത്തിച്ചിരിച്ചവൾ
ഇരുട്ടിനെ കാമിച്ചവൾ

ഹൊ, എന്തെന്തുണർത്തുകൾ

വിഷം തീണ്ടി നീലിച്ച
മൗനാക്ഷരങ്ങൾ...
തീപാറ്റിയ ചിന്തകൾ

കടങ്കഥ പോൽ
നാളെയുദിക്കുന്ന പകലുകൾ
ഒറ്റുകാരുടെ നോട്ടച്ചെരുവിൽ
അവൾ
നീണ്ടും വക്രിച്ചും
പല പല കോലങ്ങളിൽ
മാറി മാറി ഇരുണ്ട് വെളുക്കും.

വരൂ
നീ എന്റെ മാത്രമെന്ന്
കാട് വിളിക്കുന്നു

മരങ്ങൾക്ക് ചിറക് മുളയ്ക്കുമെന്ന്
അവൾ തന്നോട് തന്നെ പറയാറുണ്ട്.
അവയ്ക്ക് ഹൃദയമുണ്ടെന്നും.
എങ്കിലും
അവൾ ഉൾക്കാട്ടിൽ തനിച്ചാണ്

അവിടെ
ഉടലഴിച്ച് മേയുന്ന നേരം



നഗ്നമായ ജീവവഴികളെ
ആർക്കുമാർക്കും ചേതമില്ലാതെ
ആസ്വദിക്കാം

ഇരുട്ടൊഴിച്ച് വെട്ടമാക്കുന്ന
ആകാശ മാന്ത്രികനെ
ഒറ്റയ്ക്കൊരിടത്തിരുന്ന്
പ്രണയിക്കാം

വസന്തം ഉടലിൽ നിറയുമ്പോൾ
ഉള്ളിൽ കിനിയുന്ന കവിതപോൽ
ഉന്മാദിനിയാകാം

പെരുമഴത്താളത്തിൽ ചുവട്
വയ്ക്കാം

മരം പെയ്യുമ്പോൾ
പൊട്ടിച്ചിരിക്കുന്ന
മണ്ണിലേയ്ക്കലിഞ്ഞു ചേരാം

വേണമെങ്കിലൊന്ന്
പൊട്ടിക്കരയാം
മതിവരുവോളം പൊട്ടിച്ചിരിക്കാം

മഞ്ഞിൽ
വെയിലിൽ
മഴയിൽ
ഇരുട്ടിൽ
പകലിൽ
കാടറിയാം

നടത്തം
പകലോ രാത്രിയോ
നാട്ടിലായാലെന്ത്
എന്നാലോചിക്കുമ്പോൾ
കാഴ്ചയുടെ
വിഭ്രമങ്ങൾക്കതീതമീ
ഒറ്റ നടത്തമെന്ന്
കാടിനെക്കുറിച്ച്
നാട്ടിലിരുന്ന്
കവിതയെഴുതുന്നതേസുഖം!

ഉപ്പും മുളകും



ഗീത



# സ്ത്രീ സംവരണമെന്ന അവകാശം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പും വിജയാഹ്ലാദങ്ങളും അവകാശവാദങ്ങളും ആഘോഷമായിത്തന്നെ നമ്മൾ ഈ മഹാവ്യാധിക്കാലത്തും കഴിച്ചുകൂട്ടി. സ്ത്രീകൾ, പെൺകുട്ടികൾ, ബുള്ളറ്റ്, ഇരുപത്തൊന്ന്... ഇവ തകൃതിയായി നടക്കുമ്പോഴും നമ്മുടെ ദൈനംദിന ജീവിതത്തിൽ ആവർത്തിച്ചു കാണേണ്ടി വന്ന ഒരു ദൃശ്യമുണ്ട്. ബഹു . കേരളാ മുഖ്യമന്ത്രിയുടെ ദിവസേനയുള്ള വാർത്താ സമ്മേളനം. കോവിഡ്– 19 സംബന്ധിച്ച വാർത്തകളുടെ അപ്ഡേഷൻ ആണ്. ആരോഗ്യ വകുപ്പു മന്ത്രി കെ കെ ശൈലജ എന്ന സ്ത്രീ ആ സമ്മേളനത്തിൽ ഓരത്ത് നിശബ്ദയായിരിക്കുന്ന ദയനീയ കാഴ്ച. അവരുടെ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പുരുഷനായ മുഖ്യമന്ത്രി പറയുന്നതിന്റെ നിശബ്ദ- നിഷ്ക്രിയ സാക്ഷ്യമായിരുന്നു ആ വാർത്താ സമ്മേളനങ്ങളിൽ അവരുടെ ഒരേയൊരു ദൗത്യം. അതിന് അവരുടെ പാർട്ടിക്കും മന്ത്രി സഭക്കും തദ്വാരാ അവർക്കു തന്നെയുമുണ്ടായിരിക്കാം ആയിരക്കണക്കിനു ന്യായീകരണങ്ങൾ. ആയിക്കോട്ടേ. വിരോധമേ ഇല്ല. പക്ഷേ കണ്ടും കേട്ടുമിരിക്കുന്ന ചില സ്ത്രീകളെയെങ്കിലും ആ സമ്മേളനങ്ങൾ ആദ്യം അങ്കലാപ്പിലാക്കുകയും ക്രമേണ അലോസരപ്പെടുത്തുകയും ചെയ്തുവെന്നതു പറയാതെ വയ്യ.

ഒരു എം എൽ എ ,ഒരു മന്ത്രി സ്ത്രീയാണെങ്കിൽ സദസ്സിൽ പെരുമാറേണ്ട രീതിയെക്കുറിച്ചുള്ള അബോധമായ പഠിപ്പിക്കൽ കൂടിയായി ആ സമ്മേളനങ്ങൾ മാറി. എന്തുകൊണ്ട് ഒരു വനിതാ മന്ത്രിയോട് അത്തരത്തിൽ പെരുമാറുന്നുവെന്നത് ആലോചിച്ചു നോക്കേണ്ടതാണ്. അതവർക്കു തങ്ങൾ ഔദാര്യപൂർവം ദാനം ചെയ്ത സ്ഥാനമാണെന്ന് ആ സംഘടനക്കും നേതാക്കൾക്കും തോന്നാനുണ്ടായ കാരണം അതവരുടെ അവകാശമാണെന്ന് അംഗീകരിക്കാൻ കഴിയാത്തതുകൊണ്ടു സംഭവിക്കുന്നതാണ്. അതംഗീകരിക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ആ സീറ്റ് സ്ത്രീക്കു കൊടുക്കാൻ നിയമം അനുശാസിക്കുന്നില്ല എന്നതാണ്. നിയമസഭയിലേക്കും മന്ത്രിസഭയിലേക്കുമുള്ള സ്ത്രീ സംവരണം നിയമമായിരുന്നെങ്കിൽ സംഗതികൾ തീർച്ചയായും മറ്റൊരുവിധമായേനെ.

ഇത് ഒരു വശത്തു മാത്രം സംഭവിക്കുന്ന കാര്യമല്ല. മുസ്ലിം ലീഗ്, കേരളാ കോൺഗ്രസ് എന്നീ സംഘടനകളിൽ നിന്ന് എത്ര സ്ത്രീകൾക്ക് എം എൽ എ സീറ്റു നല്കപ്പെട്ടുവെന്നത് പ്രധാനമാണ്. ലീഗിലും കേരളാ കോൺഗ്രസിലുമൊക്കെ ഭരണ പാടവമുള്ള സ്ത്രീകളുണ്ടെന്നു ബോധ്യപ്പെടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സ്ത്രീസംവരണം നിയമമാകേണ്ടി വന്നില്ലേ? കോൺഗ്രസിലെ സ്ത്രീകളുടെ കാര്യവും വ്യത്യസ്തമല്ല. ആ പാർട്ടിയെ സംബന്ധിച്ച ഒരു വ്യത്യാസം അതിന്റെ അയഞ്ഞ സംഘടനാ സംവിധാനമാണ്. അതുകൊണ്ടുതന്നെ തങ്ങൾക്കു കൂടുതൽ സീറ്റു വേണമെന്നാവശ്യപ്പെടാൻ കോൺഗ്രസ്സിലെ സ്ത്രീകൾക്കു കഴിയുന്നു. അതു നല്കപ്പെടുമോ എന്നുള്ളതു മറ്റൊരു കാര്യം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇക്കാര്യം നമ്മൾ കണ്ടതുമാണ്.

ജയ സാധ്യത കുറഞ്ഞ മണ്ഡലങ്ങൾ സ്ത്രീകൾക്കു കൊടുക്കുകയെന്നതാണ് രാഷ്ട്രീയ സംഘടനകൾ പൊതുവേ സ്വീകരിക്കുന്ന ഒരു തന്ത്രം. കൊടുത്തോ എന്നു ചോദിച്ചാൽ കൊടുത്തു. പക്ഷേ നിയമസഭയിൽ ഈ സ്ത്രീകൾ എത്തുകയുമില്ല. വളരെ കൃത്യമായി പറഞ്ഞാൽ കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായ ആൺകോയ്മയുടെ അബോധമായ ഇടപെടൽ ഇത്തരം സന്ദർഭങ്ങളിൽ വ്യക്തമാണ്. എതിർകക്ഷിയിൽപ്പെട്ട പുരുഷൻ ജയിച്ചു വന്നു കൂടെ ഇരുന്നാലും ഒരു സ്ത്രീ നിയമസഭയിൽ തുല്യ പദവിയും അധികാരവുമുള്ളവളായി എത്തിച്ചേരരുത്. പരസ്പര ധാരണയിൽ അല്ലെങ്കിൽപ്പോലും ഇത്തരമൊരു ഘടകം സക്രിയവും സജീവവുമായി പ്രവൃത്തിക്കുന്നതു കാണാം. അവിടെ സ്ത്രീയും പുരുഷനും മാത്രമാണ് ഘടകങ്ങൾ .രാഷ്ട്രീയ നിലപാടുകളിലെ അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി പുരുഷ മനസുകൾ ഒറ്റക്കെട്ടായി ഉണർന്നു പ്രവർത്തിക്കുകയും സ്വന്തം അധികാര പരിധിയിൽ നിന്ന് സ്ത്രീകളെ നിഷ്കാസിതകളാക്കുകയും ചെയ്യുന്നു.

ഏതെങ്കിലും ചില പുരുഷന്മാർ മുൻകൂട്ടി പദ്ധതിയിട്ട് ഇങ്ങനെ പ്രവർത്തിക്കുന്നു എന്നൊന്നുമല്ല വിവക്ഷ. നൂറ്റാണ്ടുകളുടെ പുരുഷാധികാരബോധം ഏതു പുരുഷനെയും ഇത്തരത്തിൽ ചിന്തിക്കാനും പ്രവർത്തിക്കാനും ഊർജം നല്കാൻ തക്ക ശേഷിയുള്ളതാണ്. അതു കൊണ്ടു തന്നെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ സ്ത്രീ സംവരണ മണ്ഡലങ്ങൾ തന്നെ പ്രഖ്യാപിക്കപ്പെടണം. അല്ലാതെ സമൂഹത്തിന് ഇത്തരമൊരു പ്രതിസന്ധിയെ മറികടക്കാൻ സാധ്യമല്ല.

അനുബന്ധം:

*20 21 ലെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ത്രീകൾ പ്രതിജ്ഞയെടുക്കേണ്ടിയിരിക്കുന്നു - സ്ത്രീകൾക്ക് ജയസാധ്യതയുള്ള മുപ്പതു ശതമാനം മണ്ഡലങ്ങളെങ്കിലും നല്കാൻ തയ്യാറാകാത്ത മുന്നണികൾക്ക് വോട്ടു ചെയ്യേണ്ടതില്ല എന്ന്.*

കവിത



**ഷബ്ന ഷെറിൻ,**
പ്ലസ് വൺ വിദ്യാർത്ഥി
ജ്നത എച്ച്.എസ്.എസ്
നടുവട്ടം, പട്ടാമ്പി

# കൂട്ടിലടക്കപെട്ട പക്ഷിയെക്കുറിച്ച് നിനക്കെന്തറിയാം...?



നീ കൂടു തുറക്കുന്നതും കാത്ത്
ഹൃദയത്തിലൊരു മൂന്നാം ചിറകും
മുളപ്പിച്ച് കാത്തിരിക്കുകയാണ് നിന്റെ
പക്ഷിയെന്ന് നീ അറിയുന്നുണ്ടോ.........?
പറന്നു പോവും മുമ്പേ നീ അന്നം
നൽകിയ അതേ കൈകളിൽ ആഞ്ഞു
കൊത്തുവാനായി നീ പണിയിച്ച
ഇരുമ്പഴികളിൽ ഉരച്ചു കൊണ്ട് നിന്റെ
പക്ഷി കൊക്കിന്റെ മൂർച്ച കൂട്ടുന്നത് നീ
കാണാറുണ്ടോ....?
ഇരുട്ടിൽ ഒറ്റക്കിരുന്നു കരയാതെ കാത്തു
വെക്കുന്നതെല്ലാം വെളിച്ചം വരുമ്പോൾ
നിന്നെ തളർത്താനാവുമെന്ന് നീ
ചിന്തിച്ചിട്ടുണ്ടോ....?
'നീ ഭയപ്പെടേണ്ടിയിരിക്കുന്നു... '
'അല്ല നീയെങ്ങനെ ഭയപെടാനാണ്? '
'കൂട്ടിലടക്കപെട്ട പക്ഷിയെ കുറിച്ച്
നിനക്കെന്തറിയാം........?



ചർച്ചാവിഷയം

# വൈകാരിക അവസ്ഥയുടെ മുതലെടുപ്പ്



പ്രമീള പി.,
അന്വേഷി പ്രവർത്തക,
വിമൻ&ചിൽഡ്രൻസ് ഹോം
കോഴിക്കോട്

ഏഴു വർഷത്തോളമായി പലതരത്തിലുള്ള ലൈംഗികചൂഷണത്തിന് വിധേയരായ കുട്ടികളുടെകൂടെ ആയതുകൊണ്ട് അവരുടെ നൊമ്പരങ്ങളും നെടുവീർപ്പുകളും വളരെ പരിചിതമാണ്. ഓരോരുത്തരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരുന്നത് അവരുടെ വൈകാരിക അവസ്ഥയുടെ മുതലെടുപ്പിലൂടെയായിരുന്നു. സംരക്ഷണം കൊടുക്കേണ്ടവർത്തന്നെ ക്രൂരതകൾ ചെയ്യുമ്പോൾ ആരോട് പറയണമെന്നറിയാതെ പറഞ്ഞാൽ വിശ്വസിക്കുമോ എന്ന് ഭയന്ന്, ആരോടെങ്കിലും പറഞ്ഞാൽ കുടുംബത്തിനുണ്ടാകുന്ന മാനഹാനിയോർത്ത്, തന്റെ ഉറ്റവരുടെ സുരക്ഷിതത്വമോർത്ത് മൗനമായി അതിക്രമത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. പ്രണയം, സ്നേഹം, കരുതൽ, സംരക്ഷണം തുടങ്ങിയ വൈകാരികതലങ്ങളിൽ കുറ്റവാളികൾ പിടിമുറുക്കുമ്പോൾ കുട്ടികൾ പലതരത്തിലുള്ള മാനസികാവസ്ഥകളിലേക്ക് മാറിപ്പോവുകയും അതിൽനിന്ന് രക്ഷപ്പെടാനാവാത്ത തരത്തിൽ ആവുകയും ചെയ്യുന്നു.

10 വർഷങ്ങൾക്കു മുമ്പ് കേരളത്തെ പിടിച്ചുലച്ച പ്രമാദമായ ഒരു കേസിലെ അതിജീവിതയായ പെൺകുട്ടി വർഷങ്ങളോളമായി ഞങ്ങളുടെ കൂടെയുണ്ട്. അർദ്ധ സഹോദരൻ, അമ്മാവൻ എല്ലാവരും പ്രതികളായിരുന്നു. ചേച്ചി ആത്മഹത്യ ചെയ്തത് അന്നത്തെ 12 വയസ്സുകാരിക്ക് മനസ്സിലായില്ലെങ്കിലും ഇന്നവൾക്ക് എല്ലാം അറിയാം. അച്ഛനെയും സഹോദരനെയും അമ്മാവനെയും സംരക്ഷിക്കാൻ ഓടിനടക്കുന്ന അമ്മ. ലോകത്ത് ആരെയാണ് വിശ്വസിക്കേണ്ടത്? അച്ഛന്റെയും അമ്മയുടെയും സഹോദരങ്ങളുടെയും സ്നേഹവും ലാളനയും കിട്ടാതെ അവരുടെ കൗമാരം മുഴുവൻ സംരക്ഷണകേന്ദ്രങ്ങളിൽ.

അതിപൈശാചികമായി ലൈംഗികത്തൊഴിലാളിയോട് കാണിക്കുന്നതിനേക്കാളും ക്രൂരമായി തന്റെ കാമകേളികൾക്ക് സ്വന്തം മകളെ അച്ഛൻ ഉപയോഗിച്ചത് അവൾ ജീവനേക്കാളേറെ സ്നേഹിക്കുന്ന അമ്മയുടെ ജീവന് വില പറഞ്ഞിട്ടായിരുന്നു. ഒരു നാൾ ആരോടും പറയാതെ ആ പതിമൂന്നുകാരി വീടുവിട്ടിറങ്ങി. ജോലി അന്വേഷിച്ച് ഒരു തുണിക്കടയിൽ എത്തിയപ്പോൾ കടക്കാരന് സംശയം തോന്നി പോലീസിനെ അറിയിക്കുകയായിരുന്നു. അതേത്തുടർന്ന് സംരക്ഷണകേന്ദ്രത്തിൽ എത്തിയ അവളെ നിരന്തരം കൗൺസലിംഗിനു വിധേയമാക്കിയിട്ടും സൈക്യാട്രിസ്റ്റിന്റെ സഹായം തേടി മരുന്നു നൽകിയിട്ടു പോലും കുട്ടിയെ നോർമ്മൽ അവസ്ഥയിലേക്ക് എത്തിക്കാൻ കഴിഞ്ഞു എന്ന് പറയാൻ പറ്റില്ല. ലോകത്ത് ആരോടും അവൾക്ക് വൈകാരികമായ അടുപ്പവും ഉണ്ടായിരുന്നില്ല.

ആരും സ്നേഹിക്കാൻ ഇല്ല എന്ന കുട്ടികളുടെ തോന്നലിനെ മുതലെടുത്ത് പ്രണയം നടിച്ച് പലരും ഉപദ്രവിക്കുകയും മറ്റുള്ളവർക്ക് കാഴ്ചവെക്കുകയും ചെയ്യുന്നത് നിരന്തര കാഴ്ചയായി മാറിക്കൊണ്ടിരിക്കുന്നു. അച്ഛൻ മറ്റൊരു സ്ത്രീയുടെ കൂടെ, അമ്മയ്ക്ക് വേറെ ഭർത്താവ് ഇതിനിടയിൽ കുട്ടികൾ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയെ ഇത്തരക്കാർ മുതലെടുക്കുന്നു.

ജാത്യാവസ്ഥകളും സാമ്പത്തിക ഭദ്രതയില്ലായ്മയും എല്ലാം അതിക്രമങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇത്തരക്കാർ നിരന്തരം അപകർഷതാബോധത്തിന് അടിമപ്പെട്ടവരായിരിക്കും. ഏറ്റവും എളുപ്പത്തിൽ എല്ലാ തരത്തിലുള്ള ചൂഷണത്തിനും ഇരയാക്കപ്പെടുന്നതും ഇവരായിരിക്കും. ഒന്നിനും കൊള്ളാത്തവർ, കറുത്തവർ, പഠിക്കാൻ കഴിവില്ലാത്തവർ, സാമ്പത്തികമായി മോശമായവർ എന്നീ ചിന്തകളാൽ മാനസികമായി പിന്നോക്കം നിൽക്കുന്നവരെ ചൂഷണം ചെയ്യാൻ വളരെ എളുപ്പമാണ്, അവർക്ക് വേണ്ടി ചോദിക്കാനോ പറയാനോ ആരും ഇല്ലാത്തതുകൊണ്ട് അവരെ ഏതു വിധത്തിലും ഉപയോഗിക്കാം എന്ന ചിന്തയിൽ നിന്നും നിരവധി അതിക്രമങ്ങൾ നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള അതിക്രമങ്ങൾക്ക് വിധേയരാവുന്ന കുട്ടികളെ അതികഠിനമായ പരിശ്രമത്തിലൂടെ മാത്രമേ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാൻ പറ്റുന്നുള്ളൂ. ജീവിതത്തിലുടനീളം ഒരു തരത്തിലുള്ള അരക്ഷിതാവസ്ഥയിൽ കഴിയേണ്ടിവരുന്നു എന്നുള്ളത് ദയനീയമായ ഒരവസ്ഥ തന്നെയാണ്.



**അനീസ ഇക്ബാൽ**
ജൂനിയർ സൂപ്രണ്ട്
DGE തിരുവനന്തപുരം

# ചിന്ന വീട്

മെഴുകുതിരി പോലെ
ഉരുകി
ചുറ്റുമുള്ളവർക്കെല്ലാം
വെട്ടം പരത്തിക്കൊടുത്തിരുന്ന
ഒരുത്തി
അമ്പതു തികഞ്ഞ നാൾ
ഉരുകൽ അങ്ങു നിർത്തി
സ്വയം തണുക്കാൻ
തുടങ്ങി
ഉരുകിയതത്രയും
ഉള്ളിൽ തറഞ്ഞിരുന്ന
മുള്ളുകൾക്കു
മേലെ തണുത്തുറഞ്ഞുകൂടി
അന്നുവരെയുള്ള
തിരസ്കാരങ്ങളുടെ
കണക്കുകൂട്ടിയെടുത്ത്
മുടിനാരിൽ കൂട്ടിക്കെട്ടി
തെക്കേമുറ്റത്തേക്കെറിഞ്ഞുകളഞ്ഞു

എന്തൊക്കെയോ
മെഡലുകൾ
കിട്ടിയത് പോലവൾ
നെഗളിച്ചു നടന്നു
ബഹുമാനം കാട്ടി
ചൂളി നിന്നിടത്തൊക്കെ
പുഛിച്ചു ചിരിച്ചു
സ്നേഹത്തിന്റെ
പേരിലുള്ള
കുരുക്കുകളെല്ലാം
കൊത്തിയഴിച്ചെടുത്തു
ഉത്തരവാദിത്ത മെടുത്ത്
തട്ടിൻപുറത്തിട്ടു
ഒരു 'ചിന്നവീടു 'ണ്ടാക്കിക്കഴിഞ്ഞ
അവളെ നോക്കി
മറ്റവന്മാർ പറഞ്ഞു
'ഇവൾക്കൊരെല്ലു
കൂടുതലാണല്ലോ'ന്ന്.





**അഞ്ജലി.മോഹൻ എം.ആർ.**
ഗവേഷക
കെ.കെ.ടി.എം. ഗവ.കോളേജ്
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

# പുരുഷനിർമ്മിത ഫെമിനിസത്തിന്റെ സദാചാര പാഠങ്ങൾ



സ്ത്രീകളുടെ ഇറങ്ങിപ്പോക്ക് അല്ലെങ്കിൽ പുരുഷ കാഴ്ചപ്പാടനുസരിച്ചുള്ള സ്ത്രീകളുടെ നേർരേഖാ ജീവിതത്തിൽ നിന്നുള്ള തിരവുകളെ വലിയ സദാചാര ആരോപണം കൊണ്ട് നേരിടാൻ എല്ലാ കാലത്തും പുരുഷ സമൂഹം ശ്രമിച്ചിട്ടുണ്ട്. പ്രണയത്തിൽ നിന്നോ, ദാമ്പത്യത്തിൽ നിന്നോ, കുടുംബത്തിൽ നിന്നോ സ്ത്രീകൾ ഇറങ്ങിപ്പോകാൻ തീരുമാനിക്കുന്ന നിമിഷം മുതൽ ആ അക്രമണം തുടങ്ങുകയായി. തേപ്പ്, ഒളിച്ചോടിയ വീട്ടമ്മ, ഷഡ്ഡിയിടാത്ത ഫെമിനിച്ചി, ദുർനടപ്പുകാരി തുടങ്ങിയ ലേബലുകളിലേക്ക് ഇവരെയെല്ലാം പെട്ടെന്ന് ഒതുക്കയും ഇതിനെല്ലാം വൻ പ്രചാരം നൽകുകയും ചെയ്യുന്നു.സാമൂഹ്യ മാധ്യമങ്ങളിൽ ഇത്തരം പ്രചരണങ്ങൾക്ക് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. സമാനമായ വാർത്തകളിലും കഥകളിലുമുള്ള പൊതു ജിജ്ഞാസ മനസ്സിലാക്കുന്ന മുഖ്യധാരാ മാധ്യമങ്ങൾ കൂടി അതേറ്റെടുക്കുകയും ചെയ്യുന്നു.

ഗൂഗിൾസെർച്ചിൽ പോയി 'വീട്ടമ്മ' എന്ന് മലയാളത്തിൽ ടൈപ്പ് ചെയ്താൽ ആദ്യം കാണിക്കുന്നത് 'വീട്ടമ്മ ഒളിച്ചോടി' എന്ന വാർത്തയാണ്.

" 17 കാരനൊപ്പം വീട്ടമ്മ ഒളിച്ചോടി"

"വീട്ടമ്മ കാമുകനൊപ്പം ഒളിച്ചോടി"

"ഭർത്താവിനെയും രണ്ട് മക്കളെയും ഉപേക്ഷിച്ച് വീട്ടമ്മ ഒളിച്ചോടി"

'രണ്ട് മക്കളെയും ഉപേക്ഷിച്ച് വീട്ടമ്മ ഒളിച്ചോടി"

"ഫേസ്ബുക്ക് പ്രണയം - വീട്ടമ്മ ഒളിച്ചോടി"

ഇങ്ങനെ തുടരുന്ന നിരവധി വാർത്തകളാണ് പ്രമുഖ മാധ്യമങ്ങൾ വരെ നൽകുന്നത്. പക്ഷെ കൂടെ ഓടിയ വീട്ടച്ഛൻ, വീട്ടപ്പൂപ്പൻ, വീട്ടുമകൻ എന്നിവരെ കുറിച്ചൊന്നും എവിടെയും പ്രതിപാദിച്ചു കാണുന്നില്ല. വീട്ടച്ഛന്മാർ ഒളിച്ചോടിയിട്ടുണ്ടോ എന്ന് ഗൂഗിളിൽ തിരഞ്ഞു നോക്കിയാൽ ലഭിക്കുന്നത് ഒരു വീട്ടച്ഛന്റെ കിടിലം കൊള്ളിക്കുന്ന സംഭാഷണമാണ്.

"നീ മരിച്ചാലും ജീവിച്ചാലും എനിക്കൊന്നുമില്ല, ഒളിച്ചോടിയ ആറാമത്തെ ഭാര്യയോട് ദുബായ് ഷേ

ക്ക്" ഇത്തരത്തിലുള്ള വാർത്തകൾ വിറ്റു കാശാക്കുന്ന മാധ്യമങ്ങളാണ് ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ എന്ന സിനിമയെയും ആഘോഷിക്കുന്നത് എന്നതാണ് വിരോധാഭാസം. ഈ വിരോധാഭാസം ഇവിടുത്തെ പുരോഗമന ആഘോഷ പക്ഷത്തിന്റെ കൂടി സ്വഭാവമാണെന്നു കാണാം. അതുകൊണ്ടു തന്നെ പുരുഷനിർമ്മിതവും സദാചാരബദ്ധവുമായ ഫെമിനിസ്റ്റ് സിനിമകൾക്കും നാടകങ്ങൾക്കും വൻ വരവേല്പാണ് ലഭിക്കുന്നത്. സൈദ്ധാന്തികചർച്ചകളിലും ഇത്തരം കലാരൂപങ്ങൾ വാഴ്ത്തിപ്പാടലുകൾക്ക് വിധേയമാകാറുണ്ട്. ഉദാഹരണത്തിന് അടൂർ ഗോപാലകൃഷ്ണന്റെ ' നാലുപെണ്ണുങ്ങൾ' എന്ന സിനിമയിലെ 'നിത്യകന്യക' എന്ന ഭാഗമെടുക്കാം. ' ഒരമ്മക്ക് 4 മക്കൾ, 3 പെണ്ണും ഒരാണും. മൂത്തമകൾ കാമാക്ഷിയാണ് സിനിമയിലെ പ്രധാന കഥാപാത്രം. സഹോദരങ്ങളുടെയെല്ലാം വിവാഹം കഴിഞ്ഞിട്ടും കാമാക്ഷിയുടെ വിവാഹം നടക്കുന്നില്ല. അമ്മ മരിക്കുന്നതോടെ കാമാക്ഷി ഒറ്റയ്ക്കാവുന്നു. ലൈംഗിക ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി ജീവിക്കുന്ന കാമാക്ഷി ഒരു പുരുഷനെ വീട്ടിലേക്ക് ക്ഷണിക്കുന്നു. എന്നാൽ രാത്രി ഈപുരുഷൻ വന്ന് കതകിൽ മുട്ടുമ്പോൾ കാമാക്ഷി വാതിൽ തുറക്കുന്നില്ല. പുരുഷനില്ലാതെയും സ്ത്രീക്ക് ജീവിക്കാൻ സാധിക്കണമെന്ന് കാമാക്ഷി ദൃഢനിശ്ചയമെടുക്കുന്നിടത്താണ് സിനിമ അവസാനിക്കുന്നത്. ഇവിടെ സ്ത്രീയുടെ സ്വയംപര്യാപ്തതയെ ലൈംഗികതയിലേക്ക് ചുരുക്കുകയാണ് സംവിധായകൻ ചെയ്യുന്നത്. മാത്രമല്ല അവിവാഹിതരായ സ്ത്രീകളുടെ പാതിവ്രത്യം, കന്യകാത്വം എന്നിവയെ മഹത്വവത്കരിക്കുകയും ചെയ്യുന്നു.പക്ഷെ 'അടിച്ചമർത്തപ്പെടുന്ന സ്ത്രീജീവിതങ്ങളെയാണ് അടൂർ ഇതിലൂടെ പ്രതിനിധാനം ചെയ്തത് ' എന്ന വായനകളാണ് ഈ സിനിമയെ ആസ്പദമാക്കി ഉണ്ടാകുന്നത്.സ്ത്രീകൾ പറക്കണമെന്ന് പറഞ്ഞു കൊണ്ട് പാരാഗ്ലൈഡറിൽ പറക്കുന്നതു കാണിച്ച ആഷിക് അബു സിനിമയായ റാണി പത്മിനിയിലെ രംഗം പോലെ പുരുഷന്മാർ സ്ത്രീകളെ ഏറ്റെടുക്കുന്നതു പോലുള്ള ഉപരിപ്ലവമായ കാഴ്ചയാണ് നിത്യകന്യകയിയിലേയും.

പുരുഷ നിർമ്മിത സ്ത്രീപക്ഷ സിനിമകളിലുണ്ടാകുന്ന കന്യകാത്വ-പാതിവ്രത്യസംരക്ഷണങ്ങൾക്ക് ഇനിയും ഉദാഹരണങ്ങളുണ്ട്. എ. ശാന്തകുമാറിന്റെ 'പ്രണയ കഥകളി' എന്ന നാടകത്തിലെ സംഭാഷണമെടുക്കാം.പുരാണ കഥകളിലെ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ ചോദ്യം ചെയ്യുന്നതാണ് സന്ദർഭം.മണ്ഡോദരി രാവണനെ ചോദ്യം ചെയ്യുന്നതിങ്ങനെയാണ്.'രാവണന് സ്ത്രീകളോടുള്ള താല്പര്യങ്ങളും ബന്ധങ്ങളും തനിക്കറിയാമെന്നും തനിക്കും വേണമെങ്കിൽ അങ്ങനെ ആകാമായിരുന്നെന്നും മണ്ഡോദരി പറയുന്നു. അതിനെത്തുടർന്ന് പശ്ചാത്തലസംഗീതത്തി



ന്റെ ആരവത്തോടുകൂടി അങ്ങനെയാകാതിരുന്നതിന്റെ കാരണം മണ്ഡോദരി വ്യക്തമാക്കുന്നു.

‘രാവണാ...അങ്ങനെയാകാൻ നീ അല്ല ഞാൻ’.

ഇവിടെ മണ്ഡോദരിയുടെ പാതിവ്രത്യം സ്ഥാപിക്കാൻ സംവിധായകൻ ശ്രമിക്കുന്നു. ‘വഴുതനങ്ങ’ എന്ന ഷോർട് ഫിലിമിലെ സ്വയംഭോഗം ചെയ്യാത്ത വിശുദ്ധയായ നായികയും ‘freedom at midnight' ലെ ഭർത്താവിന് മറ്റൊരു ലൈംഗികബന്ധമുണ്ടെന്നറിയുമ്പോൾ അതിനെ എതിർക്കാൻ വേണ്ടി മാത്രം സ്ത്രീയുടെ ലൈംഗിക സ്വാതന്ത്രത്തെ കുറിച്ച് സംസാരിക്കുന്ന ഭാര്യയും പുരുഷനിർമ്മിത കലാസൃഷ്ടികളുടെ ബാക്കിപത്രങ്ങളാണ്.

ഇതിന്റെ മറ്റൊരു വശമാണ് വിശുദ്ധ പ്രണയ സിനിമകളുടെ ആഘോഷങ്ങൾ.എന്നാൽ ഇതിനെയെല്ലാം ഖണ്ഡിച്ചു കൊണ്ടുള്ള സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനവും ഇറങ്ങിനടക്കലുകളും ആവിഷ്കരിച്ച ചില മലയാളസിനിമകളുണ്ട്. 2017ൽ റിലീസ് ചെയ്ത ശ്യാമപ്രസാദിന്റെ ആർടിസ്റ്റ്, 2019 ൽ പുറത്തിറങ്ങിയ അനുരാജ് മനോഹറിന്റെ ഇഷ്ക്, 2011 ൽ സുവീരൻ സംവിധാനം ‘ബ്യാരി’ തുടങ്ങിയവ. സമൂഹ



ത്തിന്റെയും ആചാരങ്ങളുടെയും ഇടയിൽ കുടുങ്ങിപ്പോയ തന്റെ ജീവിതത്തെ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന നായികയുടെ കഥയാണ് 'ബ്യാരി' എന്ന സിനിമ.മുസ്ലിം സമുദായത്തിലെ ഭാര്യയും ഭർത്താവും തങ്ങളുടെ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ചെറിയ പ്രശ്നങ്ങളുടെ പേരിൽ മൊഴിചൊല്ലി പിരിയുന്നു.എന്നാൽ അവർക്ക് പരസ്പരം പിരിയാൻ കഴിയില്ല എന്നുറപ്പാകുമ്പോൾ വീണ്ടും ഒരുമിക്കാൻ തീരുമാനിക്കുന്നു. അവരുടെ സമുദായത്തിൽ മൊഴിചൊല്ലിയ പെണ്ണിനെ വീണ്ടും വിവാഹം കഴിക്കണമെങ്കിൽ, അവൾ മറ്റൊരു കല്യാണം കഴിക്കുകയും ഒരു രാത്രി ആ പുരുഷനൊപ്പം കഴിയുകയും വേണം. ലൈംഗിക ബന്ധത്തിലേർപ്പെടാതെ ഒരു ദിവസം പെൺകുട്ടിയോടൊപ്പം താമസിക്കാൻ തയ്യാറാവുന്ന പുരുഷനെ രണ്ടു വീട്ടുകാരും അന്വേഷിക്കുന്നു. ഒടുവിൽ പെൺകുട്ടിയുടെ ബാല്യകാല സുഹൃത്ത് അവളെ വിവാഹം കഴിക്കാൻ തയ്യാറായി വരുന്നു. വിവാഹരാത്രി പെൺകുട്ടി ലൈംഗിക ബന്ധത്തിനായി സുഹൃത്തിനെ അങ്ങോട്ടു സമീപിക്കുന്നിടത്താണ് സിനിമ അവസാനിക്കുന്നത്. തന്റെ ലൈംഗിക സ്വാതന്ത്ര്യത്തിലേക്കുള്ള മറ്റുള്ളവരുടെ തുറിച്ചു നോട്ടങ്ങളെയും സംശയങ്ങളെയും വെല്ലുവിളിക്കുകയാണിവിടെ നായിക ചെയ്യുന്നത്.

ശ്യാമപ്രസാദിന്റെ ‘ആർടിസ്റ്റ്’ എന്ന സിനിമയിൽ ചിത്രംവരയോടു മാത്രം ഭ്രാന്തമായ അഭിനിവേശമുള്ള, സ്വാർത്ഥനായ, ഒരു ഘട്ടത്തിൽ കാഴ്ച നഷ്ടപ്പെട്ടു പോകുന്ന കാമുകനു വേണ്ടി തന്റെ എല്ലാം ഉപേക്ഷിച്ച് അവനു വേണ്ടുന്നതെല്ലാം നൽകുന്ന കാമുകി, താൻ തന്റെ കാമുകന്റെ സ്വാർത്ഥതയ്ക്ക് വേണ്ടിയാണ് ഇത്രയും കാലം നിലനിന്നിരുന്നത് എന്ന് മനസ്സിലാക്കുന്നിടത്ത് ആ ബന്ധത്തിൽ നിന്നും തിരിച്ചിറങ്ങാൻ തീരുമാനിക്കുന്നു. 'പാവ വീട്' എന്ന നാടകത്തിന്റെ ശക്തമായ സ്വാധീനം ഈ സിനിമയിൽ കാണാൻ കഴിയും.

അനുരാജ് മനോഹറിന്റെ 'ഇഷ്ക്' എന്ന സിനിമയിലും ഇത്തരത്തിൽ നായികയുടെ ശക്തമായ ഇറങ്ങിപ്പോക്ക് കാണാവുന്നതാണ്.” സദാചാര അക്രമണത്തിന് ഇരകളായ കാമുകീകാമുകന്മാരിൽ കാമുകൻ അ

ക്രമിച്ചയാളുടെ വീട്ടിൽചെന്ന് തങ്ങളെ ഉപദ്രവിച്ച അതേ രീതിയിൽ തിരിച്ചും പ്രതികാരം ചെയ്യുന്നു. കാമുകിയുടെ വിശുദ്ധിയിൽ സംശയം പ്രകടിപ്പിക്കുന്ന കാമുകൻ, കാമുകിക്ക് യാതൊരു കളങ്കവും സംഭവിച്ചിട്ടില്ല എന്നറിയുമ്പോൾ അവളോടടുക്കാൻ ശ്രമിക്കുകയും കാമുകി ആ പ്രണയത്തിൽ നിന്നും ഇറങ്ങിപ്പോരുകയും ചെയ്യുന്നു.” സിനിമാന്ത്യത്തിൽ നായകനും നായികയും ഒരുമിക്കുന്നതായാണ് സംവിധാകൻ ആദ്യം അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ നായികയുടെ വ്യക്തിത്വം അവിടെ നഷ്ടപ്പെട്ടു പോകുമെന്ന 'കനികുസൃതി' എന്ന ആർട്ടിസ്റ്റിന്റെ അഭിപ്രായമാണത്രേ ഇന്നു കാണുന്ന ശക്തമായ ക്ലൈമാക്സിലേക്ക് സിനിമയെ എത്തിച്ചത്.

'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമയുടെ സംവിധായകൻ ജിയോബേബി ഒരു അഭിമുഖത്തിൽ പറഞ്ഞത് തന്റെ കൂട്ടുകാരികളുടെയും ഭാര്യയുടെയുമെല്ലാം അഭിപ്രായങ്ങളും അനുഭവങ്ങളും ചോദിച്ചു മനസ്സിലാക്കിക്കൊണ്ടാണ് ഈ സിനിമയിലെ ഓരോ രംഗങ്ങളും അവതരിപ്പിച്ചിട്ടുള്ളതെന്നാണ്. അതു കൊണ്ടു തന്നെയായിരിക്കാം നേരത്തെ സൂചിപ്പിച്ച പുരുഷൻ ഫെമിനിസം പറയുമ്പോഴുണ്ടാകുന്ന പൊതുവെയുള്ള പ്രശ്നങ്ങൾ ഈ സിനിമയിൽ കുറഞ്ഞനുഭവപ്പെടുന്നത്. എങ്കിൽപോലും സാമാന്യവത്കരണത്തിന്റേതായ ഒരു പ്രശ്നം സിനിമയിൽ നിലനിൽക്കുന്നില്ലേ എന്ന വിമർശനത്തെ കൂടി കണക്കിലെടുക്കേണ്ടതുണ്ട്.സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങളെ ഉപരിപ്ലവമായ രീതിയിൽ അവതരിപ്പിക്കാൻ സംവിധായകൻ ശ്രമിക്കുന്നില്ലേ?എന്നൊരു ചോദ്യം ഉരുത്തിരിഞ്ഞു വരുന്നു.

ഈ സിനിമയിലെ പ്രശ്നങ്ങളുടെ തെരഞ്ഞെടുപ്പ് തന്നെ ഒന്നു പരിശോധിക്കാം. ഉയർന്നസാമ്പത്തിക സ്ഥിതിയും ഗൾഫ്പശ്ചാത്തലവുമുള്ള സവർണ്ണ ജാതിയിൽപെട്ട നായികയുടെ തെരഞ്ഞെടുപ്പിൽ നിന്നു തന്നെ തുടങ്ങാം. ഈ നായികയ്ക്ക് പേരില്ലാത്തതിന്റെ കാരണം എല്ലാ സ്ത്രീകളുടെയും പ്രതിനിധാനമെന്ന നിലയിലാണ് നായികയെ അവതരിപ്പിച്ചിരിക്കുന്നത് എന്നതുകൊണ്ടാണെന്ന് സംവിധായകൻ പറയുന്നുണ്ട്. ഒരേ സമയം അതൊരു അപകടം പിടിച്ച ചിന്താഗതിയാണെന്ന് പറയാം. ഒരു സിനിമയ്ക്ക് അതിന്റേതായ പരിമിതികളുണ്ട്. എല്ലാ പ്രശ്നങ്ങളെയും ഒരു സിനിമയിൽ ആവിഷ്കരിക്കാൻ കഴിയില്ല. അതു കൊണ്ടുതന്നെ ഈ സിനിമയിലെ നായികയുടെ പ്രശ്നമാണ് എല്ലാ സ്ത്രീകളുടെയും പ്രശ്നം എന്ന് പറയുന്നതിനോട് വിയോജിപ്പുണ്ട്.ഇതിലെ പ്രശ്നം സ്ത്രീകൾ അനുഭവിക്കുന്ന പല പ്രശ്നങ്ങളിൽ ചിലത്

മാത്രമാണ്. ഈ സിനിമയിൽ അവതരിപ്പിച്ചിരിക്കുന്ന സവിശേഷമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ പരിഹരിക്കപ്പെടുന്നതല്ല സ്ത്രീകളുടെ അസ്വാതന്ത്രം. ഈ സിനിമ സംവിധാനം ചെയ്തത് ഒരു സ്ത്രീ(സ്ത്രീ വീക്ഷണമുള്ള സ്ത്രീ)ആയിരുന്നെങ്കിൽ ആർജ്ജവവും ബുദ്ധിയുമില്ലാത്ത ഒരു നായികയെ ഒരിറങ്ങിപ്പോക്കിനു മാത്രമായി നിർമ്മിക്കുമായിരുന്നില്ല. നായികയുടെ അവസാനത്തെ ഇറങ്ങിപ്പോക്കിനും, മുഖത്തേക്ക് വേസ്റ്റ് വെള്ളം ഒഴിക്കുന്നതിനും വേണ്ടി കെട്ടിച്ചമച്ച സീനുകളായി പലതും അനുഭവപ്പെടുന്നു. ചോർന്നൊലിക്കുന്നിടത്തു ചെറിയ ബക്കറ്റു വയ്ക്കുന്നതിലൂടെയും പ്ലംബറെ വിളിക്കാൻ നിരന്തരം ഭർത്താവിനെ ആശ്രയിക്കുന്നതിലൂടെയുമെല്ലാം നായികയുടെ ചില സാമാന്യയുക്തികളെയും ആർജ്ജവത്തെയും സംവിധായകൻ മന:പൂർവ്വം മുറിച്ചുമാറ്റുകയല്ലേ ചെയ്യുന്നത് എന്ന് ചിന്തിക്കേണ്ടി യിരിക്കുന്നു.

ഈ സിനിമയിലെ നായിക അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങളെ വളരെ മിടുക്കോടെ കൈകാര്യം ചെയ്യുന്നവരാണ് നമുക്ക് ചുറ്റുമുള്ള ഭൂരിഭാഗം സ്ത്രീകളും. പല വീടുകളുടെയും നിലനില്പുതന്നെ ഇത്തരം സ്ത്രീകളുടെ ആർജ്ജവം കൊണ്ടാണ്. അവരുടെ ആർജ്ജവത്തെ മഹത്വവത്കരിക്കുകയല്ല, മറിച്ച് ആ സ്ത്രീകൾ അനുഭവിക്കുന്ന മറ്റു പ്രശ്നങ്ങൾ ഒട്ടും ചെറുതല്ല എന്നോർമ്മപ്പെടുത്തുകയാണ്. ഈ സിനിമയിൽ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതു കൊണ്ട് ഈ പറയുന്ന ഭൂരിഭാഗം സ്ത്രീകളുടെയും പ്രശ്നങ്ങൾ ഇല്ലാതാകുന്നില്ല. അതിന്റെ തീവ്രതയും കുറയുന്നില്ല. അത്തരം സ്ത്രീകളുടെ പ്രശ്നങ്ങൾ കൂടി ആവിഷ്കരിക്കപ്പെടുമ്പോഴായിരിക്കാം യഥാർത്ഥപ്രശ്നങ്ങളുടെ ആഴത്തിലുള്ള വായന സാധ്യമാകുന്നത്. അപ്പോൾ ഇത്തരത്തിലുള്ള പുരോഗമനവിപ്ലവാഘോഷങ്ങൾ ഉണ്ടാകുമോ എന്ന് കണ്ടറിയേണ്ടതുണ്ട്. ഇവിടുത്തെ പുരുഷബോധപുരോഗമന സമൂഹം തങ്ങളുടെ തടിക്ക് ദോഷം വരാത്ത ഫെമിനിസവും ജാതിവിരുദ്ധതയും സമത്വസങ്കല്പവുമൊക്കെയാണ് സാധാരണ കൊണ്ടാടാറുള്ളത്.

2016ലെ മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡ് നേടിയ സനൽകുമാർ ശശിധരൻ സംവിധാനം ചെയ്ത 'ഒഴിവു ദിവസത്തെ കളി' എന്ന സിനിമ 'ജാതി' എന്ന വിഷയത്തെ കൈകാര്യം ചെയ്തതിനേക്കാൾ വളരെ ആഴത്തിലും ക്രിയാത്മകമായും ജാതിയെ അവതരിപ്പിച്ചിട്ടുള്ള ഷാനവാസ് നരണിപ്പുഴയുടെ 'കരി' എന്ന സിനിമ ഒരു തരത്തിലും അടയാളപ്പെടുത്തുകയോ ആഘോഷിക്കപ്പെടുകയോ ചെയ്തില്ല. രണ്ടും ഒരേ വർഷം ഇറങ്ങിയ സിനിമകളായിട്ടു പോലും. 2014-ൽ മികച്ച പ്രൊഫഷണൽ നാടകത്തിനുള്ള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചത് കെ.പി.എ.സി യുടെ 'പ്രണയസാഗരം' എന്ന നാടകത്തിനാണ്. ലിയോ ടോൾസ്റ്റോയിയുടെ 'അന്നാകരെനീന' എന്ന കൃതിയെ അവലംബിച്ചാണ് ഈ നാടകം തയ്യാറാക്കിയിട്ടുള്ളത്.70 വർഷത്തിൽപരം വിപ്ലവ പാരമ്പര്യം അവകാശപ്പെടുന്ന കെ.പി.എ.സിയുടെ ആ നാടകം പുരോഗമന പക്ഷക്കാരെന്നു പറയുന്ന വലിയ ആൾക്കൂട്ടത്തിനിടയിലാണ് അവതരിപ്പിക്കപ്പെട്ടത്.ആ നാടകത്തിന്റെ അവസാനത്തിൽ ഭർത്താവിനെ

വിട്ട് കാമുകനൊപ്പം പോകുന്ന നായികയ്ക്ക് സംഭവിക്കുന്ന ദുരന്തത്തെ 'വീടിന്റെ ശ്രീകോവിലിൽ നിന്നും ഇറങ്ങിപ്പോകുന്ന എല്ലാ സ്ത്രീകളുടെയും ഗതി ഇതുതന്നെയാണ് ' എന്ന സന്ദേശം നൽകിക്കൊണ്ടാണ് അവസാനിക്കുന്നത്. അന്നു കേട്ട നിലയ്ക്കാത്ത കൈയ്യടിയിൽ നിന്നും 5 വർഷത്തെ ദൂരമേ 2021 ലേക്കുള്ളൂ എന്നത് ചിന്തിക്കേണ്ടുന്ന കാര്യമാണ്.

ചെഗുവേരയുടെ ചിത്രത്തിനും നാമജപക്കാരുടെ ഇടയിലൂടെയുമുള്ള നായികയുടെ നടത്തത്തെ,




ഈ ആശയങ്ങളോ രാഷ്ട്രീയമോ സ്ത്രീയുടെ പ്രശ്നത്തെ അവതരിപ്പിക്കുന്നില്ല എന്ന് കാണിക്കാനായി സംവിധായകൻ ഉപയോഗിച്ചിരിക്കുന്നതു കാണാം.എന്നാൽ അതേ സമയം ഒരുപാട് സ്ത്രീകൾ ഈ പ്രശ്നം അനുഭവിക്കുന്നുണ്ട് എന്ന് കാണിക്കാനായി അതേ സീനിൽ ഉപയോഗിച്ച കുടുംബങ്ങളുടെ കാഴ്ചകൾ ഈ സിനിമയുടെ സാമാന്യവത്കരണത്തെ ഊട്ടിയുറപ്പിക്കുന്നു. വളരെ വ്യത്യസ്തമായ ക്ലാസിലും കാസ്റ്റിലുമുള്ള ആളുകളെ ആ സീനിൽ ഉപയോഗിച്ചത് സിനിമയുടെ സമ്പൂർണ്ണതയിൽ തന്നെ മുഴച്ചു നിൽക്കുന്നതായി തോന്നാം. അത്രയും കാലം നായിക ജീവിച്ചിരുന്ന സ്ഥലവുമായോ വീടുമായോ യാതൊരു ബന്ധവുമില്ലാത്ത ആളുകളെയാണ് അവിടെ കാണാൻ കഴിയുന്നത്. അത്തരമൊരു ആവിഷ്കരണം തന്നെ എല്ലാ കുടുംബത്തിലെ സ്ത്രീകളും അനുഭവിക്കുന്നത് സമാന പ്രശ്നമാണെന്ന് വരുത്തിത്തീർക്കാനാണെന്ന് വായിച്ചെടുക്കുമ്പോൾ ഈ സിനിമയുടെ സാമാന്യവത്കരണം പൂർണ്ണമാകുന്നു.

പൊതുബോധത്തിനനുസരിച്ച് നല്ലതെന്ന് പറയാത്ത നായിക ആയിരുന്നില്ലങ്കിൽ, അല്ലെങ്കിൽ ഈ നായികയ്ക്ക് വിവാഹത്തിന് മുൻപ് പ്രണയമോ ലൈംഗികബന്ധമോ ഉണ്ടായിരുന്നെങ്കിൽ, ഇനി അഥവാ ജീവിത പ്രശ്നങ്ങൾക്കിടയിൽ പുതിയ ബന്ധങ്ങളോ പ്രണയങ്ങളോ ഉണ്ടായാൽ, അതൊന്നുമല്ലെങ്കിൽ നായിക ഭർത്താവിൽ നിന്ന് ഗർഭിണി ആയിരുന്നെങ്കിൽ ഈ ആഘോഷക്കാരുടെ പലരുടെയും ഈ വിഷയത്തിലുള്ള അഭിപ്രായം തന്നെ മാറുമായിരുന്നു എന്നാണ് പൊതുവേ കരുതാൻ കഴിയുന്നത്. അത്തരം സദാചാര പുരോഗമനക്കാർക്ക് രക്ഷപ്പെടാനുള്ള എല്ലാ ഇടവും ഈ സിനിമ നൽകുന്നുണ്ട്. ഉദാഹരണത്തിന് ഇതിലെ നായിക ഫോർ പ്ലേ ആവശ്യപ്പെടുന്ന സന്ദർഭമെടുക്കാം. അതു കേൾക്കുന്ന നായകന് ഭാര്യയുടെ ലൈംഗിക അറിവുകളെ കുറിച്ച് സംശയമുണ്ടാകുമെങ്കിലും പ്രേക്ഷകർക്ക് അങ്ങനെയൊന്നുണ്ടാകുന്നില്ല. അത് പ്രേക്ഷകരുടെ പുരോഗമന കാഴ്ചപ്പാടുകൊണ്ടല്ല.മറിച്ച് അതുവരെ അവതരിപ്പിക്കപ്പെട്ട സൽഗുണസമ്പന്നയായ നായികാ കഥാപാത്രത്തോട് പ്രേക്ഷകരുടെ ഉൾബോധത്തിലുള്ള വിശ്വാസമാണ്.

അടുക്കളയിൽ അനുഭവിക്കുന്നതിനോടൊപ്പമോ അതിനേക്കാൾ കൂടുതലോ പ്രശ്നങ്ങൾ ഒരു സ്ത്രീ തന്റെ കുടുംബസാമൂഹ്യ ജീവിതത്തിൽ സദാചാര പ്രശ്നങ്ങൾക്കൊണ്ടനുഭവിക്കുന്നുണ്ട്. എന്നാൽ അതിനെ ഒരു തരത്തിലും സിനിമ അഡ്രസ്സ് ചെയ്യാൻ ശ്രമിച്ചിട്ടില്ല. എന്നാലും ഇത്തരം പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് വലിയ തുടക്കമിട്ടു എന്ന നിലയിൽ 'ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' മികച്ച ഇടപെടൽ നടത്തിയിട്ടുണ്ട്.

സ്ത്രീപ്രശ്നങ്ങളെ അവതരിപ്പിക്കുന്നതിൽ ഈ സിനിമ ഒരു ഫോർ പ്ലേ ആണെന്ന് പറയാവുന്നതാണ്. എന്നാൽ യഥാർത്ഥ പ്രശ്നങ്ങളുടെ പ്ലേയും, ആഫ്ടർ പ്ലേയും വരാനിരിക്കുന്നതേയുള്ളൂ. അന്ന് അതെല്ലാം ആഘോഷിച്ച് തളരുന്ന സമൂഹത്തിലാണ് പ്രതീക്ഷ.



പെൺപക്ഷം

അജിത കെ.

# നിയമസഭാ തെരഞ്ഞെടുപ്പ് – ചില വെല്ലുവിളികൾ

കേരളം ഇന്ന് നിയമസഭാ തിരഞ്ഞെടുപ്പിന് തയ്യാറാവുകയാണ്. ഇന്ത്യയിലെ ഇന്നത്തെ പൊതു സാഹചര്യത്തിൽ ഒരു സവർണ്ണ ഹിന്ദുത്വ ഫാസിസ്റ്റ് ഭരണകൂടം അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ കടന്നാക്രമണങ്ങൾ എല്ലാ മേഖലയിലും നടന്നുകൊണ്ടിരിക്കുന്നു. കാശ്മീർ, പൗരത്വനിയമം, തൊഴിലാളി വിരുദ്ധ നിയമനിർമ്മാണം, ഹിന്ദുത്വ ആശയങ്ങൾ അടിച്ചേൽപ്പിക്കുന്ന വിദ്യാഭ്യാസ പരിഷ്കരണ നിയമം, ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളിലൂടെ സ്ത്രീകൾ നേടിയെടുത്ത നിയമങ്ങളിൽ മായംചേർക്കൽ, യു.എ.പി.എ നിയമ പരിഷ്കരണം... ഇങ്ങനെ പോയി രാജ്യത്തിന് അന്നം തരുന്ന കർഷകസമൂഹത്തെ അതിഭീകരമായി ചൂഷണം ചെയ്യുന്ന മൂന്ന് കാർഷികപരിഷ്കരണ നിയമങ്ങൾ പാസാക്കി കർഷകസമൂഹത്തെയാകെ മാസങ്ങളോളം തെരുവിലിറക്കി ഇന്നും പരിഹാരം കാണാതെ അഹങ്കാരത്തോടുകൂടി മുന്നോട്ടുപോകുന്ന ബി.ജെ.പി. ഭരണം. വിപ്ലവ-പുരോഗമന-ജനാധിപത്യ കേരളത്തിൽ ഈ ഭരണം ഒരുകാലത്തും വരാൻ ഇടവരരുതേ എന്നാഗ്രഹിക്കുന്ന ഒരു സാധാരണ പൗരയാണ് ഞാൻ.

അഡോൾഫ് ഹിറ്റ്ലറേയും മുസ്സോളിനിയേയും മറ്റും ഓർമിപ്പിക്കുന്ന ഈ ശക്തിയെ നേരിടാനുള്ളത് 70 വർഷങ്ങളിൽ ഏറ്റവും കൂടുതൽ വർഷങ്ങൾ ഇന്ത്യയെ ഭരിച്ച കോൺഗ്രസാണ് ഒരുവശത്ത്. മറ്റൊരുവശത്ത് ചില സംസ്ഥാനങ്ങളിൽ പോക്കറ്റുകളിൽ മാത്രം ഒതുങ്ങിപ്പോയ ഇടതുപക്ഷശക്തികളും. ഇന്നത്തെ നിയമ പരിഷ്ക്കാരങ്ങൾക്ക് അടിത്തറയിട്ടതും ഇന്ത്യൻ സമ്പദ്ഘടനയെ പൂർണമായി സ്വകാര്യവൽക്കരിക്കുന്ന നയം ആദ്യം മുന്നോട്ടുവച്ചതും ഗുജറാത്തിലും മറ്റു സംസ്ഥാനങ്ങളിലും മൃദു ഹിന്ദുത്വ സമീപനം നടപ്പാക്കിയതും ഒക്കെ കോൺഗ്രസ് ആയതിനാൽ ആ പാർട്ടി ഇന്നൊരു നല്ല എതിരാളി ആണെന്ന് പറയാനാവില്ല.

ഇടതുപക്ഷമാണ് പിന്നെയുള്ളത് സ്ഥാനാർത്ഥി ലിസ്റ്റുകൾ പൂർണ്ണമാകുമ്പോഴുള്ള ഒരു ചിത്രം എന്നെപ്പോലുള്ള വരെ വളരെ നിരുത്സാഹപ്പെടുത്തുന്നു എന്ന് പറയാതെ വയ്യ. കഴിവുറ്റ, ആത്മാർത്ഥതയുള്ള ജനകീയ പ്രവർത്തനങ്ങൾക്ക് പ്രശസ്തിയാർജ്ജിച്ച പല ഇടതുപക്ഷ നേതാക്കളും തഴയപ്പെട്ടിരിക്കുന്നു. എന്തു വിശദീകരണം തന്നാലും അതങ്ങനെ ഉപ്പു ചേർക്കാതെ വിഴുങ്ങാനാവുന്നില്ല. ബി.ജെ.പിയും കോൺഗ്രസ്സും എനിക്കൊരു ഓപ്ഷനേയല്ല. സഖാക്കളെ മാത്രമല്ല, സ്ത്രീകൾക്ക് വിജയസാധ്യതയുള്ള എത്ര സീറ്റുകളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി മാറ്റിവെച്ചിരിക്കുന്നത്. സഖാക്കളുടെ ഭാര്യമാരെ (ആ ഒരൊറ്റ മാനദണ്ഡത്തിൽ) സ്ഥാനാർത്ഥികളാക്കുന്ന പാരമ്പര്യം ഇന്നും തുടരുന്നു. മഹിളാ അസോസിയേഷനിലും മറ്റു ബഹുജന സംഘടനകളിലും കഴിവുറ്റ ആർജ്ജവമുള്ള സ്ത്രീപ്രവർത്തകരുണ്ടായിരിക്കേ എന്തിന് ഇത്തരം നടപടികൾ? സ്വയം പരാജയപ്പെടാനും അങ്ങനെ ബിജെപിക്ക് കേരളത്തിൽ വിജയസാധ്യത വർധിപ്പിക്കാനും ഈ ചുവടുവയ്പ്പുകൾ വഴിതുറക്കുമെന്ന് മനസ്സിലാക്കാനുള്ള സാമാന്യബുദ്ധി പോലും സഖാക്കൾക്കില്ലാതെ പോകുന്നല്ലോ എന്ന സങ്കടത്തിലാണ് ഞാൻ. ഇത് കഷ്ടം തന്നെ!



ചർച്ചാവിഷയം

എലിസബത്ത് സി.എസ്.
അന്വേഷി,
കോഴിക്കോട്

# പ്രമാദമായ ഒരു കേസിന്റെ വിധി

ഇക്കഴിഞ്ഞ (24.2.2021) ഇരുപത്തിനാലാം തീയതിയിലെ പത്രത്തിൽ ഹെഡ്ഡിങ് മാത്രം ഓടിച്ചു വായിക്കുന്നതിനിടയിലാണ് പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ എട്ടുപേർക്ക് കഠിനതടവ് എന്ന ഹെഡ്ഡിംഗ് കണ്ണിൽ പെട്ടത്. വായിച്ചപ്പോൾ നല്ല പരിചയമുള്ള കേസ് പോലെ തോന്നിയതിനാൽ ഒരാവർത്തികൂടി വായിച്ചു. ഇത് സത്യം തന്നെയോ എന്ന സംശയത്തിൽ ആയിപ്പോയി ഞാൻ. അതേസമയം വലിയ സന്തോഷവും ഉണ്ടായ നിമിഷം. കാരണം ഈയടുത്ത കാലത്തെങ്ങും ലൈംഗികപീഡനങ്ങൾക്കിരയായ പെൺകുട്ടികൾക്കനുകൂലമായ ഒരു വിധിയും നേടിയെടുത്തതായി കണ്ടിട്ടില്ല. പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ അന്വേഷണ പിഴവുകൾ, എഫ്.ഐ.ആറിലെ വെള്ളം ചേർക്കലുകൾ, സത്യസന്ധവും ശക്തവുമായ സാക്ഷിമൊഴികളില്ലാതാവൽ, അവരുടെ കൂറുമാറലുകൾ എല്ലാം ഒന്നിച്ചുവന്നാൽ എങ്ങനെയാണ് ആക്രമിക്കപ്പെട്ടവർക്കനുകൂലമായി വിധി വരിക? എന്നാൽ ഈ കേസ് അങ്ങനെയാകാഞ്ഞതിൽ സന്തോഷം കൊണ്ടിരിക്കാൻ വയ്യ എന്ന അവസ്ഥയായി. പന്ത്രണ്ട് വർഷം മുമ്പാണ് മഫ്തയിട്ട ഒരു കൗമാരക്കാരിയും അവളുടെ അടുത്ത ബന്ധുക്കളും അന്വേഷിയിൽ എത്തുന്നത്. അവൾക്ക് സ്വന്തം ജീവൻ നഷ്ടപ്പെടാതിരിക്കാനും സുരക്ഷിതമായ സംരക്ഷണം കിട്ടുന്നതിനും വേണ്ടിയാണ് അവൾ അന്വേഷിയിൽ എത്തിയത്. തൽക്കാലം അന്വേഷി ഷോർട്ട് സ്റ്റേ ഹോമിൽ താമസിപ്പിക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതിനുവേണ്ടി അവളോടൊപ്പം ഷോർട്ട് സ്റ്റേ ഹോമിലേക്ക് പോകുന്ന സമയത്ത് അവൾ നേരിട്ടു സംസാരിച്ച കാര്യങ്ങൾ ആ പ്രായത്തിലുള്ള ഒരു പെൺകുട്ടിക്ക് അനുഭവിക്കാൻ കഴിയുന്നതിനും അപ്പുറത്തായിരുന്നു. അതിങ്ങനെ - അവൾ ഏഴാം ക്ലാസിൽ പഠിക്കുന്ന സമയത്ത് തന്നെ ഉമ്മയും ഉപ്പയും വിവാഹമോചിതരായി. രണ്ടുപേരും വേറെ വിവാഹവും കഴിച്ചു. സ്വാഭാവികമായും ഇവളും സഹോദരനും ഉമ്മയോടൊപ്പം താമസിക്കുകയും ചെയ്തു. ആ കാലം മുതൽ എളൂപ്പ എന്ന് വിളിക്കുന്ന ഇവളുടെ ഉമ്മയുടെ രണ്ടാം ഭർത്താവ് ഇവളെ ബലാത്സംഗം ചെയ്യുക പതിവായിരുന്നു. ഉമ്മയോട് പറഞ്ഞാൽ അവളെ കൊന്നുകളയുമെന്ന് കൂടി ഈ കാമഭ്രാന്തൻ ഭീ

ഷണിപ്പെടുത്തിയപ്പോൾ പ്രാണഭയത്താൽ സ്വന്തം ഉമ്മയോട് പോലും ഈ കാര്യം പറയാൻ അവൾ ധൈര്യപ്പെട്ടില്ല. അയാളുടെ ക്രൂരമായ പീഡനത്തിന് പുറമെ മറ്റു പലർക്കും വേണ്ടിയും അവളുടെ എളൂപ്പ ഈ പെൺകുട്ടിയെ കാഴ്ച വെച്ച് പണം വാങ്ങിക്കൊണ്ടിരുന്നു. രണ്ടു വർഷത്തിലധികം പുറത്തുള്ളവർക്കും ഇവളെ ഉപയോഗിക്കാൻ കൊടുത്ത് പണം വാങ്ങിക്കൊണ്ടിരുന്നപ്പോൾ അവൾക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. ഇനിയും അവൾക്ക് സ്വന്തം ഉമ്മയോട് പറയാതിരിക്കാൻ കഴിയുമായിരുന്നില്ല. ഉമ്മയോട് ഇക്കാര്യം അറിയിച്ചപ്പോൾ ഉമ്മയിൽ നിന്നുണ്ടായ പ്രതികരണം ഭയാനകമായിരുന്നു. 'ഇതൊന്നും അത്ര കാര്യമാക്കേണ്ട, ഇങ്ങനെയൊക്കെ ഉണ്ടാകും' എന്ന ഉമ്മയുടെ വാക്കുകളിൽ നിന്ന് ഉമ്മയും കൂടി അറിഞ്ഞുകൊണ്ടാണ് തന്നെ വിൽക്കുന്നതെന്ന് ഈ കൗമാരക്കാരി മനസ്സിലാക്കി. അതിനിടയ്ക്ക് സ്വന്തം ഉമ്മയുടെ അറിവോടെയാണ് വയനാട്, ഊട്ടി, കോഴിക്കോട് ജില്ലയുടെ പലഭാഗങ്ങളിലും ഇവൾക്ക് പലരോടൊപ്പം കൂടെ താമസിക്കേണ്ടി വന്നത്. ചുരിദാർ , നല്ല ഭക്ഷണം ഒക്കെ അവർ ഇവൾക്കായി പ്രത്യേകം ഏർപ്പാടാക്കുമായിരുന്നു. പക്ഷെ രണ്ടാനുപ്പയും ഉമ്മയും ഇവളെ ഉപയോഗിച്ച് പണം സമ്പാദിക്കുകയായിരുന്നു. രണ്ടു രണ്ടര വർഷത്തോളം നിരന്തരമായി ഇത് തുടർന്നപ്പോൾ അവൾക്ക് സഹികെട്ടു. പലരും ഇവളെ ബലാത്സംഗത്തിനിരയാക്കി. അങ്ങനെ ഒരു ദിവസം ഇവരുടെ അടുത്ത് നിന്നും രക്ഷപ്പെട്ട് സ്വന്തം ഉപ്പയുടെ അടുത്തെത്തി. ഉപ്പയുടെ ഉമ്മയോട് ഉണ്ടായ ദുരനുഭവങ്ങൾ പറഞ്ഞപ്പോൾ അവർ ഉടൻതന്നെ പോലീസിൽ പരാതി കൊടുപ്പിച്ചു. ഇതറിഞ്ഞ സംഘം കയ്യിൽ കിട്ടിയാൽ അവളേയും ഉപ്പയേയും കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തി. മരണഭയത്താൽ വിളറിയ മുഖവുമായാണ് ആ കൗമാരക്കാരി അന്ന് അന്വേഷിയിലെത്തിയത്. ഏതു തരത്തിൽപെട്ട സ്ത്രീകളായാലും അവരുടെ കാര്യങ്ങളിൽ ഇടപെടേണ്ടത് അന്വേഷിയുടെ പ്രവർത്തനത്തിന്റെ ഭാഗമാണ്. തൽക്കാലം അവൾക്ക് സുരക്ഷിതമായി കഴിയേണ്ടതിനാലാണ് അന്വേഷിയുടെ ഷോർട്ട്സ്റ്റേ ഹോമിൽ അഭയം കൊടുത്തത്. കേസന്വേഷണത്തിന്റെ ആവശ്യങ്ങൾ കഴിഞ്ഞപ്പോൾ അവളുടെ സുരക്ഷിതത്വത്തിനു വേണ്ടിയും തുടർ പഠനങ്ങൾക്കും തിരുവനന്തപുരത്തുള്ള മഹിളാ സമഖ്യാ സൊസൈറ്റിയെ ഏൽപ്പിച്ചു. തുടർന്ന് സർക്കാറിന്റെ നിർഭയ (വിമൻ&ചിൽഡ്രൻസ്) ഹോമിലേക്ക് മാറ്റി.

നിസ്സഹായയും നിർധനയുമായ ഈ പെൺകുട്ടിയുടെ പീഡകന്മാർ ധനികരും സ്വാധീനശക്തിയുള്ളവരും ആയിരുന്നു. ഇത്രയൊക്കെ വിപരീത സാഹചര്യങ്ങൾ ഉണ്ടായിട്ടും നിരാശയായി തോറ്റു പിന്മാറാൻ ഈ കൗമാരക്കാരി തയ്യാറായില്ല . തുടർ പഠനം നടത്തണം എന്ന ഒരേയൊരു ആഗ്രഹത്തിൽ അവൾ മുറുകെ പിടിച്ചു. അവൾ വീണ്ടും പഠനം തുടർന്നു. അതിനിടയിൽ ഈ കേസും അതിന്റെ വഴിക്ക് ഇഴഞ്ഞു നീങ്ങിയിരുന്നു. പഠനം നിർത്തേണ്ടി വന്ന അവൾ മഹിളാ സമഖ്യാ സൊസൈറ്റിയുടെയും പിന്നീട് നിർഭയയുടെയും സഹായത്തോടെ എം.കോം ബിരുദാനന്തര ബിരുദധാരിയായി. ടാലിയും പഠിച്ചു. ഇപ്പോൾ കേരള സർക്കാർ സ്ഥാപനത്തിൽ ഉദ്യോഗസ്ഥയായി. ജോലിയിൽ പ്രവേശിച്ച് ഒരാഴ്ച ആകുമ്പോഴാണ് അവൾക്ക് അനുകൂലമായ കോടതി വിധി വന്നത്. എട്ടു പേരെയും കഠിന തടവിന് ശിക്ഷിച്ച അതിവേഗ കോടതിയുടെ വിധിക്കു കാരണം ഒരുപക്ഷേ ഈ കേസ് ഏറ്റെടുത്ത പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ സത്യസന്ധമായ തെളിവെടുപ്പുകളും അന്വേഷണ റിപ്പോർട്ടും എഫ്.ഐ.ആർ ഉം ശക്തമായ സാക്ഷിമൊഴികളും ആവാം. അതോടൊപ്പം പരാതിയിൽ ഉറച്ചു നിന്ന അന്നത്തെ ആ കൊച്ചുപെൺകുട്ടിയുടെ സത്യസന്ധവും ധീരവുമായ ഉറച്ച മൊഴിയും, പ്രഗത്ഭനും എല്ലാത്തിലുമേറെ സത്യസന്ധനുമായ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ആത്മാർത്ഥ ശ്രമങ്ങളും ഈ കേസിൽ നീതി വിജയിക്കാൻ കാരണമായി ഇതായിരിക്കണം ഓരോ പോക്സോ കേസിലും ഉണ്ടാകേണ്ട നിലപാടുകൾ.

ഈ കേസിന് ചില ഗുണപാഠങ്ങളുണ്ട്. ഇത്തരത്തിലുള്ള ഒരു കേസിന്റെ വിചാരണയുടെ പ്രക്രിയയും ഇത്രമാത്രം നീണ്ടുപോകരുത്. ക്രൂരപീഡനങ്ങൾക്ക് ഇരയാക്കപ്പെട്ട പെൺകുട്ടികൾ കടന്നുപോകുന്ന മാനസിക സംഘർഷങ്ങൾ അവളുടെ തുടർജീവിതത്തിലുണ്ടാക്കുന്ന ആഘാതം വളരെ ആഴമേറിയതാണ്. നീതിയുടെ പ്രക്രിയ ഇത്ര നീണ്ടുപോകരുതെന്ന് ഇനി എപ്പോഴാണ് നീതിപീഠങ്ങൾ തിരിച്ചറിയുക? Justice delaye is justice denied. പ്രതികൾക്ക് ശിക്ഷകിട്ടുന്നത് തന്നെ അപൂർവ്വമാണ്. സൂര്യനെല്ലി, വിതുര, കവിയൂർ, കിളിരൂർ, ഐസ്ക്രീംപാർലർ എന്നീ കേസുകളൊന്നും നമുക്ക് മറക്കാറായിട്ടില്ല. ഇരകളാക്കപ്പെടുന്ന കൊച്ചുപെൺകുട്ടികൾക്ക് ഇന്ന് പുതിയൊരു ജീവിതം തുടങ്ങാനും സമൂഹത്തിൽ പുനരധിവസിക്കപ്പെടാനും ഉദ്ദേശിച്ചുകൊണ്ടുള്ള നിർഭയ ഹോമുകൾ സർക്കാറിന്റെ കീഴിൽ ഇന്നുണ്ട്. പോക്സോ കേസ് ചാർജ്ജ് ചെയ്ത് കഴിഞ്ഞാൽ ഈ സാധ്യത തുറക്കപ്പെടുന്നു. ഇതിന് മുമ്പ് ഇരകളാക്കപ്പെട്ട പെൺകുട്ടികൾക്ക് ഇത്തരം സാധ്യതകളൊന്നുമുണ്ടായിരുന്നില്ല. അവരെ സമൂഹം പല വിധത്തിൽ പിച്ചിചീന്തി. പക്ഷേ, ഇന്നും ഇത്തരം ക്രൂരസംഭവങ്ങൾ നടക്കുന്നില്ലേ? വാളായാർകേസിലെ കൊലചെയ്യപ്പെട്ട രണ്ടുകുട്ടികൾ ഇന്നും നമ്മുടെ മനസ്സിൽ തൂങ്ങിയാടുന്നു. ഇത്തരം ഹോമുകളിൽ എത്രയെത്ര കൊച്ചു പെൺകുട്ടികളുണ്ട്! ഇത് എങ്ങനെ തടയാനാകും?



ചർച്ചാവിഷയം

# പറയൂ, ഏത് വീട്ടിലേക്ക് പോകണം?



പി.ഇ. ഉഷ

കുട്ടികൾ അതിക്രമത്തിന് ഇരയാകുന്നതിനെത്തുടർന്ന് നടക്കുന്ന ചർച്ചകൾ വളരെ ശ്രദ്ധിക്കേണ്ടതാണ്. കുട്ടികൾ അനുഭവിക്കുന്ന പ്രതിസന്ധികൾ അതിൽ കടന്നുവരുന്നതേ കുറവാണ്. വന്നാൽത്തന്നെ അവരുടെ ഭാവി, കല്യാണം, പരമ്പര, പാരമ്പര്യം എന്നിങ്ങനെയുള്ള സംഗതികളിലാണ് ഊന്നുന്നത്. കുട്ടികൾ അതിക്രമത്തിന്നിരയായതിനു ശേഷം വലിയവർ നിർണ്ണയിക്കുന്ന നീതി നിർവഹണപ്രക്രിയയിലൂടെ കടന്നുപോകുകയാണ്. അവരോടൊപ്പം ആരാണ് ഉള്ളത്?

പോക്സോ കേസ്സുകളിൽ ശിക്ഷ കുറയുമ്പോൾ കേൾക്കുന്ന കാരണം പെൺകുട്ടി /ആൺ കുട്ടി ഹോസ്റ്റെയിൽ ആയി എന്നതാണ്. എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്? ആരൊക്കെയോ കുട്ടിയെക്കൊണ്ട് സത്യം പറയാതിരിപ്പിക്കുന്നു. എന്നിട്ട് കുട്ടി ഹോസ്റ്റെയിൽ എന്ന് പറഞ്ഞു വെക്കുന്നു.

പോക്സോ കേസ്സുകളുടെ വകുപ്പുകളിൽ ഗർഭിണിയാക്കുന്നതോ, തുടർന്ന് പ്രസവിക്കാൻ ഇടവരുന്നതോ പ്രത്യേകമായി പരിഗണനക്ക് വരുന്നില്ലതന്നെ. ഇതിൽത്തന്നെ വീട്ടിൽ നിന്നുള്ളവർ വഴി ഗർഭിണിയാകുന്ന സംഭവങ്ങളും ഏറെയാണ്. ഇതുവഴി കുട്ടിക്കുണ്ടാകുന്ന നഷ്ടങ്ങളെ ബുദ്ധിമുട്ടുകളെ വേണ്ടതരത്തിൽ മനസ്സിലാക്കുന്നില്ല. ഇത്തരം കേസുകളിൽ വീട്ടിലെ അതിക്രമി കുട്ടിയെ ഭീഷണിപ്പെടുത്തി നിശ്ശബ്ദയാക്കുകയാണ് പതിവ്. അത് കാരണം പലപ്പോഴും MTP ചെയ്യാനുള്ള അവസരം നഷ്ടമാകുന്ന അവസ്ഥയാണ് ഉണ്ടാവുന്നത്. ഒരു കേസിൽ കണ്ടത് ആരോ ഗർഭിണിയാക്കി എന്ന് പറഞ്ഞു ഗർഭത്തിനുത്തരവാദിയായ അച്ഛനും പിന്നെ അമ്മയും അച്ഛന്റെ സഹോദരിയും കൂടി ഗർഭഛിദ്രത്തിനായി അയൽസംസ്ഥാനം മുഴുവൻ കറങ്ങി നടക്കാതെ തിരിച്ചു വന്നു പിന്നീട് പോലിസിൽ അജ്ഞാതഗർഭമായി റിപ്പോർട്ട് ചെയ്യപ്പെടുകയാണ് ഉണ്ടായത്. പക്ഷെ കുടുംബത്തിന്റെ പിടി വിട്ട് കിട്ടിയപ്പോൾ തന്നെ അവൾ സത്യം പറഞ്ഞു, അച്ഛന്റെ ഭീഷണിയും അമ്മയുടെ നിസ്സഹായതയും അവൾ വരച്ചു കാട്ടി. അമ്മ വിവരം അറിയുകയും അച്ഛന്റെ അവിശ്വസ്ഥതയും അതിക്രമവും അതേ ക്രമത്തിൽ അവർ വിവരിച്ചു കരഞ്ഞു. അതേ അവിശ്വസ്ഥതയാണ് അവരെ കൂടുതൽ സംഘർഷത്തിൽ ആക്കിയത്. അങ്ങനെ അച്ഛൻ ജയിലിൽ അടക്കപ്പെട്ടു. അമ്മ സ്വന്തം നിലയിൽ ജീവിതം കരുപ്പിടിക്കാൻ തീരുമാനിച്ചു. അങ്ങനെ അവരുടെ ജീവിതം അമ്മയും മകളും മാത്രമുള്ള ചെറിയ വൃത്തമായി. മകൾ പ്രസവിച്ചു, കുട്ടിയെ ദത്തു കൊടുത്തു. പിന്നീട് ഒരു ദിവസം ജയിൽ സന്ദർശക ഡയറിയിൽ ഈ അമ്മയുടെ ഒപ്പ് രേഖപ്പെടുത്തിയതായി കാണുകയാണ്. പുറകോട്ടു മറിച്ചു നോക്കുമ്പോൾ പല മാസങ്ങളിലും ആ ഒപ്പ് ഉണ്ട് എന്നും കണ്ടെത്തി. അമ്മക്ക്, ഗർഭത്തിൽ നിന്ന് വിമുക്തയായി പഠനം തുടരുന്ന മകളെക്കാൾ ജയിലിൽ കഴിയുന്ന ഭർത്താവ് ആണ് പരിഗണന അർഹിക്കുന്നത് എന്ന് തോന്നിയിരിക്കണം.

ആ പെൺകുട്ടി എന്ത് ചെയ്യണം? ഇനി ആരാണ് ഉള്ളത്? കുഞ്ഞുങ്ങൾ വീട്ടിലാണ് കഴിയേണ്ടത് എന്ന് എല്ലാ നിയമവും കോടതികളും ഭരണകൂടവും പറയുന്നുണ്ട്. അപ്പോൾ ഏത് വീട്ടിലേക്ക് പോകണം? പറയൂ. പ്ലീസ്...






ഡോ.ജാൻസി ജോസ്

# പ്രണയം – ജീവിതം, ജീവിതം – പ്രണയം



പ്രണയം ജീവിക്കാനുള്ള ഊർജം നൽകുന്ന ഒന്നാണല്ലോ. എന്നാൽ എന്താണ് പ്രണയം എന്നോ എന്തിനാണ് പ്രണയം എന്നോ ആർക്കും അറിയില്ല തന്നെ. ഇതൊന്നുമറിയാതെയാണ് പലരും പ്രണയിക്കുന്നത് എന്നു പറയാതെ വയ്യ. എന്തെങ്കിലുമൊരു ആകർഷണം തോന്നിയാൽ പ്രണയത്തിൽപ്പെട്ടുപോകുന്ന പതിവാണ് കണ്ടു വരുന്നത്. സ്റ്റേൺ ബർഗിന്റെ ത്രയാങ്കൾ തിയറിയിൽ ശാരീരിക സാമീപ്യം (Intimacy), പരസ്പരധാരണയോട് കൂടിയ വിശ്വാസം(Commitment), ലൈംഗികപരമായ തൃഷ്ണ (Passion) എന്നിവയാണ് പ്രണയത്തെ മുന്നോട്ട് കൊണ്ട് പോകുന്ന ഘടകങ്ങൾ എന്നു പറയുന്നുണ്ട്. ഈ മൂന്നു ഘടകങ്ങളും കൂടിയാലേ പ്രണയത്തിന്റെ മാധുര്യം ആസ്വദിക്കാനാവൂ.ഏതെങ്കിലും ഒന്നിനു വേണ്ടി നിലകൊള്ളുന്ന പ്രണയം സന്തോഷിപ്പിക്കുകയോ നിലനിർത്തുകയോ ഇല്ല.

പ്രണയം വരുന്ന വഴി ആർക്കുമറിയില്ല എന്നതാണ് സത്യം. പക്ഷേ ഒന്നറിയാം, പ്രണയം ധ്വനിപ്പിക്കുമ്പോൾ മാത്രം പ്രണയം ഉണ്ടെന്നറിയുന്നവരും അല്ലാതെ അറിയുന്നവരും ധാരാളമുണ്ട്. പ്രണയം പ്രായത്തിന്റെ കുഴപ്പമാണ് എന്നു പറഞ്ഞിരുന്ന കാലമെല്ലാം പോയി. ആർക്കും എപ്പോൾ വേണമെങ്കിലും പ്രണയിക്കാമെന്ന കാലം വന്നിരിക്കുകയാണ് പ്രണയിക്കുന്നവരോട് നമുക്ക് ചെയ്യാനുള്ളതെന്താണ് എന്നാലോചിക്കേണ്ട സമയം വന്നിരിക്കുന്നു. എല്ലാം തികഞ്ഞ പ്രണയങ്ങളെ അംഗീകരിക്കുകയും നമ്മുടെ പ്രതീക്ഷക്കൊത്തുയരാത്ത പ്രണയങ്ങളെ നിരാകരിക്കുകയും ചെയ്യുകയാണോ നം ചെയ്യേണ്ടത്? അതോ ഏതു പ്രണയത്തേയും അംഗീകരിച്ച് ജീവിക്കാൻ പറഞ്ഞയയ്ക്കുകയാണോ ചെയ്യേണ്ടത്? ആലോചിക്കണം, ആലോചിക്കേണ്ട സമയമായിരിക്കുന്നു. കാരണം പ്രണയം മൂലം ജീവിതം പോയവരും ജീവൻ പോയവരും ഏറെയുണ്ട്. എല്ലാവർക്കും ജീവിക്കാനുള്ള അവസരമൊരുക്കുക എന്നതാണു നമ്മുടെ കടമ.



# കവി

പ്രിയ കെ.
നഴ്സിംഗ് വിദ്യാർത്ഥിനി,
എറണാകുളം



ഒറ്റക്കിരിക്കുന്നവളെ ഭയക്കണം.
നിങ്ങൾ തുറിച്ചുനോക്കി
അടക്കം പറഞ്ഞപ്പോഴൊക്കെ
നിശബ്ദമായി വാക്കുകളെ
കീറിമുറിച്ചവളാണവൾ.
നിങ്ങൾ ചിരിച്ച് വശത്താക്കിയ
വിഷം തുപ്പുന്ന ഭംഗികളോടൊക്കെ
ഒരു തീക്ഷണനോട്ടം കൊണ്ട്
ഏറ്റുമുട്ടിയവളാണവൾ.
നിങ്ങൾ കൈകളിൽ വളകളണിഞ്ഞപ്പോൾ
തൂലികയെ ചേർത്തുപിടിച്ചവളാണവൾ.
ഇരുട്ടിന്റെ കറുത്തകരങ്ങളെ
തച്ചുടച്ചവളാണവൾ.
ആകാശക്കടലാസിൽ
വെറിപിടിച്ച അക്ഷരങ്ങളെ
കോറിയിട്ടവളാണവൾ..
അതെ...കവിയാണവൾ!
ഉപ്പുരസമുള്ള കവിതകളുടെ
സഖിയാണവൾ..!

വര : ഷസിയ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# താരയുടെ ജ്ഞാനസ്നാനം

ഇതിനകം ധാരാളം വായനക്കാർ അനിത ശ്രീജിത്ത് എഴുതിയ കറന്റ് ബുക്ക്സ് പ്രസിദ്ധീകരിച്ച പെൺസുന്നത്ത് എന്ന നോവലിനെ ഹൃദയപൂർവം സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു എന്നത് നവമാധ്യമങ്ങൾ ഒരുക്കിത്തരുന്ന ചില സൗഭാഗ്യങ്ങളാണ്. അനിത എന്റെ ഫേസ്ബുക് സുഹൃത്ത് അല്ലാത്തതുകൊണ്ട് തന്നെ ഞാൻ മുഖപുസ്തക പോസ്റ്റുകളായിട്ടല്ല പെൺസുന്നത്ത് എന്ന കൃതിയെ വായിക്കുന്നത്. അധികാരത്തിന്റെ ഓരങ്ങളിൽ ജീവിക്കുന്നവരുടെ അനുഭവങ്ങളും, ഭാഷയും, ആവിഷ്കാരങ്ങളും തമ്മിലുള്ള ബന്ധങ്ങളെ ഏറെ ജിജ്ഞാസയോടെ പിന്തുടരുന്ന ഒരു വായനക്കാരി എന്ന നിലയിൽ പുസ്തകത്തിന്റെ ശീർഷകം എന്നിൽ ചെറിയൊരു സന്ദേഹമാണ് ആദ്യം ഉളവാക്കിയത്.ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ തുടക്ക കാലങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ചേലാകർമ്മത്തെ കുറിച്ചുള്ള നോവലിന് എത്രത്തോളം ഒരു പുതിയ വായനാനുഭവം സൃഷ്ടിക്കാൻ കഴിയും എന്ന സന്ദേഹം. അതിനൊപ്പം തന്നെ ദശകങ്ങൾക്ക് മുൻപ് ഇന്ഗ്ലീഷിൽ രചിക്കപ്പെട്ട മറ്റൊരു ലേഖനവും ഓർമ്മയിലേക്കു കയറി വന്നു. പ്രഗത്ഭ കവിയും ചിന്തകയുമായ അഡ്രിയെൻ റി ച്ചിന്റെ Compulsory Heterosexuality And Lesbian Existence എന്ന ചരിത്രപ്രധാനമായ ലേഖനം.പുരുഷന്റെ ലൈംഗിക ആനന്ദത്തിനായി മാത്രം പെൺശരീരങ്ങളെ വെട്ടിയൊരുക്കുന്ന എത്രയോ നൂറ്റാണ്ടുകളായി തുടരുന്ന ആണധികാര പ്രയോഗങ്ങളെ വിശകലനം ചെയ്യുന്ന ആദ്യ പഠനങ്ങളിലൊന്നായിരുന്നു അത്.







അനിത ശ്രീജിത്ത്

പക്ഷെ എന്റെ ആശങ്കകളെ ദൂരീകരിച്ചുകൊണ്ടു , ഇന്നും ഞാൻ എന്റെ ക്ലാസിൽ ചർച്ച ചെയ്യുന്ന അഡ്രിയാൻ റി ച്ചിന്റെ ലേഖനത്തിന്റെ വാദഗതിയെ കരുത്തോടെ ആവിഷ്കരിക്കുന്ന രചനയായിട്ടാണ് പെൺസുന്നത്തു ഞാൻ വായിച്ചു തീർത്തത്.

ചേലാകർമ്മം എന്ന ആചാരത്തിന്റെ സ്ത്രീവിരുദ്ധതയും,ഹിംസാതമകതയും അത് അടിച്ചേൽപ്പിക്കപ്പെടുന്ന കൊച്ചു പെൺകുഞ്ഞുങ്ങളുടെ ശരീരവും മനസ്സും അനുഭവിക്കുന്ന വേദനയും യാതനയും ഇത്രയും മൂർച്ചയോടെ, ആർദ്രതയോടെ,ഭാവനാവൈഭവത്തോടെ ആരെങ്കിലും മലയാളത്തിൽ എഴുതപ്പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. നോവലിന്റെ അവതാരിക അതിന്റെ വൈകാരിക സന്ദർഭത്തെ സത്യസന്ധമായി നമുക്ക് മുന്നിലെത്തിക്കുന്നു. 2015 ൽ താൻ അറിയാൻ ഇടയായ female genital mutilation എന്ന പല രാജ്യങ്ങളിലും നടക്കുന്ന ആചാരത്തെ കുറിച്ചുള്ള കൗതുകവും തുടർന്നുള്ള ഞെട്ടിക്കുന്ന അതിന്റെ പ്രയോഗങ്ങളും ആഘാതങ്ങളുമാണ് ഇങ്ങിനെയൊരു നോവൽ എഴുതാൻ തന്നെ പ്രേരിപ്പിച്ചതെന്ന് അനിത വെളിപ്പെടുത്തുന്നു.പല ആഫ്രിക്കൻ ഗോത്രസമുദായങ്ങളിലും മിഡിൽ ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളിലും ഈ ആചാരം ഒരു വിഘ്നവുമില്ലാതെ തുടരുന്നു എന്ന നടുക്കം , അതിലെ അവകാശ ലംഘനത്തിന്റെ തീവ്രത,എഴുത്തുകാരിയുടെ ഉള്ളിൽ അതുയർത്തിയ കടുത്ത അമർഷവും നീതിബോധവും ചേർന്ന് ഈ പുസ്തക വായനയെ ഒട്ടും ലളിതമല്ലാത്ത ഒരു വൈ

കാരിക അനുഭവമാക്കി മാറ്റുന്നു.

ആഫ്രിക്കയിൽ തന്റെ ഭർത്താവിന്റെ കൂടെ യാത്ര ചെയ്യാൻ ഇറങ്ങി തിരിച്ച സുന്ദരിയായ യുവതിയുടെ തിക്താനുഭവങ്ങളിലൂടെയാണ് ഈ കഥ ചുരുളഴിയുന്നത് . താരയും ജിത്തുവും---രണ്ടു യുവമിഥുനങ്ങൾ. പ്രണയവും നാട്കാണലും ഒരുമിച്ചു കൊണ്ടുപോകാൻ തീരുമാനിച്ച ഇവർ ഒരു വംശീയ കലാപത്തിൽ പെട്ട് പോകുന്നതിലൂടെയാണ് കഥ ആരംഭിക്കുന്നത്. വോൾ സോയിങ്കയുടെ രചനകളിലൂടെയൊക്കെ നമുക്ക് സുപരിചിതമായ യൊറൂബഗോത്രത്തെയും അതിന്റെ ഉപഗോത്രങ്ങളെയും നമ്മൾ ഇവിടെ വീണ്ടും കണ്ടെത്തുന്നു. പഴയ മൗ മൗ കലാപത്തിന്റെ തുടർച്ചയായി ഒടുവിൽ നമ്മൾ അറിയുന്ന ഈ കലാപത്തിൽ അന്യദേശക്കാരായ ഉല്ലാസയാത്രക്കാരും രക്ഷപ്പെടുന്നില്ല.അതിന്റെ ഭാഗമായാണ് ഒരു ഗോത്രത്തിലെ യോദ്ധാക്കൾ താരയെ തട്ടിക്കൊണ്ടു പോകുന്നതും അവളെ അടിമയാക്കുന്നതും ഗോത്രത്തലവനുമായി നിർബന്ധപൂർവം വിവാഹംകഴിപ്പിക്കുന്നതുമെല്ലാം.തികച്ചും അപരിചിതമായ ദേശം,ഭൂപ്രകൃതി,സമൂഹം ; വെറുപ്പിക്കുന്ന നടുക്കുന്ന കാഴ്ചകൾ ; തന്റെ ശരീരവും മനസ്സും ആവർത്തിച്ചു പേറേണ്ടി വരുന്ന അപമാനങ്ങൾ,ബലാത്സംഗങ്ങൾ; മനം മടുപ്പിക്കുന്ന ഗന്ധങ്ങൾ ;സ്വന്തം നാടിന്റെയും ആളുകളുടെയും തളർത്തുന്ന ഓർമ്മകൾ ----അതിനിടയിലും ജീവിക്കാനും, ചെറുക്കാനും, പ്രതിരോധിക്കാനും വീറും വാശിയും കൈവിടാത്ത ഒരു പെണ്മനസ്സിന്റെ കഥയാണ് താരയുടേത്.അതിനൊപ്പം ആ ഗോത്രത്തിലെ അകയോ എന്ന പെണ്കുട്ടിയുമായുള്ള താരയുടെ സൗഹൃദവും അടുപ്പവും ഏതു കൂരിരുട്ടിലും വീഴുന്ന പ്രകാശത്തിന്റെ തുണ്ടുകഷ്ണമായി ,ഒരു ആശ്വാസമായി ,സ്നേഹചൈതന്യമായി നമുക്കുള്ളിൽ പ്രതീക്ഷ കൊളുത്തുന്നു.



ഒരു ചിത്രകാരി എഴുതുന്ന നോവലായതു കൊണ്ടാകണം വിവരണങ്ങൾ ദൃശ്യസമ്പന്നമാകുന്നത്.ഒരു സാങ്കൽപ്പിക ഭൂപ്രദേശത്തെ സൃഷ്ടിച്ച് , ആഖ്യാനത്തിനു അനുയോജ്യമായ രീതിയിൽ അതിന്റെ പ്രകൃതിവിഭവങ്ങൾ മിഴിവോടെ വർണ്ണിക്കുവാൻ അനിതക്ക് കഴിയുന്നുണ്ട്.തിക്തമായ അനുഭവങ്ങൾക്ക് കാഠിന്യം പകർന്ന അനിതയുടെ വരകളും കൂട്ടിരിക്കുന്നു അതെ, അനിത തന്നെ കൃത്യമായി പറയുന്ന പോലെ "എന്റെ കൈയ്യിൽ രണ്ടു ആയുധങ്ങളുണ്ട്.ഒന്ന് വര, രണ്ടു എഴുത്ത് ." വരയെക്കാൾ താൻ ഊന്നൽ കൊടുത്തത് എഴുത്തിനാണ് എന്ന് അനിത പറയുന്നുണ്ടെങ്കിലും വരകളിലെ തീക്ഷ്ണത നമ്മളെ വായനക്ക് ശേഷവും മഥിച്ചുകൊണ്ടിരിക്കും. ബ്ലാക് ആൻഡ് വൈറ്റിലും ആ വരകളിൽ ഞാൻ എന്ത്കൊണ്ടാണ് കടുത്ത വർണ്ണങ്ങൾ കണ്ടത് എന്ന് എന്നെ അത്ഭുതപ്പെടുത്തി. എഴുത്തിലെ തീവ്രതയും അഗാധമായ ദുഖവും, ക്രോധവും, അനുകമ്പയുമായിരിക്കണം എന്ന് ഞാൻ സ്വയം വിശദീകരിക്കുന്നു.ചില വിശുദ്ധ അനുഷ്ഠാനങ്ങളുടെ ഉച്ചാടനശക്തി ഈ വരകളിൽ തുടിക്കുന്നുണ്ടോ എന്ന് തോന്നിപോയിരുന്നു. സ്ത്രീകളെ ചൂഴ്ന്നുനിൽകുന്ന ദുഷ്ടതയുടെ ഉച്ചാടനം! വരയും എഴുത്തും ചേർന്നൊരുക്കുന്ന സവിശേഷമായ ആസ്വാദനാനുഭവം, ഈ കൃതിക്കു ഒരു ഗ്രാഫിക് നോവലിന്റെ സാധ്യത നൽകുന്നുണ്ട്.

സഹനത്തിന്റെയും, അതിജീവനത്തിന്റെയും, സ്ത്രീസഹോദര്യത്തിന്റെയും നൂലുകൾ കൊണ്ട് കൊരുത്തെടുത്തിരിക്കുന്ന കഥയിൽ ഉദ്വേഗഭരിതമായ ആഖ്യാന പാടവം കാണാം.ഭാഷയിൽ പാടിപ്പതിഞ്ഞ മുഷിപ്പുകൾ ഇല്ല.നവ്യമായ ഉന്മേഷങ്ങളും,ആവേഗങ്ങളും ഒരു പുതിയ നോവൽ രചയിതാവിന്റെ പിറവി അറിയിക്കുന്നുണ്ട്.ആനന്ദിന്റെ പിന്കുറിപ്പിൽ വാസ്തവം ഫിക്ഷനെക്കാൾ അസാധാരണമാണ് എന്ന് പറയുന്നുണ്ട്.എന്നാൽ വാസ്തവങ്ങളെ കഥയാക്കുവാൻ അനിത അവലംബിച്ച സങ്കേതങ്ങളും ആഖ്യാന തന്ത്രങ്ങളുമാ

ണ് എനിക്ക് കൗതുകകരമായി തോന്നിയത്. "ഞാനെഴുതിയ ഗോത്രാനുഭവങ്ങളിൽ 80% ആഫ്രിക്കൻ , ഏഷ്യൻ വിശ്വാസങ്ങളുടെ പകർപ്പുകളാണ് .20 % എന്റെ ഭാവനയാണ്. -വനസ്ഥലികളും ഏകാന്തതയും ജനങ്ങളുടെ സ്വഭാവ വൈചിത്ര്യവും എന്റെ ഭാവന മാത്രമാണ് ' എന്ന് അനിത ഊട്ടിയുറപ്പിക്കുന്നുണ്ട്. ആ ഭാവന തന്നെയാണ്, അതിൽ വിടരുന്ന നൂതനമായ ഭാഷ തന്നെയാണ് ഈ കൃതിയെ വ്യത്യസ്തമാക്കുന്നതും.



വായിച്ചു കൊണ്ടിരിക്കുമ്പോൾ ഗോത്ര സമൂഹങ്ങളെ യാഥാസ്ഥിതികമായും, ആധുനിക സമൂഹങ്ങളെ പുരോഗമനപരമായും ചിത്രീയ്കരിക്കാനുള്ള ഒരു പ്രവണതയുണ്ടോ എന്ന് ന്യായമായും തോന്നാവുന്ന സംശയം ദൂരീകരിക്കാൻ പുസ്തകം ശ്രമിക്കുന്നുണ്ട് .കാരണം ഗോത്രസമൂഹങ്ങളെ അതിശയിപ്പിക്കുന്ന രീതികളിലാണല്ലോ പരിഷ്ക്കൃത സമൂഹങ്ങൾ സ്ത്രീകളെയും പെണ്കുഞ്ഞുങ്ങളെയും വേട്ടയാടിക്കൊണ്ടിരിക്കുന്നത്. വാളയാറിലെ മുറിവുകൾ ഉണങ്ങാത്ത കേരളത്തിലിരുന്നു വായിക്കുമ്പോൾ അത് മറക്കാനാവില്ല. മയക്കുമരുന്നിന് അടിമയാക്കപ്പെട്ട കൗമാരം വിടാത്ത പെൺകുട്ടി രാത്രികാലങ്ങളിൽ ഡ്രഗ് ദാതാക്കൾക്കു രഹസ്യമായി വാതിൽ തുറന്നു കൊടുക്കാൻ നിർബന്ധിതയായതും, വീട്ടുകാർ ഉറങ്ങിക്കിടക്കുമ്പോൾ തുടർച്ചയായി ബലാത്സംഗം ചെയ്യപ്പെട്ട വാർത്തകളും മലയാള പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ട് അധിക ദിവസമായില്ല.അതുകൊണ്ടു തന്നെ സോമാലിയ അങ്ങകലെയുള്ള ഒരു കാടൻപ്രദേശമായി ആശ്വസിക്കാൻ ആവില്ല. ആ ബോധ്യം താരയുടെ ഉയിർത്തെഴുന്നേൽപ്പിൽ ശക്തമായി സ്ഫുരിക്കുന്നുണ്ട് എന്നതാണ് നോവലിലെ ലിംഗരാഷ്ട്രീയ കാഴ്ചപ്പാടിനെ സങ്കീർണമാക്കുന്നത് .ആണ്കോയ്മക്കെതിരെ ഒരു കലാപമായി മുന്നോട്ടുവെക്കുന്ന ഈ നോവലിന്റെ അന്തര്ധാരയായി ഒരു പ്രണയ നദി ഒഴുകുന്നുണ്ട് എന്നത് കഥയെ സൂക്ഷ്മമായ മാനസിക വ്യാപാരങ്ങളിലേക്കും ഉടലിന്റെ അനന്തമായ ആഴങ്ങളിലേക്കും കൊണ്ടുപോകുന്നുണ്ട്.പീഡനങ്ങളും,ക്രൂരതയും,വരണ്ട മൗനങ്ങളും ,ഭയവും,നിസ്സഹായതയും ,സ്നേഹവും നിറഞ്ഞ ഈ പുസ്തകം ഒരു സ്ത്രീയുടെ ബോധോദയത്തെ അടയാളപ്പെടുത്തുകയാണ് .താരയുടെ ജ്ഞാനസ്നാനമാണ് ഇവിടെ നടക്കുന്നത് . തന്റെ ചെറിയ സംതൃപ്തികളിൽ സുഖിച്ചു ഒതുങ്ങി കഴിഞ്ഞിരുന്ന താര എടുത്തെറിയപ്പെട്ട ഒട്ടും സരളമല്ലാത്ത കുല്സിതവൃത്തികൾ നിറഞ്ഞ, പുരുഷപ്രധാനമായ ലോകം.താരയുടെ കീറിമുറിക്കപ്പെട്ട ശരീരത്തിലൂടെ സുപ്തമായ ഒരുപാട് മനസ്സുകൾ ഉണരേണ്ടതാണ്.താരയുടെ സഹനങ്ങളിലൂടെ അവൾ രാഷ്ട്രീയവത്കരിക്കപ്പെടുകയാണ്. ആ പ്രക്രിയ അവളെ ഒരു ഫെമിനിസ്റ്റ് പ്രതീകമാക്കി മാറ്റുമ്പോഴും അവൾ ആഗ്രഹിക്കുന്നത് ഫെമിനിസം ആവശ്യമില്ലാത്ത ഒരു ലോകത്തിന്റെ ഉദയത്തിനു വേണ്ടിയാണ്.ഫെമിനിസം അപ്രസക്തമാകുന്ന ഒരു സാമൂഹ്യ ക്രമത്തെ വിഭാവനം ചെയ്യുന്ന ഒരു സ്ത്രീയുടെ രചനയാണിത്.അനിതയുടെ വാക്കുകൾ തന്നെ അത് പറയട്ടെ:

"മത്സരമല്ലല്ലോ ജീവിതം?വംശീയമായ അടിച്ചമർത്തലിനെതിരെ,സാമൂഹികമായ മൂടിവെക്കലിനെതിരെ,പുരുഷാധിപത്യത്തിനെതിരെ സംസാരിക്കുവാൻ ഓരോ സ്ത്രീയും കെല്പുള്ളവർ ആകണം

എന്നതാണ് എന്റെ ആഗ്രഹം.ഒരു നാൾ ഇപ്പറഞ്ഞതെല്ലാം ഉൾകൊള്ളുന്ന സ്ത്രീയും പുരുഷനും കൈകോർത്തു പിടിക്കുന്ന ഒരു സുന്ദര ഭൂമിയാണ് എന്റെ സ്വപ്നം".



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# പെർസിവിയറൻസ് ദൗത്യത്തിൽ അഭിമാനമായി സ്വാതി മോഹൻ



ഭീതിയുടെ ഏഴു മിനിട്ടുകൾ- നാസയുടെ ചൊവ്വാ പര്യവേക്ഷണ പേടകമായ പെർസിവിയറൻസിന്റെ ഗ്രഹോപരിതലത്തിലേക്കുള്ള ലാൻഡിങ്ങിനെ ശാസ്ത്രജ്ഞർ അങ്ങനെയാണ് വിശേഷിപ്പിച്ചത്. ഈ ഫെബ്രുവരി 18 ന് പെർസിവിയറൻസ് ചുവന്ന ഗ്രഹത്തിലെ ജെസീറോ ക്രേറ്റർ പ്രദേശത്ത് വിജയകരമായി ലാൻഡ് ചെയ്ത വാർത്തയ്ക്കൊപ്പം ഒരു ഇന്ത്യൻ വംശജയെയും ലോകം ശ്രദ്ധിച്ചു. ഡോ.സ്വാതി മോഹൻ ആണ് പെർസിവിയറൻസ് ദൗത്യത്തിൽ സുപ്രധാന പങ്കു വഹിച്ച ആ വനിത. ബഹിരാകാശ ഗവേഷണരംഗമോ? അതിലൊക്കെ സ്ത്രീകൾക്കുണ്ടോ ശോഭിക്കാനാവുന്നു? തുടങ്ങിയ പതിവു പല്ലവികൾക്കുള്ള ചുട്ട മറുപടി തന്നെയാണ് സ്വാതിയുടെ വിസ്മയ നേട്ടം. റോവറിനെ വഹിക്കുന്ന സ്പേസ്ക്രാഫ്റ്റിന്റെ ഓറിയന്റേഷൻ ചൊവ്വയിലേക്കുള്ള യാത്രക്കിടയിലും ഉപരിതലത്തിലേക്കുള്ള ലാൻഡിങ്ങിനിടെയും കൃത്യമാണെന്ന് ഉറപ്പുവരുത്തുന്ന സങ്കീർണ്ണമായ ജോലിയാണ് സ്വാതി വിജയകരമായി പൂർത്തിയാക്കിയത്. പെർസിവിയറൻസ് ലാൻഡിങ്ങിന്റെ വിജയ വാർത്ത ലോകം ശ്രവിച്ചതും സ്വാതിയുടെ ശബ്ദത്തിലൂടെ തന്നെ.

കർണാടകയിലെ ബംഗളൂരുവിലാണ് സ്വാതിയു

ടെ ജനനം. ഒരു വയസ്സുള്ളപ്പോൾ എഞ്ചിനീയർമാരായ മാതാപിതാക്കൾക്കൊപ്പമാണ് സ്വാതി യു.എസ്സിലെത്തിയത്. കുട്ടിക്കാലത്തു തന്നെ സ്റ്റാർട്രെക്ക് പരമ്പരകളിൽ ആകൃഷ്ടയായ സ്വാതിയുടെ മനസ്സിൽ നക്ഷത്രങ്ങളും ഗ്രഹങ്ങളും ബഹിരാകാശത്തിന്റെ അപാരതയുമൊക്കെ വിസ്മയമായി വളരാൻ തുടങ്ങി. ഒരു ശിശുരോഗവിദഗ്ധയാവാനാണ് ആഗ്രഹമെന്ന് ആദ്യമൊക്കെ പറയുമായിരുന്നെങ്കിലും തന്റെ മേഖല ബഹിരാകാശ ഗവേഷണമാണെന്നു തിരിച്ചറിഞ്ഞ സ്വാതി പിന്നീട് അതിലേക്ക് തിരിയുകയായിരുന്നു. അങ്ങനെ കോർണെൽ സർവ്വകലാശാലയിൽ മെക്കാനിക്കൽ ആന്റ് എയ്റോസ്പേസ് എഞ്ചിനീയറിങ് പഠിക്കാൻ ചേർന്നു. പിഎച്ച്ഡി നേടിയതാവട്ടെ മസ്സാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും. ഓർബിറ്റ് ഓപ്പറേഷൻസ് ആയിരുന്നു ഒരു പ്രധാന ഗവേഷണ മേഖല.

നാസയുടെ ശനി പര്യവേക്ഷണദൗത്യമായ കസ്സീനി ദൗത്യത്തിലും ചാന്ദ്രദൗത്യമായ ഗ്രെയിലിലും പങ്കാളിയായിരുന്നു സ്വാതി. ചുരുങ്ങിയ കാലം കൊണ്ടുതന്നെ തന്റെ കഴിവു തെളിയിച്ച സ്വാതിക്ക് 2013-ൽ മാർസ്-2020 എന്ന പെർസിവിയറൻസ് ദൗത്യ ടീമിൽ സുപ്രധാന ചുമതല തന്നെയാണ് ലഭിച്ചത്. മുൻ ദൗത്യങ്ങളിൽ നിന്നുള്ള അനുഭവ പാഠങ്ങളും കഠിനാധ്വാനവും ആത്മവിശ്വാസവും കൈമുതലാക്കി സ്വാതി കൈയെത്തിപ്പിടിച്ചതാവട്ടെ വിസ്മയ നേട്ടവും. പെർസിവിയറൻസിന്റെ ഗൈഡൻസ്, നാവിഗേഷൻ ആന്റ് കൺട്രോൾ വിഭാഗത്തിനു നേതൃത്വം വഹിച്ചത് സ്വാതി മോഹനാണ്. ഗൈഡൻസ്, നാവിഗേഷൻ ആന്റ് കൺട്രോൾ എന്നത് ഒരു ബഹിരാകാശ പേടകത്തെ സംബന്ധിച്ച് അതിന്റെ കണ്ണുകളും കാതുകളും പോലെയാണെന്ന് സ്വാതി പറയുന്നു. സ്വാതിയുടെ നേതൃത്വത്തിലുള്ള എഞ്ചിനീയർമാർ വികസിപ്പിച്ചെടുത്ത ആറ്റിറ്റ്യൂഡ് കൺട്രോൾ സിസ്റ്റം ടെറെയ്ൻ റിലേറ്റീവ് നാവിഗേഷൻ എന്ന സാങ്കേതിക വിദ്യയാണ് പെർസിവിയറൻസ് റോവറിനെ കൃത്യമായി ചൊവ്വയിലിറക്കാൻ സഹായിച്ചത്.

ചൊവ്വയുടെ പരിണാമ രഹസ്യങ്ങൾ ചുരുൾ നിവർത്തുക, അവിടെ ഏതെങ്കിലും തരത്തിലുള്ള ജീവന്റെ തുടിപ്പുകൾ ഉണ്ടോ? അല്ലെങ്കിൽ ഏതെങ്കിലും കാലത്ത് ജീവൻ ഉണ്ടായിരുന്നോ തുടങ്ങി ലോകം ആകാംക്ഷയോടെ കാത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക എന്നിവയൊക്കെ പെർസിവിയറൻസ് ദൗത്യത്തിന്റെ ലക്ഷ്യങ്ങളാണ്. ചൊവ്വയുടെ അന്തരീക്ഷം അവിടുത്തെ മണ്ണ്, ഉപരിതലം, പാറകൾ എന്നിവയെക്കുറിച്ചൊക്കെയുള്ള രഹസ്യങ്ങൾ മനുഷ്യനെയും വഹിച്ചുകൊണ്ടുള്ള ചൊവ്വാദൗത്യങ്ങൾക്ക് ഏറെ സഹായകമാകും എന്നു തീർച്ച. ഈ സുപ്രധാന ദൗത്യത്തിൽ മുൻ നിരയിൽത്തന്നെ പ്രവർത്തിച്ച് വിസ്മയ നേട്ടം കൈവരിച്ചാണ് സ്വാതി മോഹൻ ചരിത്രം കുറിച്ചത്. വിവാഹിതയായപ്പോഴും രണ്ടു പെൺകുട്ടികളുടെ അമ്മയായപ്പോഴും തന്റെ ഗവേഷണ താല്പര്യം സ്വാതി കൈവിട്ടില്ല. വ്യക്തിജീവിതത്തിലെ തിരക്കുകളുടെ പേരിൽ തന്റെ ബഹിരാകാശ സ്വപ്നങ്ങളെ ഉപേക്ഷിച്ചതുമില്ല. ബഹിരാകാശ ഗവേഷണരംഗത്തേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾക്കും ഗവേഷണരംഗത്തുള്ള വനിതകൾക്കും തീർച്ചയായും വലിയൊരു പ്രചോദനമാണ് ഡോ.സ്വാതി മോഹൻ.



ഫോട്ടോഫീച്ചർ

# വൈകാരിക ഹിംസയെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ

